

ജനകീയാസൂത്രണം



സമഗ്ര വികസന രേഖ

റാന്നി ഗ്രാമ പഞ്ചായത്ത്

30 - 2




റാന്നി ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം

സമഗ്ര വികസന രേഖ

ഒൻപതാം പദ്ധതി


റാന്നി
ഗ്രാമപഞ്ചായത്ത്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി



റാന്നി ഗ്രാമപഞ്ചായത്ത്

ഫോൺ - 517678


വികസന സെമിനാർ

1997 ജനുവരി 10

റാന്നി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ

റാന്നി ഗ്രാമ പഞ്ചായത്ത്

ഭൂപടം *



* സ്കെയിലിനു വിധേയമല്ല


റാന്നി ഗ്രാമപഞ്ചായത്ത്
ഭരണസമിതി




ലില്ലിക്കുട്ടി ശാമുവേൽ
പ്രസിഡൻറ്



മറിയാമ്മ ജോസഫ്
വൈസ് പ്രസിഡൻറ്



ജോയി പാണ്ടിപ്പുറം
ചെയർമാൻ - സ്റ്റാൻഡിംഗ് കമ്മറ്റി




കെ.എസ് സജുകുമാർ
മെമ്പർ




മറിയാമ്മ ജോസഫ്
മെമ്പർ



എ.പി.ജോൺ
മെമ്പർ



റ്റി.ജി. മോഹനൻ പിള്ള
മെമ്പർ



ആനന്ദൻ പി.കെ.
മെമ്പർ

Bapu gave us a NEW India



"എന്റെ ജീവിതമാണ്
എന്റെ സന്ദേശം"

M K Gandhi



സന്ദേശം

RAJU ABRAHAM
(RANNI)
MEMBER
KERALA LEGISLATIVE ASSEMBLY
KANDANATTU, ANGADI P.O.
RANNI

PHONE: RANN: 517077 (OFFICE)
515090 (RES)

CAMP .....
DATE .....

പ്രിയപ്പെട്ട റാന്നി ഗ്രാമപഞ്ചായത്തു പ്രസിഡൻറിന്,

ഭാരതത്തിൻെറ സാമ്പത്തിക ചരിത്രത്തിലാദ്യമായി ദിശാമാറ്റം ചെയ്യപ്പെട്ട ഒരു സാമ്പത്തിക ആസൂത്രണത്തിനു കേരള സംസ്ഥാനം ഒരുങ്ങുകയാണ്. ആസൂത്രണത്തിലും, വികസനപ്രവർത്തനത്തിലും തുല്യ പങ്കാളിത്തം, ജാതി മതാദിഭിന്നത കൾക്കതീതമായി ഉറപ്പുവരുത്തുവാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിനു കഴിയും എന്നു ഞാൻ വിശ്വസിക്കുന്നു. ഈ ലക്ഷ്യം മുൻനിർത്തിയാണ് ഒൻപതാം പദ്ധതിയെ ജനകീയാസൂത്രണ പദ്ധതിയായി ബഹുമാനപ്പെട്ട കേരള സർക്കാർ പ്രഖ്യാപിച്ചത്.

ഇതിൻെറ ഗൗരവവും, പ്രാധാന്യവും മനസ്സിലാക്കി പ്രവർത്തിച്ച റാന്നി പഞ്ചായത്ത് കമ്മറ്റിയേയും, വികസനരേഖ തയ്യാറാക്കാൻ അഹോരാത്രം പ്രവർത്തിച്ച മുഴുവൻ ആളുകളേയും ഞാൻ അഭിനന്ദിക്കുന്നു. ഈ സംരംഭത്തിനു എൻെറ എല്ലാവിധ ആശംസകളും നേരുന്നു.

എന്ന്

സ്നേഹാഭിവാദനങ്ങളോടെ,

രാജു ഏബ്രഹാം എം.എൽ.എ.

എഡിറ്റോറിയൽ ബോർഡ്



ഇരിക്കുന്നവർ ഇടത്തുനിന്നും - പ്രൊഫ. പി.പി. രാജശേഖരൻ പിള്ള, മറിയാമ്മ ജോസഫ്, പ്രൊഫ. വറുഗീസ് പടിയറ, പ്രൊഫ. ഏബ്രഹാം വയലാ, ലില്ലിക്കുട്ടി ശാമുവേൽ, പി. ശിവരാമപിള്ള, പി.റ്റി. ജോസഫ്, എ.പി. ജോൺ, വി.കെ. രാജഗോപാൽ.

നിൽക്കുന്നവർ ഇടത്തുനിന്നും - തമ്പി എം.എസ്, മറിയാമ്മ ജോസഫ്, വി.എൻ. രാമചന്ദ്രൻ, മോഹനൻ പിള്ള റ്റി.ജി, സജുകുമാർ കെ.എസ്, വി.ആർ വിശ്വനാഥൻ നായർ, സി.കെ. നാണു, ആനന്ദൻ പി.കെ.

Design & Layout Face to Face Communications, Ranny

Typesetting The Publisher DTP, Ranny

ഉള്ളടക്കം

1. ആമുഖം 11

2. പഞ്ചായത്ത് പൊതുവിവരണം 10

3. സാമൂഹിക സാംസ്ക്കാരിക ചരിത്രം 13

4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി 19

5. സാമൂഹിക സാമ്പത്തിക മേഖലകൾ
   - കൃഷിയും ജലസേചനവും 21
   - മൃഗ സംരക്ഷണം 25
   - വ്യവസായം 29
   - വിദ്യാഭ്യാസം 33
   - കുടിവെള്ളവും പൊതുജനാരോഗ്യവും..... 39
   - ഗതാഗതം, ഊർജ്ജം, മാർക്കറ്റ്..... 43
   - പാർപ്പിടം, സാമൂഹ്യ ക്ഷേമം 61
   - സംസ്കാരം 67
   - വനിതാക്ഷേമം..... 71
   - സഹകരണം..... 75
   - പട്ടിക ജാതി / പട്ടിക വർഗ്ഗ ക്ഷേമം 83
   - വിഭവ സമാഹരണം 89

6. എഡിറ്ററുടെ പേജ് 95

7. ഉപസംഹാരം 97

റാന്നി ഗ്രാമ പഞ്ചായത്ത്

പൊതുവിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	റാന്നി
ഉൾപ്പെടുന്ന വില്ലേജുകൾ	റാന്നി, മൈലപ്ര.
ബ്ലോക്ക് പഞ്ചായത്ത്	റാന്നി
താലൂക്ക്	റാന്നി
അസംബ്ലി മണ്ഡലം	റാന്നി
ലോക്സഭാ മണ്ഡലം	ഇടുക്കി
വിസ്തീർണ്ണം	15.64 ച.കി.മി.
വാർഡ്	8

അതിരുകൾ

വടക്ക്	പമ്പാനദി
കിഴക്ക്	വടശ്ശേരിക്കര പഞ്ചായത്ത്
തെക്ക്	മൈലപ്ര പഞ്ചായത്ത്
പടിഞ്ഞാറ്	ചെറുകോൽ പഞ്ചായത്ത്.

ഗ്രേഡ്	ഫസ്റ്റ് ഗ്രേഡ് പഞ്ചായത്ത്
ജനസംഖ്യ	14192
പുരുഷൻ	6926
സ്ത്രീകൾ	7260
ജനസാന്ദ്രത	907 / ച്ി.കി.മി
അക്ഷരാഭ്യാസമുള്ളവർ	14000
വാർഡുകൾ	8
പ്രസിഡൻറിന്റെ പേര്	ലില്ലിക്കുട്ടി ശാമുവേൽ
വൈസ് പ്രസിഡൻറിന്റെ പേര്	മറിയാമ്മ ജോസഫ്
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ	ജോയി പാണ്ടിപ്പുറം.

ആമുഖം

ആയിരത്തി തൊള്ളായിരത്തി നാൽപ്പത്തിയേഴ് ആഗസ്റ്റ് 15 ന് സ്വതന്ത്ര ഇന്ത്യ നിലവിൽ വന്നു. വിവിധ മേഖലകളിലെ ദേശീയ വികസനം ലക്ഷ്യമാക്കി രൂപം കൊണ്ടവയാണ് നമ്മുടെ പഞ്ചവൽസര പദ്ധതികൾ. ഒൻപതാം പഞ്ചവൽസര പദ്ധതി 1997 ഏപ്രിൽ ഒന്നാം തീയതി മുതൽ ആരംഭിക്കുകയാണ്. കഴിഞ്ഞ പഞ്ചവൽസര പദ്ധതികൾകൊണ്ട് എല്ലാ മേഖലകളിലും പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വികസനം കേന്ദ്രീകൃതവും ഉദ്യോഗസ്ഥ മേധാവിത്തപരവുമായിരുന്നു. ജനകീയ പങ്കാളിത്തം ഇല്ലാത്ത പദ്ധതി നടത്തിപ്പു മൂലം ലക്ഷ്യങ്ങൾ നേടുന്നതിൽ പരാജയങ്ങൾ ഉണ്ടായിട്ടുണ്ട്.

ആസൂത്രണം, നടത്തിപ്പ്, മേൽനോട്ടം എന്നീ ഘട്ടങ്ങളിലെല്ലാം പൂർണ്ണമായ ജനകീയ പങ്കാളിത്തം ഉറപ്പു നൽകുന്ന ജനകീയ ആസൂത്രണ പദ്ധതി എന്ന പുത്തൻ വികസന സമീപനം വിജയിപ്പിക്കുവാൻ വളരെയധികം ബോധവൽക്കരണം നടക്കേണ്ടതുണ്ട്.

താലൂക്കാസ്ഥാനം എന്ന നിലയിൽ സ്വാഭാവികമായും ധാരാളം വികസന പരിപാടികൾ നടക്കുന്നുണ്ട്. വരുമാനം കുറഞ്ഞ പഞ്ചായത്താണെങ്കിലും അന്ധതാ നിവാരണം, പൾസ് പോളിയോ, കുട്ടികളുടെ ആരോഗ്യ പരിശോധന, കായിക - കലാ - സാംസ്കാരിക പരിപാടികൾ, ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രവർത്തങ്ങൾ എന്നിവയിലെല്ലാം സജീവമായ ശ്രദ്ധയും പങ്കാളിത്തവും പഞ്ചായത്തിനുണ്ട്.

പുതിയ ജനകീയാസൂത്രണത്തിലൂടെ ഒരു പുത്തൻ വികസന സംസ്കാരം സൃഷ്ടിക്കുവാൻ കഴിയുമാറ് സമസ്ത വികസന മേഖലകളും സമഗ്രമായി ഉൾക്കൊള്ളുന്ന ഒരു വികസന റിപ്പോർട്ട് അവതരിപ്പിക്കുന്നു.

സാമൂഹ്യ സാംസ്കാരിക ചരിത്രം

മലനാടിന്റെ മനം കവരുന്ന റാണിയാണ് റാന്നി. സഹ്യസാനുക്കളിലെ ശബരിമലയുടെ പാർശ്വങ്ങളിൽ നിന്നും ഉത്ഭവിച്ച്, ശബരിമല പ്രദാനം ചെയ്യുന്ന ഐക്യത്തിന്റേയും സമത്വത്തിന്റേയും മന്ത്രം സദാ ഉരുവിട്ട് അമൃത വാഹിനിയായി ഒഴുകുന്ന പമ്പാനദി. ക്ഷേത്ര ശംഖൊലിയും, പള്ളിമണിയൊച്ചകളും, വാങ്കു വിളികളും സമ്മേളിച്ച് മുഴങ്ങുന്ന സങ്കേതം. പമ്പാനദി പകർന്നു തന്ന സാംസ്കാരിക സമന്വയ ഭാവവും - നൂറ്റാണ്ടുകളായി ഇവിടുത്തെ മണ്ണിൽ അടിഞ്ഞു കൂടിയ സാംസ്കാരിക തനിമയും മഹിമയും - റാന്നിയുടെ പൈകൃതമാണ്.

മനുഷ്യ ജീവിതത്തിന്റെയും, സംസ്ക്കാരത്തിന്റെയും ആദ്യകാല കേന്ദ്രങ്ങൾ നദീതടങ്ങളിലായിരുന്നു. പ്രശസ്തങ്ങളായ അതിപുരാതന നാഗരീകതകൾ പലതും സംസ്കാരങ്ങളുടെ പിള്ളത്തൊട്ടിലെന്നറിയപ്പെട്ടിരുന്ന നദീ പാർശ്വങ്ങളിലാണ് ഉദയം ചെയ്തത്. അങ്ങനെ ചരിത്ര വീഥികളിൽ സജീവ സാന്നിദ്ധ്യം കൊണ്ട് പമ്പാ നദിയും, ഇവിടെ കാലങ്ങളുടെ മഹാപ്രവാഹത്തിനിടയിൽ രൂപം കൊണ്ട ഒരു ജനപഥവും ഉണ്ടായി. ഗതകാല ചരിത്രത്തിൽ ശ്രദ്ധേയ സ്ഥാനം നേടിയ നാടായി റാന്നിയും മാറി.

റാന്നിക്ക് വെള്ളിയരിഞ്ഞാണം ചമച്ച് പമ്പയാറ് 'റ' കാരം പൂണ്ട് ഒഴുകുന്നതിനാലാണത്രേ ഈ നാടിന് 'റാന്നി' എന്നു പേർ വന്നത്. നൂറ്റാണ്ടുകൾക്കു മുമ്പു മുതലേ സഹ്യ പർവ്വതത്തിന്റെ മറു ഭാഗങ്ങളിൽ നിന്നും എത്തിയ കച്ചവടക്കാർ, പമ്പാതീരത്ത് മലഞ്ചരക്കുകളാൽ സമ്പൽ സമൃദ്ധമായിരുന്ന ഈ പ്രദേശത്തെ 'മലനാടിന്റെ റാണി'യെന്നു വിളിച്ചതിൽ നിന്നുമാണ് റാന്നി എന്നു പേർ സിദ്ധിച്ചതെന്നും അഭിപ്രായമുണ്ട്. എന്തായാലും ആദികാവ്യമായ രാമായണത്തിൽ പോലും പരാമർശിതമായ പമ്പാനദിയും, നദീതീരത്തെ പൗരാണിക പ്രാതിനിധ്യമുള്ള കേന്ദ്രങ്ങളും നാടിന്റെ സാംസ്കാരീക മഹിമയ്ക്ക് മാറ്റു കൂട്ടുന്നവയുമാണ്.

ഏതാണ്ട് 11-ാം നൂറ്റാണ്ടു മുതലുള്ള ചരിത്രമേ, റാന്നിയെ സംബന്ധിച്ച് കുറെയെങ്കിലും അനാവൃതമായിട്ടുള്ളു. അതു തന്നെ ലിഖിതമായ വർണ്ണനകളില്ലാതെ, നാട്ടുകേൾവിയും കേട്ടുകേൾവിയുമായി മനസ്സിൽ പതിഞ്ഞു ഐതിഹ്യവും, ചരിത്രവുമായി കെട്ടുപിണഞ്ഞു കിടക്കുന്നു. ഒരു കാലത്ത് പരിഷ്കൃതമായിരുന്ന റാന്നി ഉൾപ്പെട്ട പ്രദേശം ചേര സാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. നൂറ്റാണ്ടുകാലത്ത് അനുദിനം ക്ഷയിച്ചുവന്ന ഈ പ്രദേശത്തു നിന്നും പാണ്ടിപ്പടയുടെ ആക്രമണം ഭയന്ന് ജനങ്ങൾ പലയിടത്തേക്കും പാലായനം ചെയ്തു. എ.ഡി. 6-ാം നൂറ്റാണ്ടിന്റെ അവസാനം, ഒടുവിലത്തെ ചേരമാൻ പെരുമാൾ തന്റെ വിപുലമായ സാമ്രാജ്യം

റാന്നിക്ക് വെള്ളിയരിഞ്ഞാണം ചമച്ച് പമ്പയാറ് 'റ' കാരം പൂണ്ട് ഒഴുകുന്നതിനാലാണത്രേ ഈ നാടിന് 'റാന്നി' എന്നു പേർ വന്നത്. നൂറ്റാണ്ടുകൾക്കു മുമ്പു മുതലേ സഹ്യപർവ്വതത്തിന്റെ മറു ഭാഗങ്ങളിൽ നിന്നും എത്തിയ കച്ചവടക്കാർ, പമ്പാതീരത്ത് മലഞ്ചരക്കുകളാൽ സമ്പൽ സമൃദ്ധമായിരുന്ന ഈ പ്രദേശത്തെ 'മലനാടിന്റെ റാണി'യെന്നു വിളിച്ചതിൽ നിന്നുമാണ് റാന്നി എന്നു പേർ സിദ്ധിച്ചതെന്നും അഭിപ്രായമുണ്ട്.

മക്കൾക്കും മറ്റുമായി ഭാഗിച്ചു കൊടുത്തപ്പോൾ സ്വാതന്ത്ര്യം പ്രാപിച്ച സാമന്തനാണ് പന്തളത്തു രാജാവ്. വിപുലമായ രാജ്യാവകാശമുണ്ടായിരുന്ന പാണ്ഡ്യ രാജാക്കന്മാരുടെ കുടുംബക്കാരായിരുന്നു ഈ രാജവംശവും.

പന്തളം രാജാവിൻെറമേൽനോട്ടത്തിൽ റാന്നി പ്രദേശവും കഴിഞ്ഞു വരവേ, മലങ്കോവിലന്മാർ എന്നൊരു വിഭാഗം ശക്തിയാർജിച്ച് രാജാവിൻെറ മേൽക്കോയ്മയെ തന്നെ ചോദ്യം ചെയ്യുമെന്ന നിലയിൽ എത്തി. തുടർന്ന് ഇവരെ അമർച്ച ചെയ്യുന്നതിനുവേണ്ടി പന്തളം രാജാക്കന്മാർ പാണ്ടിദേശത്തെ അമ്പാളത്തുനിന്നും കൊണ്ടുവന്ന ബ്രാഹ്മണ കുലജാതരും വില്ലാളിവീരന്മാരുമായ യോദ്ധാക്കളാണ് റാന്നിയിൽ കർത്താക്കന്മാർ കർത്താവ് എന്ന സ്ഥാനപ്പേരിൽ ഇവർക്ക് റാന്നി ദേശത്തിൻെറ ഭരണാധികാരം നൽകി. ചക്കി (ശക്തി) വിക്കിരൻ (വിക്രമൻ) എന്നീ വംശക്കാരുടെ പിൻഗാമികളായിരുന്ന ഇവർ ശക്തി വിക്രമർ എന്ന സ്ഥാനപേരും സ്വീകരിച്ചു.

പന്തളത്തു നിന്നും കൊടുന്തറ വഴി എത്തിയ സംഘം ആദ്യം പുതുശ്ശേരിമലയിലാണത്രേ താവളമുറപ്പിച്ചത്. പിന്നീട് സൗകര്യാർത്ഥം പമ്പാ തീരത്ത് പെരുമ്പുഴയിൽ അമ്പനാട്ടില്ലം സ്ഥാപിച്ചു. കുറെപ്പേർ വടക്കേക്കരയിൽ ചുഴുകന്നിൽ കുളഞ്ഞി ഇല്ലവും സ്ഥാപിച്ചു താമസം മാറി. ഇല്ലങ്ങളുടെ സംരക്ഷണാർത്ഥം കോട്ട സ്ഥാപിച്ച സ്ഥലം ഇന്നും കോട്ടപ്പറമ്പ് എന്നറിയപ്പെടുന്നു. കോട്ടയോടു ചേർന്ന കുളിക്കടവിനും ഇന്നും പേർ കോട്ടക്കടവ് എന്നു തന്നെ. കോട്ടയിൽ താമസിച്ചു വന്ന ഭരണകർത്താക്കളെ കോട്ടയിൽ കർത്താക്കൾ എന്ന് പിൽക്കാലത്ത് അറിയപ്പെട്ടു. കാലമേറെ ചെന്നതോടെ പമ്പയുടെ ഇരുകരകളിലും അധിവസിച്ചിരുന്ന ഇരു ശാഖക്കാരും തമ്മിൽ അധികാര വടംവലിയും തുടർന്ന് യുദ്ധവും ഉണ്ടായി. യുദ്ധത്തിൽ വടക്കേക്കരയിലെ കുളഞ്ഞി ഇല്ലം തകർന്നുപോയി. അവസാനം പെരുമ്പുഴയിലെ അമ്പനാട്ടില്ലക്കാർ റാന്നിയുടെ സർവ്വാധികാരക്കാരായി.

പിൽക്കാലത്തിൽ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് പന്തളം രാജ്യം പിടിച്ചടക്കിയതോടെ, കോട്ടയിൽ കർത്താക്കന്മാർക്ക് റാന്നിയുടെ നാടുവാഴിസ്ഥാനം ഉറപ്പിച്ചുകൊണ്ട് കൊല്ലവർഷം 915-ൽ പ്രത്യേകം കല്പന പുറപ്പെടുവിച്ചിരുന്നു. ഒപ്പം ആനപിടുത്തത്തിനും, കരം പിരിവിനും, മാറാപാറോത്യത്തിനും അധികാരം നല്കി പ്രത്യേക നീട്ടും നൽകി.

റാന്നിയുടെ പിൽക്കാലത്തെ മതസാംസ്കാരിക വ്യാവസായിക വളർച്ചക്ക് അടിസ്ഥാന ശിലപാകിയത് കോട്ടയിൽ കർത്താക്കന്മാരാണ്. ഇവരുടെ നാടുവാഴിത്ത വ്യവസ്ഥിതി ശക്തമായിരുന്നു. നാടുവാഴികൾ എന്ന നിലയിൽ കടുത്ത ശിക്ഷാവിധി നടപ്പാക്കിയുരുന്നത്രേ.

റാന്നി പാലത്തിനു സമീപം ഇന്നത്തെ എൻ.എസ്സ്.എസ്സ് യൂണിയൻ വക ശ്രീ അയ്യപ്പാ ടൂറിസ്റ്റ് ഹോം സ്ഥിതി ചെയ്യുന്ന സ്ഥലത്തായിരുന്നു കർത്താക്കന്മാരുടെ കൊട്ടാരവും കോട്ടയും മറ്റും. ക്ഷേത്ര മതിൽക്കെട്ടിനോടു ചേർന്നു അടുത്ത സമയം വരെ ഉണ്ടായിരുന്ന പടിപ്പുരയായിരുന്നു കോടതി. വലിയ പള്ളിക്കടവിനു താഴെ പമ്പാനദി മദ്ധ്യത്തിലുണ്ടായിരുന്ന മാലിയിലെ കാഞ്ഞിരമരത്തിലായിരുന്നു വധ ശിക്ഷക്കാരെ തൂക്കിലേറ്റിയുന്നത്. ഇന്നത്തെ ബസ് സ്റ്റാൻറ് ഇരിക്കുന്ന ഭാഗം ചുടുകാടായിരുന്നുവെന്നും പറയപ്പെടുന്നു.

കർത്താക്കൻമാർ ഇവിടെയെത്തി ഭരണ സാരഥ്യം ഏറ്റെടുത്തയുടൻ ശത്രുക്കളെ നിഷ്കാസനം ചെയ്തു. ഒപ്പം കാർഷീകവൃത്തി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു. കൃഷിക്കും ആയോധന വിദ്യകൾക്കുമായി നായന്മാരേയും, കച്ചവടത്തിനും ജലഗതാഗതത്തിനുമായി സുറിയാനി ക്രിസ്ത്യാനികളേയും വരുത്തി. തുടർന്ന് കച്ചവടത്തിനായി പാണ്ടിയിൽ നിന്നും വെള്ളാളരും, മറ്റിടങ്ങളിൽ നിന്നും മുസ്ലീങ്ങളും റാന്നിയിലെത്തി. കൊല്ലവർഷം 11-ാം നൂറ്റാണ്ടിൻെറ അവസാനം നടന്ന റവന്യൂ സെറ്റിൽമെൻറ് കാലത്ത് ദേശത്തിൻെറ പലഭാഗത്തുനിന്നുമായി ധാരാളം ആളുകൾ റാന്നിയിൽ കുടിയേറി പാർത്തു. ക്രമേണ കാടുവെട്ടിത്തെളിച്ചു നാടാക്കിമാറ്റി സംസ്കാരസമ്പന്നമായ ഒരു ജനപഥം കാലക്രമത്തിൽ ഇവിടെ ഉയർന്നുവന്നു.

കൊല്ലും കൊലയുമായി വാണിരുന്ന കോട്ടയിൽ കർത്താക്കന്മാർ പലപ്പോഴും ക്രൂര

മായ പെരുമാറ്റം കാണിച്ചിരുന്നുവെങ്കിലും ഇതര മതസ്ഥരോട് സൗഹാർദ്ദപരമായ സമീപനത്തിൽ ശ്രദ്ധ പുലർത്തിയിരുന്നു. 12-ാം നൂറ്റാണ്ടിൽ ഇവിടെ ഭരിച്ചിരുന്ന ഉഗ്രപ്രതാപിയായിരുന്ന മാനവിക്രമൻ കർത്താവ് ഒരിക്കൽ താൻ ചെല്ലും മുമ്പ് ആറന്മുള ക്ഷേത്രത്തിൽ ആന എഴുന്നള്ളിപ്പ് നടത്തിയതിൽ പ്രതിഷേധിച്ച്, ആനയുടെ തുമ്പിക്കൈ വെട്ടിക്കളഞ്ഞ സംഭവമുണ്ടായി. തുടർന്ന് അടുത്ത മണ്ഡല വ്രതത്തിന് മുമ്പ് ആറന്മുള ക്ഷേത്രത്തിന്റെ അതേ മാതൃകയിൽ പമ്പാ തീരത്ത് പണിതുയർത്തിയ ക്ഷേത്രമാണ് റാന്നി രാമപുരം ക്ഷേത്രം. ബുദ്ധ ക്ഷേത്രത്തിന്റെ നിർമ്മിതിയും ശ്രീകോവിലുനു ചുറ്റുമുള്ള കൊത്തുപണികളും അനാദൃശ്യങ്ങളാണ്.

റാന്നി തോട്ടമൺകാവ് ദേവീ ക്ഷേത്രത്തിന്റെ നിർമ്മാണ കാലഘട്ടത്തേക്കുറിച്ച് കൃത്യമായ രേഖകൾ ഇല്ലങ്കിലും നൂറ്റാണ്ടുകളുടെ പഴക്കം കണക്കാക്കപ്പെടുന്നു. ഈ ക്ഷേത്രത്തിൽ വൃശ്ചിക മണ്ഡല കാലത്ത് 41 ദിവസം കളമെഴുതി പാട്ടും ചിറപ്പും നടത്തിവരുന്നു. മകര മാസത്തിലെ രേവതി നാളിൽ ക്ഷേത്രപ്രതിഷ്ഠാ ദിവസം അടുത്ത കാലം വരെ പടയണി, കെട്ടുകാഴ്ച നടത്തി വരുന്നു. ധനു ഭരണി ദിവസത്തെ ആൾപ്പിണ്ടിയും വിളക്കും പ്രസിദ്ധമാണ്.

ആറന്മുള ഉത്തൃട്ടാതി വള്ളംകളിക്ക് ഉപയോഗിക്കുന്ന പ്രസിദ്ധമായ ചുണ്ടൻ വള്ളത്തിന്റെ തച്ചുശാസ്ത്രത്തിനേറെയും ശില്പകലാ രഹസ്യങ്ങളുടേയും ഉടമ റാന്നിയിലെ മുണ്ടപ്പുഴ തച്ചന്മാരായിരുന്നു. ഉളിയിൽ പച്ച മരുന്നുകൾ പുരട്ടി കരിങ്കല്ലു മിനുസമാക്കുന്ന വിദ്യയും ഇവർ രഹസ്യമായി സൂക്ഷിച്ചുവന്നിരുന്നു.

17-ാം നൂറ്റാണ്ടിന്റെ അവസാനമാണ് കോട്ടയിൽ കർത്താക്കന്മാർ റാന്നിയിൽ രണ്ടു ക്നാനായ കുടുംബക്കാരെ (മറ്റപ്പള്ളി, കണ്ണാത്തുമുറി കുടുംബങ്ങൾ) കൊണ്ടുവന്നത്. പിന്നീട് കോട്ടയം, കല്ലിശ്ശേരി, കടുത്തുരുത്തി, ഉദയംപേരൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും റാന്നിയിൽ കുടിയേറിയ ക്നാനായ വിഭാഗക്കാർ കൃഷി, കൈത്തൊഴിൽ, കച്ചവടം, ജലഗതാഗതം തുടങ്ങിയ വയിൽ സമർത്ഥൻമാരായിരുന്നതുകൊണ്ട് ക്രമേണ ഔന്നത്യത്തിൽ എത്തിച്ചേർന്നു.

റാന്നിയിലെ ആദ്യത്തെ് ക്രൈസ്തവ ദേവാലയമായ റാന്നി സെൻറ് തോമസ്സ് വലിയപള്ളി ക്നാനായ സുറിയാനി വിഭാഗക്കാർക്ക് ആരാധന നടത്തുന്നതിനായി പണി കഴിപ്പിച്ചതാണ്. ഇതിലേക്ക് 40 ഭാഗം നീളവും 35 ഭാഗംവീതിയുമുള്ള ദേവർകുന്ന് എന്ന സ്ഥലം കർത്താക്കന്മാർ കൊല്ലവർഷം 918-ൽ (എ.ഡി. 1742) കരമൊഴിവായി കൊടുത്തതാണെന്നു ചരിത്രം പറയുന്നു. ഇതര ക്രൈസ്തവ ദേവാലയങ്ങൾ ഉണ്ടാകുന്നതുവരെ ഏതാണ്ട് 150 വർഷത്തോളം എല്ലാ വിഭാഗം ക്രൈസ്തവരും ഇവിടെയാണ് ആരാധിച്ചിരുന്നത്. ഇതര ആരാധനാ കേന്ദ്രങ്ങളിൽ ആദ്യം ഉണ്ടായത് തോട്ടമൺ യാക്കോബായ സുറിയാനി കൃസ്ത്യാനിപ്പള്ളിയായിരുന്നു. മസ്ലീം വിഭാഗങ്ങൾക്ക് ആദ്യം തൃക്കോമലയിലും, റാന്നി വൈക്കത്തുമാണ് പള്ളികൾ ഉണ്ടായത്.

ആധുനിക റാന്നിയുടെ വളർച്ചയും വികാസവും ഇന്നത്തേ നിലയിൽ നിർത്തുന്നതിന്റെ പിന്നിൽ നൂറ്റാണ്ടുകളായി നിരവധിയാളുകളുടെ കർമ്മ ശേഷി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. റാന്നിയുടെ വികസന മേഖലയിൽ ഒരു പ്രമുഖസ്ഥാനം ശബരിമല തീർത്ഥാടനത്തിനുമുണ്ട്. ഏരുമേലിക്കും പമ്പയ്ക്കും ഇടയിലെ പ്രമുഖ ഇടത്താവളം എന്ന നിലയിൽ വർഷം തോറും പതിനായിരക്കണക്കിന് മറുനാട്ടുകാർ റാന്നിയിൽ എത്തിയിരുന്നു. ഇപ്പോഴും ശബരിമലയിലേക്കുള്ള തിരുവാഭരണം റാന്നി വഴിയ്ക്കാണ് കൊണ്ടുപോകുന്നത്.

പുരാതന കാലത്ത് ഗതാഗതം കാൽ നടയായിട്ടായിരുന്നു. കാർഷീക വിഭവങ്ങളും വനവിഭവങ്ങളും തലച്ചുമടായി കൊണ്ടുപോയിരുന്നു. ഇളപ്പും, ചുമട് താങ്ങിയും, തളത്തട്ടുമെല്ലാം ഇപ്പോഴും പലയിടത്തും കാണാം. ആയിക്കൽ ജംഗ്ഷനിൽ ഇപ്പോഴും ഒരു ചുമടുതാങ്ങി നഷ്ടപ്പെടാതെ നിലനില്ക്കുന്നു. ഈ നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ കമ്പനി വള്ളങ്ങളിൽ ചരക്കും, യാത്രക്കാരേയും കൊണ്ടുപോകാൻ തുടങ്ങി. കേവു വഞ്ചികളിൽ ആലപ്പുഴയ്ക്കും മറ്റും സാധനങ്ങൾ കൊണ്ടുപോയി തുടങ്ങിയതോടെ ജലഗതാഗതത്തിന് പ്രാധാന്യമേറി. റാന്നിയിൽ നിന്നും എല്ലാ ദിവസവും രാത്രി ഒൻപതുമണിക്ക് ഒരു കമ്പിനി വള്ളം പുത്തൻകാവിലേക്ക് പുറപ്പെട്ടിരുന്നു. ദീർഘകാലം കമ്പിനി വള്ളം സർവ്വീസ് നിലനിർത്തിയിരുന്നു.

റാന്നിയിൽനിന്നും ആദ്യം ബസ് സർവ്വീസ് നടത്തിയത് ചെങ്ങന്നൂരിലേക്കായിരുന്നു. 1925-ൽ കണ്ണംകര വരാപ്പുഴ അബ്രഹാമിന്റെ വക ഷവർലറ്റ് ബസ് ഉപയോഗിച്ചുള്ള റഗുലർ മോട്ടോർ സർവ്വീസ് ആയിരുന്നു ആദ്യ സർവ്വീസ്. തുടർന്നങ്ങോട്ട് പല റൂട്ടുകളിലേക്കും ബസ് സർവ്വീസ് ആരംഭിച്ചു. ഇന്ന് സംസ്ഥാന ഹൈവേയായ പുനലൂർ-മൂവാറ്റുപുഴ റോഡ് റാന്നി പഞ്ചായത്തിലൂടെയാണ് കടന്നു പോകുന്നത്.

റാന്നിയിലെ ആദ്യത്തെ ചന്ത പെരുമ്പുഴയിലായിരുന്നു. കൊല്ല വർഷം 1057- ൽ പമ്പയാറ്റിൽ ഉണ്ടായ വെള്ളപ്പൊക്കത്തിനു ശേഷം ചന്ത ആനപ്പാറ മലയിലേക്കു മാറ്റി. തുടർന്ന് പോലീസ് സ്റ്റേഷൻ (പത്തനംതിട്ടയുടെ ഔട്ട് പോസ്റ്റ്), മുസാവരി ബംഗ്ലാവ് (ടി.ബി.) എന്നിവയും അവിടെ സ്ഥാപിച്ചു. ചന്ത പിന്നീട് പഴയ സ്ഥലത്തേക്ക് മാറ്റിയെങ്കിലും 1099 ലെ വെള്ളപ്പൊക്കത്തിൽ നാശനഷ്ടം സംഭവിച്ചു. റാന്നിയിൽ ആദ്യം ആരംഭിച്ച ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ 1916 ൽ റാന്നി എം.എസ്സ്.സ്ക്കൂളാണ്. 1935 ൽ എം.എസ്. ഹൈസ്ക്കൂളായി ഇത് ഉയർന്നു.

റാന്നിയിലെ ആദ്യത്തെ പബ്ലിക്ക് ആഫീസ് പ്രവൃത്തി കച്ചേരി (ഇന്നത്തെ വില്ലേജാഫീസ്) ഫോറസ്റ്റ് റേഞ്ച് ആഫീസ്, സബ് രജിട്രാർ ആഫീസ് എന്നിവയാണ്. 1927 മുതൽ റാന്നിയിൽ സബ് രജിസ്ട്രാർ ആഫീസ് പ്രവർത്തിച്ചു വരുന്നു. കൊല്ലവർഷം 1106 ൽ ആരംഭിച്ച ഗവ. ഡിസ്പൻസറി പിന്നീട് പ്രാഥമികാരോഗ്യകേന്ദ്രവും, ഇപ്പോൾ താലൂക്ക് ലവൽ ആശുപത്രിയും ആയി ഉയർന്നിട്ടുണ്ട്.

റാന്നിയുടെ സമഗ്രവികസനത്തിന് ശ്രദ്ധേയമായ സംഭാവനകൾ നല്കിയവർ അനേകം പേരുണ്ട്. ശ്രീമൂലം പ്രജാസഭയിൽ ആദ്യം റാന്നിയെ പ്രതിനിധീകരിച്ചത് കൊട്ടാരത്തിൽ ശ്രീ. കെ.എസ്. പെരുമാൾ പിള്ള (1918) ആയിരുന്നു. തുടർന്ന് സർവ്വ ശ്രീ. കെ.സി. ഉണ്ണിട്ടൻ, കണ്ണം കുഴയത്ത് (1922) ശ്രീ. കൊച്ചുതുപ്പാൻ, കണ്ണൻതാനത്ത് (1924) ശ്രീ. കല്ലൂർ നാരായണപിള്ള (1924) ശ്രീ. വി.ഐ. ചാക്കോ പാലയ്ക്കാമണ്ണിൽ (1932-34) തുടങ്ങിയവരുടെ പേരുകൾ എടുത്തു പറയേണ്ടവയാണ്.

തിരുവതാംകൂർ നിയമസഭയിൽ ആദ്യം റാന്നിയെ പ്രതിനിധീകരിച്ചത് ശ്രീ. റ്റി.എം. വറുഗീസ് (1937) ആണ്. തുടർന്ന് വയലാ ഇടുക്കുള (1945) ശ്രീ. പി.സി. ജോർജ്ജ് എന്നിവരും റാന്നിയുടെ പ്രതിനിധികളായി. തിരുകൊച്ചി നിയമസഭയിൽ (1952) റാന്നിയെ പ്രതിനിധീകരിച്ച് റ്റി.എം. വറുഗീസ് മന്ത്രിയുമായിരുന്നു. 1954ൽ വയല ഇടുക്കുളയായിരുന്നു റാന്നിയെ പ്രതിനിധീകരിച്ചത്. അന്ന് ഭാരത പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, ആചാര്യ കൃപാലിനി, റാം മനോഹർ ലോഹ്യ, ജയപ്രകാശ് നാരായണൻ, ആശോക് മേത്ത തുടങ്ങിയവർ റാന്നി സന്ദർശിച്ചിട്ടുണ്ട്. പിൽക്കാലത്ത് രാജപ്രമുഖൻ ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മ റാന്നി സന്ദർശിച്ച് ഗ്രന്ഥശാലക്ക് തറക്കല്ലിട്ടതും, റാന്നിയിലെ മുൻതലമുറ ഇന്നും ഒളിമങ്ങാതെ സൂക്ഷിക്കുന്ന ചരിത്ര വസ്തുതകളാണ്.

ഐക്യ കേരള സംയോജനത്തിനു ശേഷം ആദ്യം കേരള അസംബ്ലിയിലേക്ക് 1957ൽ നടന്ന തെരഞ്ഞെടുപ്പിലും പിന്നീട് 1960ലും വയലാ ഇടുക്കളെയാണ് റാന്നിയെ പ്രതിനിധീകരിച്ചത്. ആധുനീക റാന്നിയുടെ വളർച്ചയിലെ നിർണ്ണായക മേഖലകളിൽ തനതായ സംഭാവന നല്കിയവരിൽ അഗ്രഗണ്യനായിരുന്നു വയലാ ഇടുക്കള. വല്യച്ചായൻ എന്ന പേരിൽ സുവിദിതനായിരുന്ന അദ്ദേഹം സ്വാതന്ത്ര്യ സമര കാലഘട്ടത്തിലെ സംഗ്രാമ സിംഹമായിരുന്നു. സർ സി.പി. രാമസ്വാമിയുടെ ഭീഷണിക്കു മുമ്പിൽ പതറാതെ, രാഷ്ട്രീയം സ്വാർത്ഥ ലാഭങ്ങൾക്കല്ലാതെ രാഷ്ട്ര പുനർ നിർമ്മാണത്തിനും ദേശപുരോഗതിക്കും മാത്രമായി കണ്ടുപ്രവർത്തിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

വയലാ ഇടുക്കളയോടൊപ്പം ദേശീയ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത കാർത്തിക വിലാസത്ത് പി.കെ. പരമേശ്വരൻ പിള്ളയുടെ പേരും ഇവിടെ സ്മരിക്കേണ്ടിയിരിക്കുന്നു. ഇതിൽ പി.കെ. പരമേശ്വരൻ പിള്ള രാഷ്ട്രത്തിനു നൽകിയ സംഭാവന മാനിച്ച് സർക്കാർ താമ്രപത്രം നല്കി ആദരിച്ചിരുന്നു. സ്വാതന്ത്ര്യ സമര രംഗത്തും രാഷ്ട്രഭാഷാ പ്രചാരണത്തിനും ഊന്നൽ നല്കി ജീവിച്ച പ്രമുഖ ഗാന്ധിയനായ കൃഷ്ണവിലാസം പി.എൻ. രാമൻ നായരും, ചിറ്റേത്ത് സി.കെ. രാമകൃഷ്ണപിള്ളയും ഓർമ്മിക്കപ്പെടേണ്ടവർ തന്നെ. പിൽക്കാലത്ത് റാന്നിയിലെ കർഷകതൊഴിലാളി ട്രേഡ് യൂണിയൻ രംഗത്ത് അജയ്യനായിരുന്ന ബഹുജനസമര നായകനായ എം.റ്റി വറുഗീസും റാന്നിയുടെ സംഭാവനയാണ്.

1970-ൽ അസംബ്ലിയിൽ റാന്നിയെ പ്രതിനിധീകരിച്ച ജേക്കബ് സഖറിയായും 1977-ൽ പ്രതിനിധീകരിച്ച മുൻ മന്ത്രിയും പി.എസ്സ്.സി. അംഗവുമായിരുന്ന പ്രൊഫ. കെ.എ. മാത്യുവും റാന്നി പഞ്ചായത്തുകാരാണ്. ക്നാനായ സമുദായത്തിന് ചലനാത്മകമായ ആദ്ധ്യാത്മീക നേതൃത്വം നല്കിവരുന്ന മേലദ്ധ്യക്ഷനായ 'കുബർനിത്തി ഹാക്കിമോ' ഏബ്രഹാം മാർ ക്ലീമീസ് മെത്രാപ്പോലിത്തായും ഈ മണ്ണിന്റെ മകനാണ്.

നൂറ്റാണ്ട് കാലം മുതലേ നിലനിന്ന ഭൂവുടമാ സമ്പ്രദായം കാലക്രമത്തിൽ ഇല്ലാതാകുകയും ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നതോടെ ജന്മികുടിയാൻ വ്യത്യാസം റാന്നിയിൽ അവസാനിക്കുകയും ചെയ്തു. എന്നാൽ സമ്പന്നമായിരുന്ന കാർഷിക മേഖലയ്ക്കു പകരം തോട്ടം മേഖല പുഷ്ടിപ്പെട്ടു. വ്യാവസായിക മേഖലയാകട്ടെ ശൈശവ ദശയിലാണിന്നും.

റാന്നിയിൽ തിരുകൊച്ചി സംസ്ഥാനത്തിൻ കീഴിലാണ് വില്ലേജ് യൂണിയൻ ഉടലെടുക്കുന്നത്. 1122ൽ ഗ്രാമവാസികളുടെ താല്പര്യപ്രകാരം റാന്നി തോട്ടമൺ വില്ലേജ് യൂണിയൻ അനുവദിക്കുകയും 1123 തുലാം 7ന് അന്നത്തെ തിരുവിതാംകൂർ വില്ലേജ് യൂണിയൻ ആൻഡ് പഞ്ചായത്ത് അസി. രജിസ്ട്രാർ ആയിരുന്ന രാജശ്രീ എസ്സ്. രാജഗോപാൽ ഉൽഘാടനം നിർവഹിക്കുകയും ചെയ്തു. പി.എൻ. രാമപണിക്കർ, സി.ജെ. ചെറിയാൻ, പി.എസ്സ്. നാരായണൻ, പി.എൻ. പെരുമാൾ പിള്ള എന്നിവർ അംഗങ്ങളും ഈ.എസ്. സുലൈമാൻ സാഹീബ് വൈസ് പ്രസിഡൻറും, എം.കെ. കുര്യൻ പ്രസിഡൻറും, പത്തനംതിട്ട തഹസീൽദാരും മറ്റു ഉദ്യോഗസ്ഥൻമാരും അനൗദ്യോഗീക അംഗങ്ങളുമായിരുന്നു. തോട്ടമൺ, പെരുമ്പുഴ, മുണ്ടപ്പുഴ, വൈക്കം എന്നീ 4 കരകളും 6200 ജനങ്ങളുമായിരുന്നു എതാണ്ട് 9 സ്ക്വയർ മൈൽ വിസ്തീർണ്ണമുണ്ടായിരുന്ന തോട്ടമൺ വില്ലേജ് യൂണിയനിൽ. 1953 ജൂലൈ 31 വരെ ഈ കമ്മറ്റിയാണ് ഭരണസാരഥ്യം വഹിച്ചിരുന്നത്. ആദ്യത്തെ റാന്നി തോട്ടമൺ പഞ്ചായത്ത് പ്രസിഡൻറായി1953 ആഗസ്റ്റ് 3ന് ചാമക്കാലയിൽ സി.എൻ. രാഘവൻനായരും, പിന്നീട് വൈസ് പ്രസിഡൻറായി സി.എൻ. രാമകൃഷ്ണപിള്ളയും തിരഞ്ഞെടുക്കപ്പെട്ടു. ഇവരെ കൂടാതെ പി.ജി. കൃഷ്ണൻ, പി.കെ. കൃഷ്ണൻ, പി.സി. ഇടുക്കുള, എം.കെ. ചെറിയാൻ, പി.സി. മാത്യു എന്നിവരും അംഗങ്ങളായിരുന്നു. ഇക്കാലത്താണ് റാന്നിയിൽ വൈദ്യുതി എത്തിയതുൾപ്പെടെയുള്ള പ്രാഥമിക വികസനം എത്തിയത്

പിന്നീട് പ്രസിഡൻറ് രാഘവൻ നായർ രാജിവച്ചതിനേ തുടർന്ന് 1956 ജൂൺ 7ന് പി.സി. ഇടുക്കള പ്രസിഡൻറായി ഭരണമേറ്റു. 1962 അവസാനം വരെ ഈ ഭരണ സമിതി തുടർന്നു. 1963 ജനുവരി 19 മുതൽ ഡിസംബർ 2 വരെ അഡ്മിനിസ്ട്രേറ്റർ ഭരണമായിരുന്നു. 1963 ഡിസംബർ 13 മുതൽ പി.സി. ഇടുക്കള വീണ്ടും പ്രസിഡൻറായി. 1965 ഏപ്രിൽ വരെ ചാക്കോ കുര്യനും തുടർന്ന് പി.ജെ. ഇടിക്കുളയും വൈസ് പ്രസിഡൻറായി. 1964 ജനുവരി 18 മുതൽ പഞ്ചായത്ത് ആക്ട് / സെക്ഷൻ 8 പ്രകാരം വൈക്കം തെത്തോട്ടത്തിൽ വി.ആർ. ഭാർഗവിയമ്മയെ പഞ്ചായത്തിലെ ആദ്യത്തേ വനിതാ കമ്മറ്റിയംഗമായി നോമിനേറ്റു ചെയ്തു. 16 വർഷം നീണ്ടുനിന്ന ഈ കമ്മിറ്റിയിൽ പിന്നീട് ദീർഘകാലം എ.പി. ജോൺ വൈസ് പ്രസിഡൻറായിരുന്നു. 1971ലാണ് തോട്ടമൺ പഞ്ചായത്തിന് റാന്നി പഞ്ചായത്തായി പേര് മാറ്റം ലഭിച്ചത്.

1979-ൽ നടന്ന അടുത്ത തെരഞ്ഞെടുപ്പിൽ വി.കെ. പൂന്നൂസ് പ്രസിഡൻറും, കെ.സി. തോമസ് വൈസ് പ്രസിഡൻറുമായി തെരഞ്ഞെടുക്കപ്പെട്ടു. ഇക്കാലത്താണ് റാന്നി പഞ്ചായത്ത് 7 വാർഡിൽ നിന്നും എട്ടായി ഉയർത്തിയത്. തുടർന്ന് 1988 ജനുവരിയിൽ നടന്ന തെരഞ്ഞെടുപ്പിൽ വി.ആർ. ശശീധരൻനായർ പ്രസിഡൻറും, ഏ.വി. ജോൺ വൈസ് പ്രസിഡൻറുമായി തെരെഞ്ഞടുക്കപ്പെട്ടു. റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീ പോത്തൻ ജോസഫ് റാന്നി പഞ്ചായത്ത് ഡിവിഷനെയും ശ്രീ. ജയിംസ് ജോർജ്ജ് മാവേലി ജില്ലാ പഞ്ചായത്തിൽ റാന്നി ഡിവിഷനേയും പ്രതിനിധീകരിക്കുന്നു. 1995ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ സർവ്വ ശ്രീ. ജോയി പാണ്ടിപ്പുറം, കെ.എസ്. സജുകുമാർ, ലില്ലിക്കുട്ടി ശാമുവേൽ, മറിയാമ്മ ജോസഫ്, ഏ.വി. ജോൺ, മറിയാമ്മ ജോസഫ്, മോഹനൻ പിള്ള റ്റി.ജി, അനന്ദൻ പി.കെ. എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

1956ൽ റാന്നിയിൽ എൻ.ഇ.എസ് ബ്ലോക്ക് പ്രവർത്തനം ആരംഭിച്ചപ്പോൾ കണ്ണംകുഴയത്ത് കുടുംബക്കാരാണ് സ്ഥലം ദാനം ചെയ്തത്. അന്നത്തെ കേന്ദ്ര സാമൂഹ്യ ക്ഷേമ വകുപ്പു മന്ത്രി എസ്.കെ. ഡെ ആണ് ഈ വികസന ബ്ലോക്കിന് അടിസ്ഥാന ശില ഇട്ടത്.

പിന്നോക്ക വിഭാഗങ്ങൾക്കായി ആദ്യം സ്ക്കൂൾ സ്ഥാപിച്ചത് പാലച്ചുവട്ടിലാണ്. ഇന്നത്തെ എസ്.എൻ.റ്റി.യു.പി സ്ക്കൂളിന്റെ സ്ഥാപകൻ സരസ കവി മുലൂർ എസ്. പത്മനാഭപണിക്കരാണ്. പുതുശ്ശേരിമലയിൽ സ്ക്കൂൾ സ്ഥാപിക്കാനും പ്രേരണ നല്കിയത് ഇദ്ദേഹമാണ്. അധസ്ഥിത വിഭാഗമായി മാറ്റി നിർത്തിയവർക്കു വേണ്ടി നോയൽ സായ്പ് വലിയ കലുങ്കിനു സമീപം സ്ഥാപിച്ച സ്ക്കൂളാണ് ഇപ്പോൾ വാളിപ്ലാക്കൽ ഉള്ള നോയൽ മെമ്മോറിയൽ സ്ക്കൂൾ.


സ്ത്രീകൾ വിദ്യ അഭ്യസിക്കാൻ പാഠശാലകളിൽ പോകാതിരുന്ന കാലത്ത് റാന്നിയിൽ പെൺകുട്ടികളുടെ മാത്രം വിദ്യാഭ്യാസത്തിനു വേണ്ടി ആരംഭിച്ചസ്ക്കൂളാണ് പെൺപള്ളിക്കൂടം എന്നറിയപ്പെടുന്ന റാന്നി. ഗവ. എൽ.പി.ജി. സ്ക്കൂൾ. നാടിന്റെ സാമൂഹ്യ മാറ്റത്തിന് അടിത്തറയിട്ട ഈ സ്ക്കൂളിന്റെ ശതാബ്ദി കഴിഞ്ഞ വർഷം ആഘോഷിച്ചു.

ദീർഘ കാലം വാടക കെട്ടിടത്തിൽ കഴിഞ്ഞു വന്ന പഞ്ചായത്താഫീസ് പിന്നീട് അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് പി.സി. ഇടിക്കുള സംഭാവനയായി നല്കിയ സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തിച്ചു വന്നു. ഏതാനും വർഷം മുമ്പാണ് ഇപ്പോഴത്തെ വയലാ ഇടിക്കുള മെമ്മോറിയൽ കമ്മ്യൂണിറ്റിഹാളിനോട് ചേർന്ന് പ്രവർത്തനം ആരംഭിച്ചത്.

കാൽ നൂറ്റാണ്ടോളം നീണ്ടു നിന്ന സമര സമ്മർദ്ദങ്ങളുടെ ഫലമായാണ് റാന്നി താലൂക്കായി ഉയർത്തിയത്. പത്തനംതിട്ട ജില്ല ആയതോടൊപ്പം റാന്നിക്കും താലൂക്കാകാൻ അവസരം ലഭിച്ചു. 1982ൽ സർക്കാർ നിയോഗിച്ച മിനി മാത്യു കമ്മീഷൻ വിശദ പഠനങ്ങൾക്കു ശേഷം താലൂക്കാസ്ഥാനമാക്കാൻ തെരഞ്ഞെടുത്തത്, റാന്നി പഞ്ചായത്ത് ആസ്ഥാനത്തെയാണ്. 1983 ആഗസ്റ്റ് 1ന് റാന്നി താലൂക്കായി ഉയർത്തി. ഒട്ടുമുക്കാലും താലൂക്കാഫീസുകൾ ഇതിനകം റാന്നിയിൽ ആരംഭിച്ചു കഴിഞ്ഞു. ഇവയെല്ലാം റാന്നി പഞ്ചായത്ത് അതിർത്തിക്കുള്ളിലാണ് പ്രവർത്തിച്ചു വരുന്നത്. ജില്ലാ പട്ടികവർഗ്ഗ ആഫീസും ഡിവിഷണൽ ഫോറസ്റ്റാഫീസും റാന്നിയിൽ പ്രവർത്തിച്ചു വരുന്നു.

രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും ബഹുജന സംഘടനാ പ്രവർത്തനങ്ങൾക്കും വളക്കൂറുള്ള മണ്ണാണ് റാന്നി. ഒട്ടുമുക്കാലും രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഇവിടെ സജീവമാണ്. ട്രേഡു യൂണിയനുകളും മഹിളാ പ്രസ്ഥാനങ്ങളും സജീവമായി പ്രവർത്തിക്കുന്നു.

കടന്നു വന്ന നൂറ്റാണ്ടുകളിലൊന്നും റാന്നി പഞ്ചായത്തിൽ സാമുദായിക ചേരി തിരിവുകളോ ജാതീയമായ ഉച്ചനീചത്വങ്ങളോ വളർന്നു വന്ന ചരിത്രമല്ല. പരസ്പരം സ്നേഹത്തോടും ഐക്യത്തോടും പുലർന്നു വന്ന ഒരു സമൂഹമാണ് ഇവിടെ ജീവിച്ചിരുന്നത്. കാലത്തിന്റെ അനുസ്യൂതമായ പ്രവാഹത്തിൽ അനുദിനം വളർന്നു വരുന്ന റാന്നിയുടെ പുരോഗതിയുടെ രഹസ്യവും മറ്റൊന്നല്ല.



ഭൂപ്രകൃതി
ജനപ്രകൃതി
ജലപ്രകൃതി

ഭൂപ്രകൃതി



പ്രസിദ്ധമായ പമ്പാനദിയുടെ തെക്കു ഭാഗത്തായി റാന്നി പഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. ഒരു കാലത്ത് വൻ കാടുകളായിരുന്ന ഈ ഗ്രാമം ഇന്ന് പൂർണ്ണമായും വനരഹിതമായി മാറിയിരിക്കുന്നു. വൻ മരങ്ങളുടെ ആവശിഷ്ടങ്ങൾ ഇന്നും മണ്ണിനടിയിൽ പലേടത്തുനിന്നും കുഴിച്ചെടുത്തിട്ടുള്ളതിൽ ഇതാണനുമാനിയ്ക്കേണ്ടത്. പുനലൂർ മൂവാറ്റുപുഴ സംസ്ഥാന ഹൈവേയുടെ കിഴക്കു പടിഞ്ഞാറായി തെക്കുവടക്കായി നീണ്ടുകിടക്കുന്ന റാന്നി ഗ്രാമപഞ്ചായത്തിന് 15.64 ച.കി.മി. വിസ്തൃതിയുണ്ട്. ഭൂപ്രകൃതിയനുസരിച്ച് ഗ്രാമപഞ്ചായത്തിനെ നാലായി തരം തിരിക്കാം.

1. മലനാട്
2. ചരിവ്
3. വയൽപ്രദേശം
4. നീർക്കെട്ടുള്ള പ്രദേശം.

ഇവയിലോരോന്നിന്റെയും വിസ്തൃതി ചുവടെ ചേർക്കുന്നു.


	ഭൂപ്രകൃതി മേഖലകൾ	വിസ്തൃതി
1.	മലനാട്	6.25 ച.കി.മി.
2.	ചരിവ്	2.10 ച.കി.മി
3.	വയൽപ്രദേശം	4.50 ച.കി.മി.
5.	നീർക്കെട്ട്	3.21 ച.കി.മി.

കൃഷിഭവൻ അവലംബം

റാന്നി ഗ്രാമപഞ്ചായത്തിന്റെ 7,8 വാർഡുകൾ പൂർണ്ണമായും 5,6 വാർഡുകൾ ഭാഗീകമായും മലമ്പ്രദേശമാണ്. മലമ്പ്രദേശം പഞ്ചായത്തിന്റെ 65 % വരും. 2,3,4,5,6 വാർഡുകളിൽ വയൽപ്രദേശങ്ങളുണ്ട്. റാന്നി പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശം പുതുശ്ശേരിമലയിലെ ''ചേർത്തല മുരുപ്പേൽ'' എന്ന സ്ഥലമാണ്.

നിമ്നോന്നത മേഖലകളുടെ വിസ്തൃതി ചുവടേ ചേർക്കുന്നു.

	നിമ്നോന്നത മേഖലകൾ	വിസ്തൃതി
1.	20 മീറ്റിനു താഴെ	7.71 ച.കി.മി.
2.	20 മീറ്ററിനും 40 മീറ്ററിനും ഇടയിൽ	2.10 ച.കി.മി.
3.	40 മീറ്ററിനു മുകളിൽ	6.25 ച.കി.മി.



വർഷം മുഴുവനും നീരൊഴുക്കുകളുള്ള ഒരൊറ്റ തോടുപോലും റാന്നി പഞ്ചായത്തിലില്ല. കുളങ്ങളുടെ സ്ഥിതിയും ഇതിൽനിന്നും വ്യത്യസ്ഥമല്ല. പഞ്ചായത്തിന്റെ വടക്കു ഭാഗത്തുകൂടി ഒഴുകുന്ന പമ്പാനദി മാത്രമാണ് ഏകജല സ്രോതസ്സ് എന്നു പറയാം. ഏപ്രിൽ, മെയ് മാസങ്ങളിൽ രൂക്ഷമായ ജലക്ഷാമത്തെ പഞ്ചായത്തിനു നേരിടേണ്ടി വരുന്നു.

റാന്നി പഞ്ചായത്തിലെ ഉപരിതല മൺ തരങ്ങളൾ.

1. ചെളി ചേർന്ന ചെമ്മണ്ണ്
2. ചെങ്കല്ല്
3. പാറ
4. എക്കൽ

അവലംബം :- വിഭവ ഭൂപടങ്ങൾ - പഠനപര്യടനം.

റാന്നി പഞ്ചായത്തിലെ
പ്രദേശങ്ങളുടെ ഉയർച്ച.

1.	20 മീറ്ററിനു താഴെ	വയൽ പ്രദേശം
2.	20 നും 40നും ഇടയിൽ	3,4,5,6,7,8 വാർഡുകൾ
3.	40ന് മുകളിൽ	പുതുശ്ശേരിമല 27-127

സുമുദ്ര നിരപ്പിൽ നിന്നും ഏറ്റവും ഉയർന്ന പ്രദേശം - പുതുശ്ശേരിമല ചേർത്തല മുരുപ്പ്

ഗ്രാഫ് 94-ാം പേജിൽ ചേർത്തിരിക്കുന്നു.

ജനപ്രകൃതി

1991ലെ സെൻസസ് കണക്കുകൾ പ്രകാരം റാന്നി പഞ്ചായത്തിലെ ജനസംഖ്യ 14192 ഉം ജനസാന്ദ്രത 907 ഉം ആണ്. ഈ പഞ്ചായത്തിലെ ആകെ വീടുകളുടെ എണ്ണം 2400 ഉം ആയതിനാൽ വീടൊന്നിന് ശരാശരി 6 ആളുകൾ ഉണ്ട്. പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകളുടെ എണ്ണം കൂടുതലാണ്.

ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം ഇന്നും കൃഷി തന്നെയാണ്. എങ്കിലും ഭക്ഷ്യവിളകളുടെ ഉത്പാദനം ലാഭകരമല്ലാത്തതിനാൽ നാണ്യവിളകളുടെ കൃഷിക്കാണ് പ്രാമുഖ്യം. തൊഴിലാളികൾ കെട്ടിടനിർമ്മാണ രംഗത്തേക്ക് ധാരാളമായി മാറിക്കൊണ്ടിക്കുകയാണ്. തൊഴിലെടുക്കുവാൻ ശേഷിയുള്ളവരിൽ മൂന്നിൽ രണ്ടു ഭാഗത്തിനും തൊഴിലവസരങ്ങൾ ലഭിക്കുന്നില്ല. മതനിരപേക്ഷ സംസ്കാരം ഈ പഞ്ചായത്തിൽ ശക്തമായി നിലനിൽക്കുന്നു.

വാർഡുതലജനസംഖ്യാ വിവര പട്ടിക.

വാർഡ്	പുരുഷൻ	സ്ത്രീ	ആകെ
1	711	838	1549
2	839	959	1798
3	1020	1092	2112
4	800	818	1618
5	894	939	1833
6	934	1039	1973
7	919	995	1914
8	1080	1141	2221

പഞ്ചായത്തു രേഖ അവലംബം

ജലപ്രകൃതി

വർഷത്തിൽ ശരാശരി 3200 എം.എം. മഴ ഇവിടെ ലഭിക്കുന്നു. കാലാവസ്ഥയിൽ ഗണ്യമായ മാറ്റം അനുഭവപ്പെടാറുണ്ട്. ജൂൺ, ജൂലൈ മാസങ്ങളിലാണ് മഴ ഏറ്റവും കൂടുതലായി അനുഭവപ്പെടുന്നത്. എന്നാൽ ജനുവരി മുതലുള്ള 6 മാസം പഞ്ചായത്തിലെ മലമ്പ്രദേശങ്ങളിൽ (5,6,7,8) പൂർണ്ണമായും ജല ദൗർലഭ്യം ഉണ്ടാവുന്നു. വർഷം മുഴുവനും നീരൊഴുക്കുകളുള്ള ഒരൊറ്റ തോടുപോലും റാന്നി പഞ്ചായത്തിലില്ല. കുളങ്ങളുടെ സ്ഥിതിയും ഇതിൽനിന്നും വ്യത്യസ്തമല്ല. പഞ്ചായത്തിന്റെ വടക്കു ഭാഗത്തുകൂടി ഒഴുകുന്ന പമ്പാനദി മാത്രമാണ് ഏകജല സ്രോതസ്സ് എന്നു പറയാം. ഏപ്രിൽ, മെയ് മാസങ്ങളിൽ രൂക്ഷമായ ജല ക്ഷാമത്തെ പഞ്ചായത്തിനു നേരിടേണ്ടി വരുന്നു. പുനലൂർ മൂവാറ്റുപുഴ റോഡിന്റെ പടിഞ്ഞാറൻ കരയിലുള്ള വയൽ പ്രദേശങ്ങളിൽ മാത്രമേ ജലസാന്നിദ്ധ്യം അനുഭവപ്പെടുന്നുള്ളു. കുടിവെള്ള ക്ഷാമത്തിന്റെ ശക്തമായ പരാതികളാണ് ഗ്രാമസഭാ റിപ്പോർട്ടുകളിൽ ഏറെ പ്രധാനം എന്നു കാണാം. കാലവർഷവും, തുലാവർഷവും പഞ്ചായത്തിൽ ലഭിക്കുന്നു.

കൃഷിയും ജലസേചനവും

റാന്നി പഞ്ചായത്ത് തികച്ചും ഒരു കാർഷിക പഞ്ചായത്താണെന്നു പറയാം. ജനങ്ങളിൽ 80%ത്തിലധികം ഉപജീവനത്തിനായി കൃഷിയെ നേരിട്ടോ അല്ലാതെയോ ആശ്രയിക്കുന്നു. വൻകിട കൃഷിക്കാർ തന്നെയല്ല ഇടത്തരം ചെറുകിട കർഷകരാണ് അധികവും. ആദ്യകാലത്തെ പ്രധാന വിളകൾ നെല്ല്, കുരുമുളക്, തെങ്ങ്, കമുക്, ചേന, കാച്ചിൽ എന്നിവയായിരുന്നു. എന്നാൽ ഇപ്പോൾ പ്രധാനപ്പെട്ട കൃഷി നാണ്യവിളയായ റബ്ബർ ആണ്.

കൃഷി ഭവൻ

റാന്നി പഞ്ചായത്ത് കൃഷിഭവൻ 5-ാം വാർഡിൽ സ്ഥിതിചെയ്യുന്നു. ഒരു കൃഷി ആഫീസറും 2 കൃഷി അസിസ്റ്റൻറുമാരും ഇവിടെ പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ 5,6,7,8 വാർഡുകൾ റാന്നി തോട്ടമൺ നീർമറി പദ്ധതിയുടെ പരിധിയിൽ വരുന്നു. കൃഷിഭവൻെറ പ്രവർത്തനം കുറെക്കൂടി സജീവമാക്കേണ്ടതാണ്.

കാർഷിക വികസനസമിതി

റാന്നി പഞ്ചായത്ത് പ്രസിഡൻറ് അദ്ധ്യക്ഷനും കൃഷി ആഫീസർ കൺവീനറുമായുള്ള കാർഷിക വികസന സമിതി 1996 നവംബർ 1-ാം തീയതി നിലവിൽ വന്നു. കൃഷി ഭവൻ നടത്തിയ സമ്പർക്ക പരിപാടി, തീവ്രമാസാചരണം എന്നിവയുടെ വിജയത്തിനായി കാർഷിക വികസന സമിതി സഹകരിച്ചു പ്രവർത്തിക്കുന്നു.

പാടശേഖര സമിതി

റാന്നി പഞ്ചായത്തിൽ ഒരു പാടശേഖര സമിതി മാത്രമാണുള്ളത്. കർഷകരെ കൂടി യോജിപ്പിച്ചുകൊണ്ട് രൂപീകരിച്ച വൈക്കം പാടശേഖര സമിതി ഒരു വൻവിജയമാണ്. കൂട്ടായ പ്രവർത്തനംമൂലം ഉത്പാദനച്ചിലവ് കുറയ്ക്കുവാനും മെച്ചപ്പെട്ട കൃഷി സാങ്കേതങ്ങൾ ഉപയോഗിക്കുവാനും കഴിയുന്നു.

കൂലി നിരക്കും കർഷക തൊഴിലാളികളും

നെൽകൃഷി ലാഭകരമല്ലാതായതിനെതുടർന്ന് ധാരാളം ആളുകൾ കൃഷിഭൂമി തരിശിടുകയോ ഇരുപ്പൂകൃഷി, ഒരു കൃഷിയാക്കി മാറുകയോ ചെയ്തിട്ടുണ്ട്. കർഷക തൊഴിലാളികളുടെ എണ്ണം കുറവ് ഈ മേഖലയിൽ അനുഭവപ്പെടുന്നു. കർഷക തൊഴിലാളികളുടെ ശരാശരി കൂലി നിരക്ക് പുരുഷന് 100 രൂപയും സ്ത്രീക്ക് 70 രൂപയും ആണ്.

നെൽകൃഷി ലാഭകരമല്ലാതായതിനെതുടർന്ന് ധാരാളം ആളുകൾ കൃഷിഭൂമി തരിശിടുകയോ ഇരുപ്പൂകൃഷി, ഒരു കൃഷിയാക്കി മാറുകയോ ചെയ്തിട്ടുണ്ട്. കർഷക തൊഴിലാളികളുടെ എണ്ണം കുറവ് ഈ മേഖലയിൽ അനുഭവപ്പെടുന്നു. കർഷക തൊഴിലാളികളുടെ ശരാശരി കൂലി നിരക്ക് പുരുഷന് 100 രൂപയും സ്ത്രീക്ക് 70 രൂപയും ആണ്.

ജലസേചനം

പഞ്ചായത്തിൽ പ്രധാനമായും കൃഷി നടത്തുന്നത് തുലാവർഷം, കാലവർഷം എന്നിവയെ ആശ്രയിച്ചാണ്. ശരാശരി 3200 എം.എം. മഴ ഇവിടെ ലഭിക്കുന്നു. ഇരുപ്പൂനിലങ്ങളെ മുപ്പൂനിലങ്ങളായി മാറ്റാനുതകുന്ന തരത്തിലുളള ജലസേചന പദ്ധതികൾ പഞ്ചായത്തിൽ നടപ്പിലാക്കണം. പി.ഐ.പി.യുടെ പ്രയോജനം വൈക്കം ഏലായ്ക്ക് മാത്രമേ ലഭിക്കുകയുള്ളു. ജൂൺ മുതൽ നവംബർ വരെയുള്ള കാലയളവിൽ മാത്രമെ മഴയുടെ പ്രയോജനം ലഭിക്കുന്നുള്ളു.

കാർഷിക വായ്പ

രണ്ട് സഹകരണ ബാങ്കും 8 ദേശീയ ബാങ്കുകളുടെ ശാഖകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇവ കാർഷിക വായ്പകൾ നൽകുന്നു. എന്നാൽ ഇത്തരം വായ്പകൾ അതിന്റെ ശരിയായ ലക്ഷ്യം നേടുന്നില്ല. കൃഷിക്ക് അനുവദിക്കുന്ന വായ്പകൾ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതാണ് ഇതിനു കാരണം.

പ്രശ്നങ്ങൾ

1. നെൽകൃഷിചെയ്യുന്ന ഭൂമിയുടെ അളവ് ഗണ്യമായി കുറയുന്നു. വീടു വയ്ക്കുന്നതിനും തെങ്ങ് കൃഷി നടത്തുന്നതിനുമായി പാടങ്ങൾ മണ്ണിട്ട് നികത്തുന്നു.
2. തെങ്ങു കൃഷിക്ക് വേണ്ടത്ര പരിരക്ഷ ലഭിക്കുന്നില്ല.
3. ജലസേചനസൗകര്യങ്ങൾ ഇല്ല
4. കൃഷിയുമായി ബന്ധപ്പെട്ട കുളങ്ങൾ, തോടുകൾ എന്നിവ സംരക്ഷിക്കപ്പെടുന്നില്ല.
5. വയലുകൾ നികത്തുന്നത് നീർകെട്ടിനു കാരണമാകുന്നു.
6. കീടനാശിനികൾ ഉപയോഗിക്കുന്നതിന്റെ ശാസ്ത്രീയവശം കൃഷിക്കാർക്ക് അറിയില്ല.
7. രാസവളങ്ങളുടെ വിലക്കൂടുതൽ, ജൈവവളങ്ങളുടെ ലഭ്യതക്കുറവ്.
8. ഉത്പാദനചെലവ് കൂടുന്നു.
9. ഉൽപന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നില്ല.
10. കർഷകതൊഴിലാളികളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു.
11. ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടത്തുന്നില്ല.
12. തെങ്ങിന്റെ ഉത്പാദനം ഗണ്യമായി കുറയുന്നു. തെങ്ങിന് കാറ്റുവീഴ്ച സാധാരണമാണ്.
13. മണ്ണ് പരിശോധന കൃത്യമായി നടക്കുന്നില്ല.
14. മണ്ണൊലിപ്പ് കാര്യമായി നിയന്ത്രിച്ചിട്ടില്ല.
15. ഇടവിളകൾ കൃഷി ചെയ്യുന്നില്ല.
16. ആധുനിക കൃഷി ഉപകരണങ്ങൾ ഉപയോഗിച്ചു തുടങ്ങിയിട്ടില്ല.
17. 6,7,8, വാർഡുകളുടെ അതിർത്തിയിലൂടെ ഒഴുകുന്ന മാമ്പാറ തോടിന്റെ കരയിലുണ്ടായിരുന്ന കൃഷിഭൂമി മണ്ണും ചരൽകല്ലുകളും കയറി കൃഷിയ്ക്കനുയോജ്യമല്ലാതായി തീർന്നു.

നിർദ്ദേശങ്ങൾ

1. നെൽകൃഷിക്കാർക്കായി പ്രത്യേക ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ശക്തമാക്കണം.
2. വളം, കീടനാശിനി എന്നിവ സൗജന്യനിരക്കിൽ നൽകണം.
3. കർഷകർക്ക് ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കണം.
4. തെങ്ങുകൃഷിയെ സംരക്ഷിക്കുന്നതിനു വേണ്ടി പ്രത്യേക പദ്ധതികൾ തയ്യാറാക്കണം.
5. കൃഷിക്കുണ്ടാകുന്ന രോഗങ്ങൾക്ക് നിവാരണമാർഗ്ഗം ഉണ്ടാക്കണം.
6. ജനസേചനസൗകര്യങ്ങൾ മെച്ചപ്പെടുത്തണം.
7. വയലുകൾ നികത്തുന്നത് തടയാൻ ശക്തമായ നിയമനിർമ്മാണം വരണം.
8. നീർക്കെട്ടുകൾ ഒഴിവാക്കാൻ വേണ്ട നടപടികൾ ഉണ്ടാവണം.

9. കീടനാശിനികൾ ഉപയോഗിക്കുന്നതിന് ശാസ്ത്രീയ പരിശീലനം നൽകണം.

10. ജൈവവളങ്ങൾ സൗജന്യനിരക്കിൽ നൽകണം.

11. കാർഷിക ഉൽപ്പന്നങ്ങൾക്ക് തറവില നിശ്ചയിക്കണം, അവശ്യ വിപണികൾ ഉണ്ടാക്കണം.

12. മണ്ണു പരിശോധന കൃത്യമായി നടത്തണം.

13. മണ്ണൊലിപ്പ് നിയന്ത്രിക്കുന്നതിനു വേണ്ടി പ്രത്യേക പദ്ധതി തയ്യാറാക്കണം.

14. പയർ, പാവക്ക, എള്ള്, പച്ചമുളക്, കിഴങ്ങ്, ചേന, ചേമ്പ്, എന്നീ ഇടവിളകൾ കൃഷി ചെയ്യണം.

15. മാമ്പാറ തോടിന്റെ സമീപമുള്ള വയലിലെ മണ്ണും ചരൽകല്ലുകളും മാറ്റി അവിടം കൃഷിക്കനുയോജ്യമാക്കണം.

16. കാർഷിക വായ്പാ നയം ഉദരവൽക്കരിക്കുക.

17. പച്ചക്കറി കൃഷിയെയും, അടുക്കളത്തോട്ടത്തേയും, വെറ്റിലകൃഷിയേയും പ്രോൽസാഹിപ്പിക്കുക. ഇതിനാവശ്യമായ വിത്തും, വളവും സഹായ വിലയ്ക്ക് നൽകണം.

18. വാർഡുകളിൽ കാർഷിക ബോധവൽക്കരണ പരിപാടി നടത്തണം.

19. കൃഷിഭവന്റെ പ്രവർത്തനങ്ങളെക്കുറിച്ചും പദ്ധതികളെക്കുറിച്ചും യഥാസമയം പഞ്ചായത്തിലെ മുഴുവൻ കർഷകരേയും അറിയിക്കാനുള്ള കുറ്റമറ്റ സംവിധാനം ഉണ്ടാക്കണം.

20. പമ്പുസെറ്റുകൾ കൃഷിക്കാർക്ക് സൗജന്യ നിരക്കിൽ നൽകണം.

22. പി.ഐ.പി. ജലം താഴ്ന്ന പ്രദേശങ്ങളിലേക്ക് എത്തിക്കാൻ സംവിധാനം ഉണ്ടാകണം.

23. നദീതീരം പച്ചക്കറികൃഷി, കരിമ്പ് എന്നീ കൃഷിക്ക് അനുയോജ്യമാണ്.

24. കൂൺ കൃഷിയുടെ വ്യാവസായിക പ്രാധാന്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം.

25. നാണ്യവിളയായ റബ്ബറിന്റെ വരവ് മറ്റു കൃഷികളെ ബാധിച്ചു.

26. ജൈവവള കീടനാശിനികൾ ഇല്ല.

27. കാർഷിക ആവശ്യങ്ങൾക്ക് വൈദ്യുതി സൗജന്യമായി നൽകണം.

28. തോടുകളും ഏലാകളും ഭിത്തി കെട്ടി സംരക്ഷിക്കണം.

29. പുത്തൻപുരയ്ക്കൽ പടിക്കലുള്ള പി.ഐ.പി. വക വറ്റാത്ത കുളം ജലസേചന സൗകര്യത്തിനായി ഉപയോഗിക്കണം.

രോഗങ്ങൾ

റബ്ബർ - ചീക്ക, പട്ടമരവിപ്പ്, അകാല ഇലകൊഴിച്ചിൽ.

വാഴ - കുറുനാമ്പ്.

മുളക് - കൊടിപഴുപ്പ്.

നെല്ല് - ഓലചുരുട്ടിപ്പുഴു, ചാഴി, തണ്ടുതുരപ്പൻ,


ഇഞ്ചി - മാണപ്പുഴു, തണ്ടുതുരപ്പൻ.

പട്ടിക 2
ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം
നിലം	36
പുരയിടം	1364.42 ഹെ.
പുറമ്പോക്ക്	ഇല്ല
കൃഷിയോഗ, തരിശ്	7.0 ഹെ.
കൃഷിയോഗ്യമല്ലാത്തതരിശ്	36.96 ഹെ.
ആകെ	1444.38 ഹെ.

വിളവിസ്തീർണ്ണവും ഉൽപാദനവും

വിള	വിസ്തീർണ്ണം	മൊത്തം ഉൽപാദനം	ഉൽപാദനക്ഷമത (ഹെക്ടർ)
നെല്ല് (ഒന്നാംവിള)	5.0 ഹെ.	9.9 റ്റി.	
നെല്ല് (രണ്ടാം വിള)	20.6 ഹെ.	45. റ്റി	2184. കി. ഗ്രാ/ ഹെ.
നെല്ല് (മൂന്നാം വിള)	ഇല്ല	ഇല്ല	ഇല്ല
പയർ	10.5. ഹെ.	3.5 റ്റി.	333 കി. ഗ്രാ/ ഹെ.
എള്ള്	ഇല്ല	ഇല്ല	ഇല്ല
പച്ചക്കറികൾ	12.5 ഹെ.	448 കി.ഗ്രാ./ ഹെ.	
തെങ്ങ്	55. ഹെ.	60372 മീ	2310. നട്ട്സ്/ ഹെ.
വാഴ	22 ഹെ.	140.08 റ്റി.	
മരച്ചീനി	18 ഹെ.	110 റ്റി	6367 കി.ഗ്രാ./ ഹെ.
കുരുമുളക്	15. ഹെ.	4050 കി.ഗ്രാം.	11000 കി.ഗ്രാ./ഹെ.
പ്ലാവ്	7 ഹെ.	13.3റ്റി	225 കി.ഗ്രാ./ഹെ.
കശുമാവ്	10 ഹെ.	12.3 റ്റി.	1327 കി.ഗ്രാ./ഹെ.
മാവ്	5 ഹെ.		
റബ്ബർ	1008 ഹെ.	4636.8 റ്റി.	2469 കി.ഗ്രാ./ഹെ.
കവുങ്ങ്	7 ഹെ.	3,20,000 നെറ്റ്സ്	22857 നട്ട്സ്
വെറ്റില	5 ഹെ.		



മൃഗ സംരക്ഷണം

കാർഷികരംഗത്തുണ്ടായ യന്ത്രവൽക്കരണവും മോട്ടോർ വാഹനങ്ങളുടെ ആവിർഭാവവും ഉഴവുമാടുകളുടെയും, വണ്ടിക്കാളകളുടെയും, കുതിരകളുടെയും പ്രധാന്യം നഷ്ടപ്പെടുത്തിയിരിക്കുന്നു. കാലത്തിന്റെയും ശാസ്ത്രത്തിന്റെയും മുന്നോട്ടുള്ള ഈ കുതിപ്പിനെതിരെ നമുക്ക് മുഖം തിരിച്ചു നിൽക്കാനാവില്ല. എങ്കിലും ആരോഗ്യമുള്ള ഒരു ജനതയുടെ സൃഷ്ടിക്കായി ആവിഷ്കരിക്കപ്പെടുന്ന പദ്ധതികളിൽ പ്രധാനപ്പെട്ട ഒന്നായി മൃഗസംരക്ഷണത്തെ കണക്കാക്കാം. പട്ടിണി മരണത്തെയും, ദാരിദ്ര്യത്തേയും കഴിഞ്ഞ പഞ്ചവൽസര പദ്ധതികളുടെ വിജയകരമായ നടത്തിപ്പോടുകൂടി നമുക്ക് പൂർണ്ണമായും പരാജയപ്പെടുത്താൻ കഴിഞ്ഞു. എന്നാൽ പോഷകാഹാരത്തിന്റെ കുറവ് ഇന്നും ഈ സമൂഹത്തിന്റെ ഏറ്റവും വലിയ ഭീഷണികളിൽ ഒന്നായി തുടരുന്നു. ഇത് പരിഹരിക്കാൻ ഫലപ്രദമായ മൃഗസംരക്ഷണ പരിപാടികളിലൂടെ കഴിയും.

ഒരു കാലത്ത് ഭൂരിപക്ഷം വീടുകളിലും ഐശ്വര്യത്തിന്റെയോ പ്രൌഡിയുടെയോ ചിഹ്നങ്ങളായി ശോഭിച്ചിരുന്ന കാലിക്കൂടുകളും, കാലികളും ഇന്ന് അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു. ഇവയുടെ പുന:പ്രതിഷ്ഠയ്ക്കാവശ്യമായ പദ്ധതികൾ തന്നെ രൂപം കൊള്ളേണ്ടിയിരിക്കുന്നു. നമ്മുടെ പ്രാഥമികവും അല്ലാത്തതുമായ എല്ലാ ആവശ്യങ്ങൾക്കും കമ്പോളത്തേ ആശ്രയിക്കുന്ന കമ്പോള സംസ്കാരത്തിനൊരു മാറ്റം വരുത്തുവാൻ ഒമ്പതാം പഞ്ചവൽസര പദ്ധതിക്ക് കഴിയും എന്ന് നമുക്ക് ആശിക്കാം.

നമ്മുടെ പഞ്ചായത്തിന്റെ ഉപഭോഗത്തിനാവശ്യമായ മുട്ട, പാൽ, ഇറച്ചി എന്നിവ മറ്റു ജില്ലകളിൽ നിന്നും അയൽ സംസ്ഥാനങ്ങളിൽ നിന്നുമാണ് എത്തിക്കൊണ്ടിരിക്കുന്നത്. റാന്നി ക്ഷീര ഉല്പന്നങ്ങളുടെയും, മാംസത്തിന്റെയും ഒരു വലിയ വിപണിയാണ്. പഞ്ചായത്തിൽ ആകെ പ്രവർത്തിക്കുന്ന ഒരു ക്ഷീരോല്പാദന സംഘം ഉതിമൂട്ടിലാണ്. പായ്ക്കറ്റ് പാലിനും, തൈരിനും മറ്റു സ്ഥലങ്ങളെ ആശ്രയിക്കേണ്ടുന്ന സ്ഥിതി വിശേഷത്തിനെതിരെ നാം ഉണർന്ന് പ്രവർത്തിക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ആകെ ഒരു മൃഗാശുപത്രി മാത്രമാണുള്ളത്. പഞ്ചായത്തിന്റെ വടക്കു പടിഞ്ഞാറെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ഈ സ്ഥാപനം ജനങ്ങളുടെ ആവശ്യങ്ങൾ പൂർണ്ണമായും നടപ്പിലാക്കത്തക്ക രീതിയിൽ സജ്ജമല്ല. റാന്നി പഞ്ചായത്തിൽ 2-ാം വാർഡിൽ ഊർജ്ജിത കന്നുകാലി വികസന കേന്ദ്രം പ്രവർത്തിക്കുന്നു.

ഒരു കാലത്ത് ഭൂരിപക്ഷം വീടുകളിലും ഐശ്വര്യത്തിന്റെയോ പ്രൌഡിയുടെയോ ചിഹ്നങ്ങളായി ശോഭിച്ചിരുന്ന കാലിക്കൂടുകളും, കാലികളും ഇന്ന് അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു. ഇവയുടെ പുന:പ്രതിഷ്ഠയ്ക്കാവശ്യമായ പദ്ധതികൾ തന്നെ രൂപം കൊള്ളേണ്ടിയിരിക്കുന്നു. നമ്മുടെ പ്രാഥമികവും അല്ലാത്തതുമായ എല്ലാ ആവശ്യങ്ങൾക്കും കമ്പോളത്തേ ആശ്രയിക്കുന്ന കമ്പോള സംസ്കാരത്തിനൊരു മാറ്റം വരുത്തുവാൻ ഒമ്പതാം പഞ്ചവൽസര പദ്ധതിക്ക് കഴിയും എന്ന് നമുക്ക് ആശിക്കാം.

റാന്നി പഞ്ചായത്തിൽ 1996-ൽ നടത്തിയ 15-ാമത് കന്നുകാലി സെൻസസ് അനുസരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 1

ക്രമ നമ്പർ	ഇനം	എണ്ണം
1	പശു	1353
2	എരുമ	10
3	കാള	8
4	പോത്ത്	6
5	ആട്	645
6	കോഴി	9216
7	നായ്	539
8	താറാവ്	296

പ്രശ്നങ്ങൾ

1. കന്നുകാലികളിൽ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം എന്നിവ സാധാരണമാണ്.
2. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്.
3. കോഴി വസന്ത സാധാരണമാണ്.
4. പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നില്ല.
5. 1,2,3,4,5 വാർഡുകളിൽ ക്ഷീരോത്പാദന സഹകരണ സംഘങ്ങൾ ഇല്ല.
6. പേ വിഷബാധയുടെ ശല്യം.
7. മൃഗാശുപത്രിയിൽ മരുന്നുകൾ സൂക്ഷിക്കാൻ സൗകര്യമില്ല.
8. അത്യുൽപാദന ശേഷിയുള്ള കന്നുകാലികൾ ഇല്ല.
9. കാലിത്തീറ്റയുടെ വിലക്കൂടുതൽ.

നിർദ്ദേശങ്ങൾ/സാദ്ധ്യതകൾ

1. പശു വളർത്തൽ ഉപതൊഴിലായി സ്വീകരിച്ചവർക്ക് കറവ പശുക്കളെ വാങ്ങുവാൻ സാമ്പത്തിക സഹായം നൽകുക.
2. എല്ലാ കറവ പശുക്കൾക്കും സബ്സിഡി നിരക്കിൽ മെച്ചപ്പെട്ട കന്നുകാലി തീറ്റയും മിനറൽ മിക്സറും നൽകുക.
3. എല്ലാ സങ്കരവർഗ്ഗ പശുക്കിടാക്കളേയും കാറ്റിൽ ഫീഡ്, സബ്സിഡി സ്കീമിൽപ്പെടുത്തി അത്യുല്പാദനശേഷിയുള്ള കന്നുകാലി സമൂഹത്തെ സൃഷ്ടിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക.
4. മാംസ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എല്ലാ മൂരിക്കിടാങ്ങൾക്കും സൗജന്യനിരക്കിൽ കന്നുകാലി തീറ്റയും മറ്റും നല്കുക.
5. പുൽകൃഷി പ്രോത്സാഹിപ്പിക്കുക.
6. മിൽക്ക് സൊസൈറ്റികൾ സ്ഥാപിക്കുക.
7. എല്ലാ കുടുംബങ്ങൾക്കും വർഷംതോറും 10 കോഴിക്കുഞ്ഞുങ്ങളെ വീതം സൗജന്യനിരക്കിൽ നൽകി അടുക്കള മുറ്റത്തുള്ള കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക.
8. കോഴികൾക്ക് ആവശ്യമായ കോഴിതീറ്റ സൗജന്യ നിരക്കിൽ നല്കുക.
9. താല്പര്യമുള്ളവർക്ക് ഇറച്ചി കോഴി വളർത്തലിന് സാമ്പത്തിക സഹായം ചെയ്യുക.
10. ദുർബല കുടുംബങ്ങൾക്ക് ആട്ടിൻകുട്ടികളെ വാങ്ങുന്നതിന് സാമ്പത്തിക സഹായം ചെയ്യുക.
11. വെള്ളം ലഭ്യമായ കുളങ്ങൾ വികസിപ്പിച്ച് മത്സ്യം വളർത്തുവാൻ വേണ്ട സാമ്പത്തിക സഹായം നല്കുക.
12. മൃഗാശുപത്രികളിൽ പുതിയ മുറി പണിത് സ്ഥല സൗകര്യം ഉണ്ടാക്കുക.
13 ടെലിഫോൺ സൗകര്യം ഉണ്ടാക്കുക.
14. ക്ലീനിക്കൽ ലാബിൽ ആവശ്യമായ ഉപരണങ്ങളും കെമിക്കലും നൽകുക.
15. എല്ലാ കന്നുകാലികളേയും ഇൻഷുറൻസ് പദ്ധതിയിൻ കീഴിൽ കൊണ്ടുവരിക.
16. ഇൻസ്പെക്ടറുടെ സേവനം എല്ലാ മേഖലയിലും ലഭ്യമാക്കുക.
17. വ്യവസായിക അടിസ്ഥാനത്തിൽ പന്നി വളർത്തൽ, മുയൽ വളർത്തൽ എന്നിവ നടത്തുക.
18. മാംസ സംസ്കരണ ഫാക്ടറി സ്ഥാപിക്കുക.
19. നിലവിലുള്ള കുളങ്ങളെ പുനർജീവിപ്പിച്ച് മീൻ വളർത്തൽ പ്രോത്സാഹിപ്പിക്കുകയും മൽസ്യകുഞ്ഞുങ്ങൾക്ക് തീറ്റ സൗജന്യമായി നൽകുകയും ചെയ്യുക.

പട്ടിക 2


പേവിഷബാധ - പ്രതിരോധ കുത്തിവയ്പ്
ക്രിത്രിമബീജസങ്കലനം എന്നിവയെ സംബന്ധിച്ച്.


ക്രമനമ്പർ	ഇനം	ആകെ എണ്ണം	ഗർഭധാരണത്തിനു രണ്ടിലധികം തവണ	
			ക്രിത്രിമ ബീജസംങ്കലനം നടത്തിയവ	ബീജസങ്കലനം നടത്തിയവ
1	പശു	3000	2500	250
2	കിടാരി	1000	750	125
3	എരുമ	50	30	8

കടിയേറ്റതിനുശേഷം കുത്തിവയ്പ് നടത്തിയത്

ക്രമനമ്പർ	ഇനം	എണ്ണം
1	പശു	128
2	ആട്	68
3	പട്ടി	284

അവലംബം മൃഗസംരക്ഷണവകുപ്പ് രേഖ.





ഇന്ത്യൻ കരസേന പമ്പാനദിക്കു കുറുകെ
റാന്നി ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ പണിത

ബെയ്‌ലി പാലം

വ്യവസായം

റാന്നി താലൂക്കിന്റെ ആസ്ഥാനം റാന്നി ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. തികച്ചും ഒരു കാർഷിക ഗ്രാമീണ മേഖലയാണ് റാന്നി. കൃഷിയാണ് ഇവിടുത്തെ ജനങ്ങളുടെ പ്രധാന തൊഴിൽ.

കൃഷിയെ അധികരിച്ചുള്ള വ്യവസായങ്ങളും വിപണനങ്ങളുമാണ് ഏറ്റവും പ്രധാനം.

റാന്നി പഞ്ചായത്തിൽ അടുത്ത കാലം വരെ വ്യവസായികസംരംഭങ്ങൾ ഒന്നും തന്നെ ഇല്ലായിരുന്നു എന്നു പറയാം.

പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ വൻകിട വ്യവസായങ്ങൾ ഒന്നും തന്നെയില്ല.

കഴിഞ്ഞ 20 വർഷത്തിനുള്ളിലുള്ള വ്യവസായിക വളർച്ച മാത്രമാണ് പ്രധാനമായും റാന്നിയിലുള്ളത്.

ഇപ്പോൾ നിലവിലുള്ള വ്യവസായങ്ങൾ.

1) അച്ചടി വ്യവസായം.
2) ഇഷ്ടിക നിർമ്മാണം.
3) ഹോളോബ്രിക്സ് നിർമ്മാണം.
4) തടിമില്ല് വ്യവസായം.
5) ഫർണീച്ചർ വ്യവസായം.
6) കറി പൗഡർ വ്യവസായം.
7) വസ്ത്രനിർമ്മാണം.
8) കടലാസുപെട്ടി നിർമ്മാണം.
9) അലുമിനിയം വ്യവസായം.
10) ഇറച്ചിക്കോഴി വ്യവസായം.
11) ക്ഷീരവ്യവസായം.

മേൽ പറഞ്ഞ മേഖലകളിൽ പുരുഷൻമാരാണ് കൂടുതൽ പണി ചെയ്യുന്നത്. കടലാസ് പെട്ടി നിർമ്മാണത്തിലും അച്ചടി വ്യവസായത്തിലും 90% സ്ത്രീകളാണ് പണി ചെയ്യുന്നത്.

റാന്നിയിലെ മുഖ്യ കാർഷികോല്പന്നമായ റബ്ബർ ഉപയോഗിച്ചുള്ള റബ്ബർ വ്യവസായിക യൂണിറ്റുകൾക്ക് നല്ല സാധ്യതയുണ്ട്.

റാന്നി പഞ്ചായത്ത് രണ്ടാം വാർഡിലുണ്ടായിരുന്ന ഒരു അലുമിനിയം ഫാക്ടറി അടച്ചു പൂട്ടേണ്ടി വന്നു. ഇതിലേക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ തമിഴ്നാട്ടിൽ നിന്നുമാണ് വന്നുകൊണ്ടിരുന്നത്. ഇതിനുൾപ്പെടുത്തിയിരുന്ന നികുതി ഈ വ്യവസായത്തിന്റെ തകർച്ചക്കു കാരണ

റാന്നിയുടെ പ്രകൃതി വിഭവങ്ങളും മനുഷ്യ വിഭവങ്ങളും അടിസ്ഥാന സൗകര്യങ്ങളും കണക്കിലെടുത്താൽ വൻകിട വ്യവസായങ്ങൾക്കുള്ള സാധ്യതകൾ തീരെയില്ല. എസ്.എസ്.ഐ. യൂണിറ്റുകൾക്കാണ് കൂടുതൽ സാധ്യത.

റബ്ബർ നാളികേരം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള വൻകിട വ്യവസായം തുടങ്ങുന്നത് തൊഴിൽ അവസരങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കാൻ ഉപകരിക്കും.

മായി. റാന്നിയിൽ വളരെയധികം സാധ്യതയുള്ള ഈ ഫാക്ടറി പുനരുദ്ധരിക്കുകയോ ഇത്തരം മറ്റൊരു ഫാക്ടറി തുടങ്ങുകയോ ചെയ്യേണ്ടതാണ്.

റാന്നിയുടെ പ്രകൃതി വിഭവങ്ങളും മനുഷ്യ വിഭവങ്ങളും അടിസ്ഥാന സൗകര്യങ്ങളും കണക്കിലെടുത്താൽ വൻകിട വ്യവസായങ്ങൾക്കുള്ള സാധ്യതകൾ തീരെയില്ല. ആയതിനാൽ എസ്. എസ്.ഐ. യൂണിറ്റുകൾക്കാണ് കൂടുതൽ സാധ്യത.

അതുപോലെ നാളികേരം ഉപയോഗിച്ചുള്ള വ്യവസായത്തിനു സാധ്യതയേറെയാണ്. റബ്ബർ നാളികേരം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള വൻകിട വ്യവസായം തുടങ്ങുന്നത് തൊഴിൽ അവസരങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കാൻ ഉപകരിക്കും. ഈ വ്യവസായത്തിനുള്ള അസംസ്കൃത സാധനങ്ങൾ നമ്മുടെ നാട്ടിൽ തന്നെ സുലഭമായി ലഭിക്കുകയും ചെയ്യുന്നു.

റാന്നി പഞ്ചായത്തിൽ തെക്കേപ്പുറത്ത് റാന്നി റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘം വാങ്ങിയ സ്ഥലത്ത് റബ്ബർ അധിഷ്ഠിത വ്യവസായം ഉടൻ ആരംഭിക്കാൻ നടപടി സ്വീകരിക്കണം. ഈ സ്ഥലം ഇൻഡസ്ട്രിയൽ എസ്റ്റേറ്റായും ഉപയോഗിക്കുവാൻ ഉപയുക്തമാണ്. പുതുശ്ശേരിമല കേന്ദ്രീകരിച്ച് ക്രഷർ യൂണിററുകൾക്ക് സാദ്ധ്യതകൾ കൂടുതലുണ്ട്. ഇതിനാവശ്യമായ പാറ സുലഭമായി ഇവിടെ ലഭിക്കുന്നു. റാന്നി പെരുമ്പുഴ കടവ് കേന്ദ്രമാക്കി ഹോട്ടൽ കോംപ്ലക്സ് സ്ഥാപിച്ചും, ചെറുകിട ബോട്ട് സർവ്വീസ് നടത്തിയും ടൂറിസം വ്യവസായം വികസിപ്പിക്കുവാൻ കഴിയും. സ്വകാര്യമേഖലയിലും പൊതുമേഖലയിലും ഈ വ്യവസായത്തിലൂടെ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും.

നിർദ്ദേശങ്ങൾ

1) പഞ്ചായത്തു തലത്തിൽ സാങ്കേതിക വിദഗ്ധരെ പങ്കെടുപ്പിച്ച് സെമിനാറുകളും ചർച്ചാ ക്ലാസും നടത്തുക.

2) വ്യവസായം തുടങ്ങുവാൻ ആഗ്രഹിക്കുന്നവരുടെ പട്ടിക പഞ്ചായത്തിൽ തയ്യാറാക്കുക.

3) വിവിധ മേഖലകളിൽ വ്യവസായം തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് സർക്കാർ സൗജന്യ പരിശീലനവും സാമ്പത്തിക സഹായവും നൽകുക.

4) വ്യവസായത്തിനാവശ്യമായ വൈദ്യുതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുകയും വൈദ്യുതി നിരക്ക് കുറയ്ക്കുകയും ചെയ്യുക.

5) വ്യവസായ വളർച്ച പരിശോധിച്ച് പ്രോൽസാഹിപ്പിക്കുന്നതിനായി ഒരു മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കുക.

6) പരമ്പരാഗത തൊഴിലാളികളുടെ വ്യവസായം നിന്നു പോകാതിരിക്കുവാൻ വേണ്ട സഹായവും പ്രോത്സാഹിപ്പിക്കുവാൻ വേണ്ട നടപടിയും സ്വീകരിക്കുക.

7) സാമ്പത്തിക സ്ഥാപനങ്ങളുടെ സഹായത്തോടു കൂടി സഹകരണമേഖലയിൽ വ്യവസായങ്ങൾ ആരംഭിക്കുക.

8) വ്യവസായിക വികസനത്തിനും വിപണനത്തിനും അനിവാര്യമായ നിർദ്ദിഷ്ട മലയോരറെയിൽവേ റാന്നിയിൽ കൂടി കടന്നു പോകുന്നതിനും സത്വര നടപടി സ്വീകരിക്കുക.

9) റബ്ബർ തടി സംസ്കരണ യൂണിറ്റ് സ്ഥാപിക്കുക.

10) സഹകരണ മേഖലയിൽ ഒരു റബ്ബർ മിക്സിംഗ് മിൽ തുടങ്ങുക.

11) റാന്നി ആസ്ഥാനമാക്കി താലൂക്ക് വ്യവസായ ആഫീസ് ആരംഭിക്കുക.

കാർഷിക വ്യവസായിക മേഖലയുടെ ഫലപ്രദമായ വളർച്ചയിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും ആളോഹരി വരുമാനം വർദ്ധിപ്പിച്ചും സാമൂഹിക സാമ്പത്തിക സാംസ്കാരിക പുരോഗതിക്ക് ആക്കം കൂട്ടുവാനും ഒരു പുത്തൻ വികസന സംസ്കാരം പുതിയ തലമുറയിലേക്ക് കൈമാറുവാനും കഴിയട്ടെ.

ചുരുങ്ങിയ ചിലവിൽ കമ്പോളം ലഭിക്കാൻ സാദ്ധ്യതയുള്ള വ്യവസായങ്ങൾ

പട്ടിക 1

1 കോഴി വളർത്തൽ
2 ആയുർവ്വേദ മരുന്നു നിർമ്മാണം.
3 ഫർണീച്ചർ വ്യവസായം.
4 ചെരുപ്പു നിർമ്മാണം.
5 അലുമിനിയ പാത്രങ്ങളുടെ ഉല്പാദനം.
6 ഫാൻസി ലതർ ഗുഡ്സ്.
7 പ്ലാസ്റ്റിക്ക് ബട്ടൻസ്.
8 വീട്ടുപകരണങ്ങൾ.
9 ക്ലീനിംഗ് പൗഡർ.
10 ഇരുചക്രവാഹനങ്ങളുടെ വർക്ക്ഷോപ്പ്.
11 സിന്തറ്റിക്ക് വിനാഗിരി ഉല്പാദന യൂണിറ്റ്.
12 ഇലക്ട്രോണിക്ക് ചോക്ക് നിർമ്മാണം.
13 ഇലക്ട്രോണിക്ക് ഫാൻ റഗുലേറ്റർ.
14 സ്വിച്ച് ബോർഡ്.
15 വിവിധതരം ഷൂസുകൾ.
16 ഓട്ടോ ഇലക്ട്രിക്ക് ഷോപ്പ്.
17 ജനറൽ എൻജിനീയറിംഗ്.
18 ചിപ്സ് നിർമ്മാണം.
വാർഡ്	പേര്	ദൂരം മീ. (ഉദ്ദേശം)
1	വെള്ളാപ്പള്ളിപടി - കൊല്ലതുണ്ടിപടി	150
	മല്ലപ്പള്ളിപടി എൻ.എസ്.എസ്.എൽ.പി.എസ്	100
	മുഴച്ചിക്കൽപടി - പഴേൽപടി - ഉല്ലാസ് നഗർ	150
2	പഴയവീട്ടിൽ പടി - നെടുന്താനത്ത് പടി	150
	കുഴിമണ്ണിൽ പടി - പറമ്പത്തു കടവ്	250
	നടുവിലേത്ത് പടി - വമ്പൂരേത്ത് - കുറിയംവേലി പടി	400
	പുത്തൻപുരക്കൽ - കണ്ണംകുഴേത്ത് പടി	200
3	കൊച്ചുകാലായിൽപടി - തോപ്പിൽ പടി	800
	പുളിക്കൽപടി - ചാർത്താകുഴി	600
	ആയിക്കൽ ലക്ഷംവീട് - ചുമടുതാങ്ങിപടി	400
	ചുട്ടിപ്പാറ - പതാക്കുപടി റോഡ്	350
4	നെടുമന്തല - വിളയിൽ പടി റോഡ്	400
	കക്കുഴിപടി - പാറാനിക്കൽ പടി	300
	കുത്തുകല്ലുംപടി - പേഴുംമൂട്ടിൽപടി	400
5	മന്ദിരം കാളപ്പാലം മുതൽ വലിയകലുങ്ക് ബണ്ട് റോഡ്	4000
	കൂട്ടുങ്കൽ കോളനി - കുളത്താനിൽ കോളനി - പാറക്കൽ കോളനി	2000
6	മിച്ചഭൂമി റോഡ് - വലിയകലുങ്ക്	1000
	ഉതിമൂട് ഗിരിജൻ കോളനി	1500
	നാരകത്തോലിൽ - കരിംകുറ്റിക്കൽ	1000
	പള്ളക്കാലാ - വലിയകലുങ്ക്	1000

	തോപ്പിൽ മുപ്പേൽ - സൊസൈറ്റിപടി	1000
	മണ്ണിൽ വടക്കേക്കര - മാലക്കര പടി	1500
	ഒലിവുമല - ആഞ്ഞിലിമൂട്ടിൽ പടി	1000
7	കൂട്ടുങ്കൽപടി - കൊച്ചുകര പടി - പൊട്ടൻകുളങ്ങര പടി	1000
	പുതുശ്ശേരിപടി - കൊല്ലംപടി	1500
	തച്ചിൽ പടി - കൊതകുളത്തുപാറ	1000
8	പാണ്ഡ്യൻപാറ - കുറിത്തിയോലിൽ	1500
	വാലുപുരയിടത്തിൽ പടി - പുന്നശ്ശേരിൽ പടി	1000
	കരണ്ടപാറ - പുതുശ്ശേരിമല യു.പി.എസ്.	2000

മാർക്കറ്റ്

നിലവിലുള്ള പ്രകൃതിവിഭവങ്ങളും കാർഷികവിഭവങ്ങളും ജനജീവിതവുമായി കോർത്തിണക്കുന്ന ഗ്രാമീണചന്തകൾ പഞ്ചായത്തിലുടനീളം സ്ഥാപിക്കുക വഴി നമ്മുടെ പഞ്ചായത്തിൽ സ്വാശ്രയത്തിന്റെ പാതയിലേക്ക് നീങ്ങുവാൻ കഴിയും.

പ്രശ്നങ്ങൾ

1. നാളികേരത്തിനായി പ്രത്തേകേ മാർക്കറ്റില്ല
2. 3,4,5,6,7,8 വാർഡുകളിൽ ആഴ്ച ചന്തകൾ ഇല്ല.
3. കാര്യക്ഷമമായി പ്രവർത്തിക്കുന്ന മത്സ്യ മാർക്കറ്റ് ഇല്ല.

നിർദ്ദേശങ്ങൾ

1. നാളികേര മാർക്കറ്റ് ഏർപ്പെടുത്തണം.
2. 3,4,5,6,7,8 വാർഡുകളിൽ ആഴ്ച ചന്തകൾ ആരംഭിക്കണം.
3. എല്ലാവാർഡുകളിലും മത്സ്യമാർക്കറ്റുകൾ ഉണ്ടാകണം.
4. സഹകരണാടിസ്ഥാനത്തിൽ മാർക്കറ്റ് ആരംഭിക്കുക.
5. റാന്നി പഞ്ചായത്തിൽ മാവേലി സ്റ്റോർ അനുവദിക്കുക.
6. ചപ്പു ചവറുകൾ കത്തിച്ചു കളയുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
7. സ്ലോട്ടർ ഹൗസും, സെഫ്റ്റി ടാങ്കും ആവശ്യമായ ട്രെയിനേജും ഉൾപ്പെടെ എല്ലാ സംവിധാനത്തോടും കൂടിയ പൊതുമാർക്കറ്റ് സ്ഥാപിക്കുക.
8. കൃഷി വകുപ്പിന്റെ ഫാമുകളിൽ നിന്നുമുള്ള കാർഷിക ഉത്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള സംവിധാനം കൃഷി ഭവന്റെ നേതൃത്വത്തിൽ ആരംഭിക്കുക.

ഊർജ്ജം

റാന്നി പഞ്ചായത്തിൽ വൈദ്യുതി എത്തിയിട്ട് മൂന്നിലധികം ദശകങ്ങൾ കഴിഞ്ഞിട്ടില്ല. കോഴഞ്ചേരി 110 കെ.വി. സ്റ്റേഷൻ, പത്തനംതിട്ട 110 കെ. വി. സ്റ്റേഷൻ, റാന്നി 66 കെ.വി. സബ് സ്റ്റേഷൻ എന്നീ കേന്ദ്രങ്ങളിൽ നിന്നുമാണ് റാന്നി പഞ്ചായത്തിൽ വൈദ്യുതി എത്തിക്കൊണ്ടിരിക്കുന്നത്. പഞ്ചയാത്തിലെ പ്രധാനപ്പെട്ട ഊർജ്ജം വൈദ്യുതിയാണന്ന് തന്നെ പറയാം ആകെ ഉള്ള 4884 വീടുകളിൽ 1637 വീടുകൾ മാത്രമെ വൈദ്യുദീകരിച്ചിട്ടുള്ളു. കാർഷക ആവശ്യത്തിനായി ആകെ രണ്ട് കണക്ഷനുകൾ മാത്രമെയുള്ളു എന്നത് ഈ രംഗത്തെ വികസനത്തിൻെറ ഭയാനകമായ സ്ഥിതിയാണ് ചൂണ്ടികാണിക്കുന്നത്. ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിപക്ഷവും വോൾട്ടേജ് ക്ഷാമത്തെക്കുറിച്ച് പരാതിപ്പെടുന്നു. പഞ്ചായത്തിലാകെ 27.500 കി.മി ദൂരം വൈദ്യുതി ലൈനുണ്ട്. പഞ്ചായത്തിലാകെ 188 പേർക്ക് വൈദ്യുത് കണക്ഷണുകൾ ലഭിച്ചപ്പോൾ 348 അപേക്ഷകൾ കെട്ടിക്കിടക്കുന്നു. തൻ വർഷത്തിൽ 4 ഓർഡിനറി കണക്ഷനുകളും 50 റ്റെംപററി കണക്ഷനുകളും 18 ഒ.വൈ.ഇ.സി. കണക്ഷനുകളും നൽകിയിരിക്കുന്നു.

പട്ടിക 1

നിലവിലുള്ള ഉപഭോക്താക്കൾ

ഗാർഹികം	1637
വ്യാപാരം	218
വ്യവസായകം	34
കാർഷികം	2

കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

1	ഓർഡിനറി	250
2	OTP	3
3	OYEL	95

പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

1	ബൾബ് 25വോൾട്ട് 40 വോൾട്ട് 60വോൾട്ട് 100വോൾട്ട്	552 എണ്ണം
2	ട്യൂബ്	45 എണ്ണം
3	മെർക്കുറി വൈപ്പർ	5 എണ്ണം
4	സോഡിയം വൈപ്പർ	0 എണ്ണം

പഞ്ചായത്ത് പരിധിയിലുള്ള എൽ.റ്റി. ട്രാൻസുഫോർമറുകളുടെ പേരുകൾ

1	റാന്നി ടൗൺ	2	മുണ്ടപ്പുഴ
3	വദന (പോലീസ്റ്റേഷനു സമീപം)	4	കണ്ടം
5	ടഫ് ലൈറ്റ്	6	അലയ
7	വൈക്കം	8	മന്ദിരം
9	വാളിപ്ലാക്കൽ	10	വലിയ കലുങ്ക്
11	ഉതിമൂട്	ആകെ എണ്ണം - 11	

പഞ്ചായത്തിൽ ആകെ ഒരു ഹഗിജൻ കോളനി മാത്രമെ വൈദ്യുതീകരിച്ചിട്ടുള്ളു (കുളത്താനിൽ കോളനി)

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ 1/3 ഭാഗം ആളുകൾക്ക് മാത്രമെ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ളു.
2 നിലവിലുള്ള ട്രാൻസ്ഫോർമറുകൾ അപര്യാപ്തമാണ്.
3 പഞ്ചായത്തിൽ 2-ാം വാർഡ് ഒഴികെ മറ്റെങ്ങും പൂർണ്ണമായി വൈദ്യുതി എത്തിയിട്ടില്ല.
4 പ്രേഷണ വിതരണ രംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധക്കുറവ് (മരച്ചില്ലകളും മറ്റു മുറിച്ചു മാറ്റുന്നത്).
5 വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.
6 ആവശ്യത്തിനു സ്ട്രീറ്റ് ലൈറ്റുകൾ ഇല്ല ഉള്ളവ കത്തുന്നില്ല.
7 ഷേഡില്ലാതെ ലൈറ്റ് സ്ഥാപിക്കുന്നതു കാരണം ബൾബിന്റെ ആയുസ്സു കുറയുന്നു.

മിക്ക ഗ്രാമസഭകളും സ്ട്രീറ്റു ലൈറ്റുകളുടെ നീണ്ട പട്ടിക തന്നെ സമർപ്പിച്ചിട്ടുണ്ട്. മീറ്റർ റീഡിംഗിലെ തകരാറും അധികബില്ല് ഈടാക്കുന്നതിലെ അപാകതയും പല ഗ്രാമസഭകളിലും പ്രതിക്ഷേധ ശബ്ദമായി തന്നെ ഉയർന്നിട്ടുണ്ട്.

നിർദ്ദേശങ്ങൾ

1. വൈദ്യുതി കണക്ഷൻ ലഭിക്കാൻ കാലതാമസം ഒഴിവാക്കുകയും നടപടികൾ ലഘൂകരിക്കുകയും ചെയ്യുക
2. കൂടുതൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
3. വൈദ്യുതി ബോർഡിന്റെ പ്രവർത്തനം ജനകീയ പരിശോധനക്ക് വിധേയമാക്കുക
4. പട്ടിക 2-ൽ പറഞ്ഞിരിക്കുന്ന കോളനികളിലും സ്ഥലങ്ങളിലും വൈദ്യുതി എത്തിക്കുക.
5. സോളാർ വിളക്കുകൾ, അടുപ്പുകൾ എന്നിവയുടെ ഉപയോഗം വ്യാപിപ്പിക്കുക.
6. അനോട്ടിന്റെ ഒരു ഓഫീസ് - റാന്നി പഞ്ചായത്തിലാരംഭിക്കുക.
8. ഇന്ധനക്ഷമത കൂടിയ അടുപ്പുകൾ കൂടുതൽ പ്രചരിപ്പിക്കണം. അപകടകരമായ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.
9. ടച്ചിംഗ്, നീഷാക്കിംഗ് എന്നിവ നടത്തുക.
10. 3 കണക്ഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കപ്പാസിറ്റിറുകൾ നിർബന്ധമാക്കുക.
11. പാചക വാതക ഏജൻസിയും പെട്രോൾ പമ്പും അനുവദിക്കുക.
12. പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങളിൽ കാറ്റാടിയന്ത്രം സ്ഥാപിച്ച് വൈദ്യുതി ഉത്പാദനം നടത്താവുന്നതാണ്.

സാദ്ധ്യതയുള്ള സ്ഥലങ്ങൾ

1 ഊട്ടുപാറ, പാണ്ഡ്യൻപാറ, കൊതകുത്തുപാറ, തോപ്പിൽ മുരുപ്പേൽ.
2 ആനപ്പാറമലയുടെ അടിവാരം, മേലേടത്തു വല്യടത്തുഭാഗം, കുട്ടംകുഴിഭാഗം
3 പൂതംപാറമല, ലക്ഷംവീട് കോളനി, മൂന്നു സെൻറ് കോളനി, തുണ്ടുമണ്ണിൽ മല, മലമണ്ണേൽമല, ചുട്ടിപ്പാറ, കണ്ണംവിരുത്തിഭാഗം.
4 ട്രഷറിപടി, മേപ്പറത്തുപടി.
5 ആലുങ്കൽ മുരുപ്പേൽ പാറയിൽപടി-കുളത്താനിപടി ലക്ഷംവീട് കോളനികൾ
6 ഉതിമൂട് മിച്ചഭൂമി, തോപ്പിൽ മുരുപ്പേൽ ഭാഗം, ഒറ്റക്കല്ല് ഇരട്ടക്കല്ലു ഭാഗം, മണ്ണിൽ വടക്കേകരഭാഗം, പള്ളിക്കാലാഭാഗം, കോയിക്കമണ്ണിൽഭാഗം.
7 തുണ്ടിയേത്ത്ഭാഗം, കൊല്ലനേത്ത്ഭാഗം, വലിയകാലായിൽഭാഗം, മേപ്പുറത്തിഭാഗം, ഇഞ്ചോലിൽഭാഗം.
8 പട്ടികജാതികോളനി, കുറത്തിവേലിൽഭാഗം, പാണ്ഡ്യൻപാറ ലക്ഷംവീട് കോളനി, കരണ്ടകപാറ നായാടി കോളനി, നെടുവേലിൽ കോളനി, കുളികടവുങ്കൽ കാലായിൽ, തെക്കേകാലായിൽ.

റാന്നി പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റ് വേണ്ട സ്ഥലങ്ങൾ

വാർഡ് 1

ആനപ്പാറമലയുടെ അടിവാരം

വാർഡ് 2

നടുവിലേത്ത്പടി, കുറിയൻവേലിൽപടി, കുഴിമണ്ണിൽപടി, കുരിക്കാട്ടിൽ പടി, തടത്തേൽപടി, ചക്കുമൂട്ടിൽ പടി. എട്ടു കുളിക്കടവിൽ സ്ട്രീറ്റ് ലൈറ്റുകൾ വേണം. ചക്കുമൂട്ടിൽപ്പടി, ആനപ്പാറമല - സ്ട്രീറ്റ് ലൈറ്റുകൾ വേണം . നിഴലൂർ പടി.

വാർഡ് 3

കഞ്ഞിക്കുഴിമൂഴിയിൽ, മാരാംതോട്ടത്തിൽ കടവ്, ആയിക്കൽ കടവ്

വാർഡ് 4

തോമ്പിൽ കടവ്, പെറോൺകടവ്, മടത്തുംകടവ്, വയലാകടവ്, പാറാനിക്കൽ കടവ്, പടിയറ പഞ്ചായത്ത് കടവ്.

വാർഡ് 5

കാളപ്പാലം വലിയകലുങ്ക് - ബണ്ട് റോഡ് സ്ട്രീറ്റ് ലൈറ്റ് വേണം. കോഴിക്കോട് ലക്ഷം വീട് കോളനി. വാളിപ്ലാക്കൽ ലക്ഷം വീട് കോളനി. കാർത്തിക വിലാസംപടി - നെടുമണ്ണിപടി റോഡ്. കൂട്ടുങ്കൽ കോളനി. കൂട്ടുങ്കൽ - കുളത്താനി പാറയ്ക്കൽ കോളനി. വേട്ടോപറമ്പിൽ കുളിക്കടവ്. ഉപ്പുകുളത്തിൽ പടി. എട്ടുപറ പടി. ളാഹയിൽ പടി. പാറയ്ക്കൽ പടി

വാർഡ് 6

മിച്ചഭൂമി, പള്ളിക്കാലാ, മണ്ണിൽ വടക്കേക്കര, പള്ളിപ്പടി, ആനപ്പാറ, ഉതിമൂട്, പന്തളംമുക്ക്, മട്ടയ്ക്കൽ, തോപ്പിൽ മുരുപ്പേൽ, കരിങ്കുറ്റിക്കൽ, ചെങ്ങറമുക്ക്, കരിങ്ങാട്ടിൽ ഭാഗം, നാരകത്തോലിൽ, കുമ്പളാംപൊയ്ക റോഡ്, മുണ്ടപ്ലാക്കൽ വലിയപുരയിടത്തിൽ ഭാഗം, കോയിക്കമണ്ണിൽ തടത്തിൽ

വാർഡ് 7

കൂരാന്തറ, ഇഞ്ചോലിഭാഗം, കൊല്ലനേത്ത്, ആലനിൽക്കുന്നതിൽ ഭാഗം, വലിയകാലായിൽഭാഗം, പാറയ്ക്കലേത്ത്, പുതുച്ചിറ, കോഴിക്കോട്ടിൽ പടി, കൂട്ടുങ്കൽ കോളനി, പൊട്ടൻകുളത്തിങ്കൽ ഭാഗം. (കോളനി)

വാർഡ് 8

കുളികടവിങ്കൽ പടി, കിഴക്കേവിള, പള്ളിക്കമുരുപ്പ് മുസ്ലീം പള്ളിപടി, അപ്പിപടി, തട്ടയ്ക്കാട്, കൊല്ലൻപടി കുന്നേൽഭാഗം, പുതറ കല്ലുങ്കൽ, കടക്കേത്ത് പടി, മുണ്ടപ്ലാക്കൽ പടി, പർവ്വതം ഭാഗം, ഹോമിയോ ഡിസ പൻസറി ഭാഗം, യു.പി. സ്ക്കൂൾ പുതുശ്ശേരിമല.

കടവുകൾ

1 കടത്തുകടവ്
ഭജനമഠംകടവ്
മേനാംതോട്ടം കടവ്
പ്ലാവേലിൽ കടവ്
ഇല്ലത്തു കടവ്
കൊട്ടാരത്തിൽ കടവ്
കീപ്പനാൽ കടവ്
ചന്തക്കടവ്

2 പെരുമ്പുഴ കടവ്
മറ്റപ്പള്ളി കടവ്
ഇളംകാവിൽ കടവ്
പുളിവേലിൽ കടവ്
തുതിയിൽ കടവ്
മൂത്തേടത്ത് കടവ്
കുളത്താപ്പള്ളി കടവ്
കോവൂർ കടവ് (കോവൂർ കടവിൽ കടത്തു വള്ളം അനുവദിക്കണം)
പറമ്പത്തു കടവ്
മാരാംതോട്ടം കടവ്

3 ആയിക്കൽ കടവ്
കണ്ണൻകുഴയത്ത് കടവ്
കഞ്ഞിക്കുഴി മൂഴി കടവ്

4 തോമ്പിൽ കടവ്
പൊറോൺ കടവ് (ചൊവ്വൂർ കടവ്)
മഠത്തിൽ കടവ്
വയലാ കടവ്
പാറാനിക്കൽ കടവ്
പടിയറ പഞ്ചായത്ത് കടവ്

നിർദ്ദേശങ്ങൾ

റാന്നി ടൗൺ ബസ്റ്റാൻഡ് കോൺക്രീറ്റ് ചെയ്യുകയും, പരിസരത്തുള്ള ഓടകളും കംഫർട്ട് സ്റ്റേഷനും വൃത്തിയാക്കുക.

പാർപ്പിടവും സാമൂഹ്യ ക്ഷേമവും

1947-ൽ ഇൻഡ്യാ മഹാരാജ്യം വിദേശ ഭരണത്തിൽ നിന്നും മോചിതമായപ്പോൾ നിരവധി സാമൂഹിക, സാമ്പത്തിക, പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതായി വന്നു. എല്ലാത്തരം പ്രശ്നങ്ങൾക്കും ഉടനടി പരിഹാരം കാണു ന്നത് പ്രായോഗികമല്ലാതിരുന്നതിനാൽ ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവ മനുഷ്യന്റെ അടിയന്തിര ആവശ്യങ്ങളായി പ്രഖ്യാപിയ്ക്കപ്പെട്ടു. ഭക്ഷ്യോൽപാദന രംഗത്തും, വസ്ത്ര നിർമ്മാണ രംഗത്തും നമ്മൾ വളരെയധികം മുന്നിൽ എത്തുകയുണ്ടായി. എന്നാൽ ഭവന നിർമ്മാണ രംഗം പൂർണ്ണമായും വികസിപ്പിയ്ക്കുവാൻ എട്ട് പഞ്ചവൽസര പദ്ധതികൾക്കും കഴിഞ്ഞില്ല. ഇതിനു പരിഹാരം കാണേണ്ടത് ഒരു ക്ഷേമ രാഷ്ട്രത്തിന്റെ പരമപ്രധാനമായ കർത്തവ്യമാണ്. ആയതിനാൽ 7-ാം പദ്ധതിയിൽ നമ്മൾ പ്രാധാന്യത്തോടുകൂടി ഈ വിഷയം ചർച്ച ചെയ്യപ്പെടേണ്ടതായിട്ടുണ്ട്.

റാന്നി ഗ്രാമപഞ്ചായത്തിൽ ഭവന നിർമ്മാണ പ്രശ്നം അത്ര ഗുരുതരമല്ല. എങ്കിലും, പഞ്ചായത്തിന്റെ 5,6,7,8 വാർഡുകളിലെ മുഖ്യ വിഷയം ഇപ്പോഴും ഇതുതന്നെയാണ്. സാധാരണക്കാരായ ജനങ്ങൾക്ക് കെട്ടിട നിർമ്മാണം ഇപ്പോഴും ഏറ്റവും വലിയ പ്രതീക്ഷയും ഒപ്പം പ്രശ്നവുമാണ്. ഇവരെ ബാധിക്കുന്ന നിരവധി പ്രശ്നങ്ങൾ നിലവിലുണ്ട്. അവ ചുവടെ ചേർക്കുന്നു. അവയ്ക്ക് പരിഹാരം കാണുന്നില്ലങ്കിൽ 9-ാം പദ്ധതിയിലും നമുക്ക് ലക്ഷ്യത്തിലെത്തിച്ചേരാൻ കഴിയും എന്നു വിശ്വസിക്കേണ്ടതില്ല.

പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണത്തിനു വേണ്ട അസംസ്കൃത സാധനങ്ങളുടെ വില വർദ്ധനവ്.
2. വിദഗ്ധ തൊഴിലാളികളെ ലഭിക്കുവാനുള്ള ബുദ്ധിമുട്ട്.
3. തൊഴിലാളികളുടെ കൂലി നിരക്കിലുണ്ടായ വർദ്ധനവ്.
4. ഭൂമിയുടെ വിലയിലുണ്ടായ ക്രമാതീതമായ കുതിച്ചുകയറ്റം.
5. സർക്കാർ ധനസഹായ പദ്ധതികൾ നിയമത്തിന്റെ നൂലാമാലകളിൽ കുടുങ്ങി കിടക്കുന്നു.
6. വീടിന്റെ അറ്റകുറ്റ പണികൾ നടത്തുന്നതിന് ഫലപ്രദമായ വായ്പാ നടപടികൾ ഇല്ല.
7. ഭവന നിർമ്മാണ വായ്പാ പദ്ധതികൾ ലക്ഷ്യം നേടുന്നില്ല.
8. പട്ടിക ജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾ ഭവന നിർമ്മാണ

സാധാരണക്കാരായ ജനങ്ങൾക്ക് കെട്ടിട നിർമ്മാണം ഇപ്പോഴും ഏറ്റവും വലിയ പ്രതീക്ഷയും ഒപ്പം പ്രശ്നവുമാണ്. ഇതിന് പരിഹാരം കാണുന്നില്ലെങ്കിൽ 9-ാം പദ്ധതിയിലും നമുക്ക് ലക്ഷ്യത്തിലെത്തിച്ചേരാൻ കഴിയും എന്നു വിശ്വസിക്കേണ്ടതില്ല.

പട്ടികജാതി വികസന വകുപ്പിൽ നിന്നും മാരകമായ രോഗങ്ങൾക്ക് ചികിത്സിക്കുമാനും വിധവകളുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനും ധനസഹായം അനുവദിക്കുന്നുണ്ടെങ്കിൽ. ഈ പദ്ധതികളെപ്പറ്റിയുള്ള അറിവില്ലായ്മ മൂലം അർഹരായ പലരും ആനുകൂല്യം നേടിയെടുക്കുന്നില്ല.

ത്തിനു നൽകുന്ന സഹായം അതിന്റെ പൂർത്തീകരണത്തിൽ എത്തുന്നുവോ എന്നു പരിശോധിക്കുവാൻ ശരിയായ മോണിറ്ററി കമ്മറ്റികൾ ഇല്ല.

9. റോഡിൽ നിന്നും നിശ്ചിത ദൂരം പാലിച്ചു കൊണ്ട് വീടുകൾ നിർമ്മിക്കുന്നില്ല.

10. പ്രകൃതി ക്ഷോഭ പുനരധിവാസ പദ്ധതികളുടെ തുക അപര്യാപ്തമാണ്.

11. സ്വന്തമായി വസ്തു ഇല്ലാത്തവർക്ക് വീടുകൾ വച്ചു കൊടുക്കുവാൻ ശരിയായ പദ്ധതികൾ ഇല്ല.

12. കെട്ടിട നിർമ്മാണ നിയമം നമ്മുടെ പഞ്ചായത്തിൽ നിലവിലില്ല.

13. ഇരട്ട വീടുകളായ ലക്ഷം വീടുകൾ വാസയോഗ്യമല്ല. മനുഷ്യന്റെ സ്വകാര്യ ജീവിതത്തെ ഹനിക്കുന്ന തരം നിർമ്മാണമാണ് ഈ രംഗത്ത് നടന്നത്.

14. കോളനികളിലെ വീടുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ല.

നമ്മുടെ പഞ്ചായത്തിൽ ഭൂരിഭാഗം പ്രദേശങ്ങളിലും ചെറ്റക്കുടുലുകളും, ബലക്ഷയമുള്ള വീടുകളും കാണാം. പട്ടികജാതി / പട്ടിക വർഗ്ഗക്കാരും ഇടത്തരം കർകരും ഭവനങ്ങളിൽ സുരക്ഷിത ബോധമില്ലാതെ കഴിയുന്ന നിസ്സഹായാവസ്ഥ നമുക്ക് കാണാൻ കഴിയും. കോൺക്രീറ്റ് ഇരുനില മാളികകൾ പഞ്ചായത്തിൽ നിരവധിയുണ്ട്. എങ്കിലും അവ പഞ്ചായത്തിന്റെ ഇരുപതു ശതമാനത്തിൽ താഴെ ആളുകൾക്കു മാത്രമേ പ്രയോജനപ്പെടുന്നുള്ളു. ആയതിനാൽ ഭലപ്രദമായ ഭവനനിർമ്മാണ പദ്ധതികൾ പഞ്ചായത്തിൽ നടപ്പാക്കേണ്ടതുണ്ട്.

സാമൂഹ്യ ക്ഷേമം

സാമൂഹ്യരംഗത്ത് കേന്ദ്രസംസ്ഥാന സർക്കാരുകൾ നേരിട്ടും, പട്ടിക-ജാതിവർഗ്ഗ വികസന കോർപ്പറേഷൻ, വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ എന്നിവയുടെ ആഭിമുഖ്യത്തിലും നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. താഴ്ന്ന വരുമാനക്കാരുടേയും ദുർബലജനവിഭാഗങ്ങളുടെയും ജീവിത നിലവാരം ഉയർത്താനുള്ള വിവിധ പരിപാടികളാണ് സാമൂഹ്യ ക്ഷേമപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിവിധ സന്നദ്ധ സംഘടനകളുടെ സേവനവും ഈ രംഗത്ത് ലഭ്യമാകുന്നുണ്ട്.

ഐ.ആർ.ഡി.പി. പദ്ധതി ഇന്നത്തെ നിലയിൽ ലക്ഷ്യം നേടണമെങ്കിൽ സമൂലമായ അഴിച്ചു പണി അനിവാര്യമായിരിക്കും.

അശാസ്ത്രീയമായ മാനദണ്ഡങ്ങൾക്ക് വിധേയമായി വരുമാനം നിശ്ചയിച്ചും ബാഹ്യ സമ്മർദ്ദങ്ങൾക്ക് വിധേയമായും ഗുണഭോക്താക്കളെ കണ്ടെത്തുന്ന സമ്പ്രദായം അവസാനിപ്പിക്കണം. പദ്ധതികളെപ്പറ്റിയുള്ള അജ്ഞത, സങ്കീർണ്ണമായ നടപടിക്രമങ്ങൾ ഉദ്യോഗസ്ഥ തലത്തിലുള്ള അനാസ്ഥ ബാഹ്യസമ്മർദ്ദങ്ങൾ ഇവയെല്ലാം പദ്ധതിയുടെ പരാജയത്തിന് കാരണമായി ഭവിച്ചു. ബോധവൽക്കരണത്തിന്റെ അഭാവംമൂലം ധനസഹായം ലഭിച്ചവർ തന്നെ അത് ദുരുപയോഗപ്പെടുത്തുകയും ധനകാര്യസ്ഥാപനങ്ങളുടെ കടക്കെണിയിൽപ്പെട്ടു പോവുകയും ചെയ്തു.

ട്രൈസം

ഗ്രാമവികസന വകുപ്പിൽ നിന്നും 18-നും 35-നും മദ്ധ്യേ പ്രായമുള്ളവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പൂർണ്ണമായും കേന്ദ്ര സഹകരണത്തോടു കൂടി നടപ്പിൽ വരുത്തുന്ന പരിശീലന പദ്ധതിയാണ്.

പരിശീലനം ലഭിക്കുന്നവർ അതേ തൊഴിലിൽ ഏർപ്പെടാൻ താല്പര്യം കാണിക്കാതെ മറ്റ് തൊഴിലുകളിൽ ഏർപ്പെടുന്നു. ഇതിന്റെ കാരണങ്ങൾ പരിശോധിക്കേണ്ടതാണ്.

ട്രൈസം പോലെയുള്ള ചില പരിപാടികൾ പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്നുണ്ട്. ഇതും വേണ്ടത്ര വിജയിപ്പിക്കുന്നില്ല. അഭിരുചിക്കനുസരിച്ച് പരിശീലനം ലഭിക്കേണ്ടവരെ തെരഞ്ഞെടുക്കാത്തതുകൊണ്ടും പരിശീലനാനന്തരം സ്വയം തൊഴിൽ കണ്ടെത്താൻ ആവശ്യമായ മൂലധന സഹായം നൽകാത്തതുകൊണ്ടും പരിശീലനം പ്രയോജനരഹിതമായിത്തീരുന്നു. പരിശീലന കാലത്തെ വേതനം മാത്രം ലക്ഷ്യമാക്കി പരിശീലനത്തിന് വരുന്ന ആളുകളുമുണ്ട്. ഈ ദൗർബല്യങ്ങൾ പരിഹരിക്കാൻ കഴിഞ്ഞാൽ ഇത്തരം പദ്ധതികൾ പാവപ്പെട്ടവർക്ക് പ്രയോജനപ്പെടുത്താം.

ടൂൾ ഷീറ്റ്

ഗ്രാമവികസന വകുപ്പിൽ നിന്നും ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപരണങ്ങൾ നൽകുന്ന പദ്ധതിയാണിത്. ഇതിൽ ഉൾപ്പെടുത്തി ഈ പഞ്ചായത്തിൽ കുറച്ചു പേർക്ക് സഹായം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ സഹായം ലഭിക്കേണ്ട നിരവധിയാളുകൾ ഇനിയും ബാക്കിയുണ്ട്. വ്യാപകമായ സർവ്വേ നടത്തി അർഹരായവരെ കണ്ടെത്തി എല്ലാവർക്കും സഹായം ലഭിക്കാൻ നടപടി സ്വീകരിക്കണം.

ക്ഷേമപദ്ധതികൾ

1. വാർദ്ധക്യ കാലപെൻഷൻ:- 65 വയസ്സ് പൂർത്തിയാക്കിയവരും പ്രായപൂർത്തിയായ ആൺമക്കളില്ലാത്തവരും താഴ്ന്ന വരുമാനക്കാരുമായ ആളുകൾക്കാണ് ഈ ആനുകൂല്യം നൽകുന്നത്. പ്രതിമാസം 100 രൂപയാണ് പെൻഷൻ. അർഹത നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ ലഘൂകരിക്കുകയും പദ്ധതി കാലോചിതമായി പരിഷ്കരിക്കുകയും ചെയ്യേണ്ട് ആവശ്യമാണ്.

2. വിധവാ പെൻഷൻ:- വൈധവ്യം സംഭവിച്ചവർക്കും ഭർത്താവുപേക്ഷിച്ചവർക്കും നിയമാനുസൃതം വിവാഹമോചനം നേടിയവർക്കും നൽകുന്ന ആനുകൂല്യമാണിത്. പെൻഷൻ തുക ഇപ്പോൾ 100 രൂപയാണ്. ആൺമക്കൾക്ക് 20 വയസ്സ് പൂർത്തിയാകുന്നതുവരെ മാത്രമെ വിധവകൾക്ക് പെൻഷൻ അർഹതയുള്ളു.

3. വികലാംഗപെൻഷൻ:-ശാരീരികമായി അംഗവൈകല്യമുള്ളവർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നൽകുന്ന പെൻഷനാണിത്. പെൻഷൻ തുക പ്രതിമാസം 100 രൂപയാണ്. അംഗവൈകല്യ സർട്ടിഫിക്കറ്റ് ഡോക്ടർമാരിൽ നിന്ന് ലഭിക്കാൻ വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ട്.

4. തൊഴിലില്ലായ്മാ വേതനം:- 35 വയസ്സിന് താഴെയുള്ള തൊഴിലില്ലാത്തവർക്ക് നൽകി വരുന്ന ആനുകൂല്യമാണിത്. പ്രതിമാസം 70 രൂപയാണ് ഇപ്പോൾ വേതനം നൽകുന്നത്. ഈ പഞ്ചായത്തിൽ വേതനം ലഭിക്കുന്ന 25 പേരുണ്ട്. പ്രതിശീർഷ വേതനം തുച്ഛമായാണെങ്കിലും വലിയൊരു സംഖ്യ സർക്കാർ ഇതിനുവേണ്ടി ചെലവാക്കുന്നുണ്ട്.

5. കർഷകത്തൊഴിലാളി പെൻഷൻ:- തൊഴിൽ വകുപ്പു മുഖേന 60 വയസ്സിനുമേൽ പ്രായമുള്ള കർഷകത്തൊഴിലാളികൾക്ക് പ്രായമുള്ള കർഷകത്തൊഴിലാളികൾക്ക് പെഷൻ നൽകുന്ന പദ്ധതിയാണിത്. ഇപ്പോൾ പെൻഷൻ തുക പ്രതിമാസം 70 രൂപയാണ്. അർഹതയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് എല്ലാ കർഷകത്തൊഴിലാളികൾക്കും ആനുകൂല്യം ലഭിക്കാൻ സംവിധാനം ഉണ്ടാക്കേണ്ടതാണ്.

അവശത അനുഭവിക്കുന്ന കലാ-സാഹിത്യകാരന്മാർക്ക് നൽകിവരുന്ന ഒരു പെൻഷൻ നിലവലിലുണ്ട്. പെൻഷൻതുക പ്രതിമാസം 300 രൂപയാണ്. ഈ പദ്ധതിയെപ്പറ്റി ഇറിവില്ലായ്മ മൂലവും നടപടിക്രമങ്ങളുടെ സങ്കീർണ്ണത മൂലവും അർഹരായ പലർക്കും ഈ ആനുകൂല്യം ലഭിക്കുന്നില്ല.

മാരകമായ രോഗങ്ങൾ ബാധിച്ചവർക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്ന ചില പദ്ധതികളുണ്ട്. ക്ഷയരോഗബാധിതർക്ക് പ്രതിമാസം 50 രൂപാ വീതം ഒരു വർഷത്തേക്ക 1 നൽകുന്ന പദ്ധതി നിലവിലുണ്ട്. കുഷ്ഠം, ക്യാൻസർ എന്നീ രോഗം ബാധിച്ചവർക്ക് രോഗം ഭേദമാകുന്നവരെയോ മരണംവരെയോ പ്രതിമാസം 115 രൂപാ ധനസഹായം നൽകുന്ന പദ്ധതിയുണ്ട്. ബന്ധപ്പെട്ട രോഗത്തിന് ചികിത്സ നടത്തുന്ന ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ധന സഹായം അനുവദിക്കുന്നത്. ഈ പഞ്ചായത്തിൽ 3 ക്യാൻസർ രോഗിക്ക് ധനസഹായം ലഭിക്കുന്നുണ്ട്.

വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് 2000/- രൂപാ ധനസഹായം അനുവദിക്കുന്ന ഒരു പദ്ധതി നിലവിലുണ്ട്. വിവാഹത്തിന് ഒരു മാസം മുമ്പ് അപേക്ഷ തഹസീൽദാർക്ക് നൽകേണ്ടമാണ്. തക്കതായ കാരണംകൊണ്ട് സമയത്തിനുള്ളിൽ അപേക്ഷിക്കാതിരുന്നാൽ അതിലേക്ക് കാരണങ്ങൾ കാണിച്ച് മാപ്പപേക്ഷ നൽകിയാൽ ആവശ്യമായ അന്വേഷണങ്ങൾക്കു ശേഷം ധനസഹായം അനുവദിക്കാൻ തഹസീൽദാർക്ക് അധികാരമുണ്ട്. ഈ പദ്ധതിയേപ്പറ്റിയുള്ള അറിവില്ലായ്മ മൂലം അർഹരായ പലരും അവസരം വിനിയോഗിക്കുന്നില്ല.

പട്ടികജാതി വികസന വകുപ്പിൽ നിന്നും മാരകമായ രോഗങ്ങൾക്ക് ചികിത്സിക്കുമാനും വിധവകളുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനും ധനസഹായം അനുവദിക്കുന്നുണ്ടണ്ട്. മിശ്രവിവാഹിതർക്ക്, അവരിൽ ഒരാൾ പട്ടികജാതിയിൽപ്പെട്ടതാണെങ്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയും നിലവിലുണ്ട്. ഈ പദ്ധതികളെപ്പററിയുള്ള അറിവില്ലായ്മ മൂലം അർഹരായ പലരും ആനുകൂല്യം നേടിയെടുക്കുന്നില്ല.

പഞ്ചായത്തിൽ ഐ.സി.ഡി.എസ് പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചതിൻെറ ഭാഗമായി ഈ പഞ്ചായത്ത് പരിധിയിൽ 8 അംഗൻവാടികൾ ആരംഭിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇവയ്ക്ക് സ്ഥലവും കെട്ടിടവും കണ്ടുപിടിക്കുന്നത് ഇന്നത്തെ സാഹചര്യത്തിൽ വളരെ ശ്രമകരമാണ്.

കഴിഞ്ഞ ഏതാനും വർഷങ്ങളിലായി പുത്തൻ വിദ്യാഭ്യാസ നയത്തിൻെറ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് വ്യാപകമായ തോതിൽ ആരംഭിച്ചിട്ടുള്ള ഇംഗ്ലീഷ് മീഡിയം നേഴ്സറികളും സ്ക്കൂളുകളും നമ്മുടെ സംസ്കാരത്തിനു തന്നെ അപകടം വരുത്തി വയ്ക്കുന്ന നിലയിലുള്ള പ്രവർത്തനശൈലിയാണ് നടപ്പാക്കിവരുന്നത്. താഴ്ന്ന വരുമാക്കാർക്കും ദാരിദ്രരേഖക്ക് കാഴെ കഴിയുന്നവർക്കും തികച്ചും അപ്രാപമോണ് ഇത്തരം സ്ഥാപനങ്ങൾ. ഈ സാഹചര്യത്തിൽ ഓരോ വാർഡിലും ഒന്നോ അതിലധികമോ അംഗൻവാടികൾ സ്ഥാപിച്ച് കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാവശ്യമാണ്.

റേഷൻഷോപ്പ് (പൊതു വിതരണകേന്ദ്രം)

റേഷൻഷാപ്പുകളുടെ പേരുമാറ്റി പൊതു വിതരണകേന്ദ്രം എന്നാക്കിയതിനു ശേഷം ഈ സ്ഥാപനത്തെ അവഗണിക്കാനാണ് സർക്കാർ തയ്യാറായത്. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നടപ്പിലാക്കി വരുന്നത് 1996-ലെ റേഷനിംഗ് ആക്ട്പ്രകാരംമാണ്. ഓരോ പൗരനേയും സംബന്ധിക്കുന്ന ആധികാരികരേഖയായി ഇന്ന് റേഷൻകാർഡിനെ അംഗീകരിക്കുന്നുണ്ട്. എന്നാൽ റേഷനിംഗ് ലമ്പ്രദായം കഴിഞ്ഞ കാലങ്ങളിൽ ദുർബലപ്പെട്ടു വരുന്ന കാഴ്ചയാണ് നാം കണ്ടത്. പുത്തൻ സാമ്പത്തിക നയത്തിൻെറ ഫലമായി സബ്സിഡികൾ വെട്ടിച്ചുരുക്കാനുള്ള നീക്കം പൊതു വിതരണ സമ്പ്രദായത്തെ സാരമായി ബാധിച്ചു. കേരള സർക്കാർ ഇപ്പോൾ വീണ്ടും റേഷനിംഗ് സമ്പ്രദായം മെച്ചപ്പെടുത്തിക്കൊണ്ടുവരാൻ പരിശ്രമിച്ചു കൊണ്ടിരിക്കയാണ്.

നിർദ്ദേശങ്ങൾ

1. ദാരിദ്രരേഖക്ക് താഴെയുള്ളവരെ കണ്ടുപിടിക്കാൻ ഇന്നുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് ശാസ്ത്രീയമായ സർവ്വെ നടത്തുക.

2. ഐ.ആർ.ഡി.പി. ധനസഹായം ഗുണഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് തെരഞ്ഞെടുക്കാൻ ആവശ്യമായ ബോധവൽക്കരണം നടത്തുക.

3. ട്രൈസം പദ്ധതിയുടെ നടപടിക്രമങ്ങൾ പരിഷ്കരിക്കുക പരിശീലകരെ തെരഞ്ഞെടുക്കൽ, പരിശീലനം ലഭിച്ചവർക്ക് തൊഴിൽ കണ്ടെത്തൽ എന്നീ കാര്യങ്ങളിൽ പഞ്ചായത്തുമായി ബന്ധപ്പെട്ട് പ്രായോഗിക പരിരാടികൾ നടപ്പാക്കുക.

4. തൊഴിലാളി ക്ഷേമ പദ്ധതികൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുകയും ഈ പദ്ധതികളെ പഞ്ചായത്തുമായി ബന്ധപ്പെടുത്തുകയും ചെയ്യുക.

5. പട്ടികജാതി വികസന കോർപ്പറേ,ൻ, വനിതാകോർപ്പറേഷൻ എന്നിവയുടെ പ്രവർ

ത്തനം കൂടുകൽ വിപുലപ്പെടുത്തുക. ഇതിന്റെ പ്രവർത്തന പരിപാടികളെക്കുറിച്ച് ജനങ്ങളിൽ ബോധവല്ക്കരണം നടത്തുക.

6. റവന്യൂവകുപ്പ്, പട്ടികജാതി വികസന വകുപ്പ്, തൊഴിൽ വകുപ്പ്, എംപ്ലോയിമെന്റ് എക്സ്ചേഞ്ച് എന്നിവ വഴി നടപ്പാക്കി വരുന്ന വിവിധ ക്ഷേമപദ്ധതികളും ധനസഹായങ്ങളും പഞ്ചായത്തുമായി ബന്ധപ്പെടുത്തി നടപ്പിലാക്കുക.

7. നിരാലംബരായ വൃദ്ധജനങ്ങളുടെ സംരക്ഷണത്തിന് ചികിത്സാ സൗകര്യങ്ങളോടുകൂടിയ വൃദ്ധമന്ദിരങ്ങൾ സ്ഥാപിക്കുക.

8. ആൺമക്കൾക്ക് 20 വയസ്സ് പൂർത്തിയാകുന്നതുവരെ മാത്രമെ വിധവകൾക്ക് പെൻഷൻ ലഭിക്കാൻ അർഹതയുള്ളു എന്ന വ്യവസ്ഥയിൽ മാറ്റം വരുത്തുക. ആൺമക്കൾക്ക് സ്വന്തമായി തൊഴിലും വരുമാനവും ഉണ്ടാവുന്നതുവരെ പെൻഷൻ തുടരാൻ വ്യവസ്ഥയുണ്ടാവണം.

9. മാവേലിസ്റ്റോർ, റേഷകടകൾ, എന്നിവ വഴിയുള്ള പൊതുവിതരണ സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കുക. ഭക്ഷ്യസാധനങ്ങളും പലവ്യഞ്ജനവും കുറഞ്ഞവിലക്ക് ലഭിക്കാൻ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തണം.

പേജ് 80-ൽ നിന്നും (സഹകരണം) തുടർച്ച

പട്ടിക 1
കാർഷിക വായ്പാ സംഘങ്ങൾ

ക്രമ നം.	സംഘത്തിന്റെ പേര	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം ('000)	കടം ('000)	നിക്ഷേപം ('000)	വായ്പകൾ		പ്രവർത്തന മൂലധനം	ലാഭമോ നഷ്ടമോ		ജീവനക്കാർ	
							കാർഷികം ('000)	കാർഷികേതരം ('000)		ലാഭം ('000)	നഷ്ടം ('000)	സ്ഥിരം	മറ്റു ള്ളവർ
1.	റാന്നി സർവ്വീസ സഹകരണ ബാങ്ക ക്ലിപതം നമ്പർ - 65 (1919)	റാന്നി പഞ്ചായത്ത 1,2, 3,4 വാർഡുകൾ പൂർണ്ണം 7.8, വാർഡ ഭാഗികം	5910	1406	-	80055	1023	69383	85606	864	-	12	-
2.	ഉതിമൂട സർവ്വീസ സഹകരണ ക്ലിപതം നമ്പർ - 1034 (1925)	റാന്നി പഞ്ചായത്ത 5,6 വാർഡ പൂർണ്ണം	3953	736	5476	11797	2493	8461	17800	-	800	7	-

പട്ടിക 2
കാർഷികേതര വായ്പാ സംഘങ്ങൾ

ക്രമ നം.	സംഘത്തിന്റെ പേര	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം ('000)	കടം ('000)	നിക്ഷേപം ('000)	വായ്പകൾ		പ്രവർത്തന മൂലധനം	ലാഭമോ നഷ്ടമോ		ജീവനക്കാർ	
								കാർഷികം ('000)	കാർഷികേതരം ('000)		ലാഭം ('000)	നഷ്ടം ('000)	സ്ഥിരം	മറ്റു ള്ളവർ
1.	റാന്നി ഗവ. സർവ്വീസ സഹകരണ സംഘം പി.റ്റി. - 77	1989	റാന്നി താലൂക്ക	535	239	612	347	-	668	1199	30	-	1	-
2.	കോ-ഓപ്പറേറ്റീവ എംപ്ലോയീസ കോ-ഓപ്പറ്റീവ സൊസൈറ്റി ലിമിറ്റഡ നമ്പർ പി.റ്റി. - 125	1995	റാന്നി - അടൂർ താലൂക്കുകൾ	42	17	-	12	-	-	29	-	-	1	-

പട്ടിക 3
ക്ഷീര വ്യവസായ സഹകരണ സംഘം

ക്രമ നം.	സംഘത്തിന്റെ പേര	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം ('000)	കടം ('000)	നിക്ഷേപം ('000)	വായ്പകൾ		പ്രവർത്തന മൂലധനം	ലാഭമോ നഷ്ടമോ		ജീവനക്കാർ	
								കാർഷികം ('000)	കാർഷികേതരം ('000)		ലാഭം ('000)	നഷ്ടം ('000)	സ്ഥിരം	മറ്റു ള്ളവർ
1.	ഉരിമുട ക്ഷീരോൽപാദക സഹകരണ സംഘം PT-47 (D) APCOS	1988	റാന്നി പഞ്ചായത്തിന്റെ 6,7,8 വാർഡുകൾ	111	1.3	-	7	-	-	6	-	2	2	1

പട്ടിക 4
വ്യവസായ സഹകരണ സംഘങ്ങൾ

ക്രമ നം.	സംഘത്തിന്റെ പേര	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം ('000)	കടം ('000)	നിക്ഷേപം ('000)	വായ്പകൾ		പ്രവർത്തന മൂലധനം	ലാഭമോ നഷ്ടമോ		ജീവനക്കാർ	
								കാർഷികം ('000)	കാർഷികേതരം ('000)		ലാഭം ('000)	നഷ്ടം ('000)	സ്ഥിരം	മറ്റു ള്ളവർ
1.	റാന്നി ബ്ലോക്ക വനിതാ കോ-ഓപ്പറേറ്റീവ സഹകരണ സംഘം	1988	റാന്നി ബ്ലോക്ക	325	63	213	-	-	-	17	-	183	4	-
2.	റാന്നി താലൂക്ക പ്രിൻറിംഗ & പബ്ലിഷിംഗ ഇൻഡസ്ട്രിയൻ കോ-ഓപ്പറേറ്റീവ സൊസൈറ്റി	1984	റാന്നി താലൂക്ക	96	193	----------	----------	വിവരം ലഭ്യമല്ല		----------	----------	----------	----------	----------

പട്ടിക 5
വിപണന സഹകരണ സംഘം


ക്രമ നം.	സംഘത്തിന്റെ പേര	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം ('000)	കടം ('000)	നിക്ഷേപം ('000)	വായ്പകൾ		പ്രവർത്തന മൂലധനം	ലാഭമോ നഷ്ടമോ		ജീവനക്കാർ	
								കാർഷികം ('000)	കാർഷികേതരം ('000)		ലാഭം ('000)	നഷ്ടം ('000)	സ്ഥിരം	മറ്റു ള്ളവർ
1.	റാന്നി മാർക്കറ്റിംഗ കോ-ഓപ്പറേറ്റീവ സൊസൈറ്റി ക്ലിപതം നമ്പർ - Q 296	1964	റാന്നി താലൂക്കിന്റെ $^{2}/_{3}$ ഭാഗം	5235	2000	3500	--	--	--	3500	00	1200	9	--

സംസ്കാരം

ഉത്കൃഷ്ടമായ ഒരു സാംസ്ക്കാരിക പാരമ്പര്യത്തിനു വേരോട്ടം നൽകിയ ചരിത്രമാണ് ഈ ഗ്രാമത്തിനുള്ളത്. തിരുവിതാംകൂർ രാജവംശത്തിന്റെ ഭരണത്തിൽ കീഴിലായിരുന്ന ഈ പ്രദേശങ്ങൾ ദേശീയ പ്രസ്ഥാനത്തിലുണ്ടായ സംസ്കാരിക മാറ്റങ്ങളെ മറ്റെല്ലാ ഗ്രാമത്തെക്കാളും അതിവേഗത്തിൽ സ്വീകരിച്ചിരുന്നതായി ഗ്രാമപ്പഴമയുടെ കഥകളിൽ നിന്നും നാം മനസ്സിലാക്കുന്നു.

ബ്രിട്ടീഷ് സാമ്രാജ്യ വാഴ്ചയ്ക്കും, സാമൂഹ്യനീതിക്കും വേണ്ടി ഭാരതത്തിൽ ചീറിയടിച്ച പ്രചണ്ഡവാതം ഈ കൊച്ചുഗ്രാമത്തെയും കർമ്മനിരതമാക്കി. ഭാരതത്തിലെ നിരവധി ഗ്രാമങ്ങൾ മതവൈരാഗ്യത്തിന്റെ ക്രൂരാഗ്നിയിൽ വെന്തെരിഞ്ഞപ്പോഴും റാന്നിക്കാർ മതസഹിഷ്ണതയുടെ മഹത്വത്തിൽ ഉറച്ചു വിശ്വസിച്ചു.

ദേശീയതയ്ക്കു വിരുദ്ധമായ യാതൊരു പ്രസ്ഥാനങ്ങൾക്കും ഈ മണ്ണിൽ വേരോട്ടം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. ഒരു പക്ഷേ സ്വാതന്ത്ര്യാഭിവാഞ്ച ആത്മാവിലുളവാക്കിയ ജനസംസ്കൃതി അതിനു പ്രേരകമായി വർത്തിച്ചിരിക്കാം. സ്വാതന്ത്ര്യ പ്രസ്ഥാനത്തിനു പ്രേരകമായി വിദ്യാഭ്യാസ പ്രചരണം നടത്തിയും ദേശീയ ബോധം വളർത്തിയും പ്രവർത്തിച്ച സ്വാതന്ത്ര്യ സമര ഭടൻമാരുടെ വിരോജ്വല ജീവിതകഥകൾ ഈ ഗ്രാമ സംസ്കൃതിയുടെ പരിവേഷങ്ങളാണ്. സാംസ്കാരിക നവോത്ഥാന പ്രക്രിയയ്ക്കു നേതൃത്വം നൽകിയ ഗാന്ധിജിയുടെയും രവീന്ദ്രനാഥ ടാഗോറിന്റെയും ആശയങ്ങളും ആദർശങ്ങളും ഏറ്റുവാങ്ങിയ റാന്നി ഉദാത്തമായൊരു ഗ്രാമമാണ്. ഇന്നു നാം എത്തി നിൽക്കുന്ന ബിന്ദുവിൽ നിന്നു തിരിഞ്ഞു നോക്കുമ്പോൾ വിവിധങ്ങളായ സ്രോതസുകൾ ഈ ഗ്രാമസംസ്കൃതിയുടെ പരിപോഷകങ്ങളായി പരിണമിച്ചത് കണ്ടെത്താനാകും. അര നൂറ്റാണ്ടിനു മുമ്പ് സ്ഥാപിതമായ എം.എസ്. എച്ച്.എസ് ഈ രംഗത്തെ പ്രമഗണനീയ സ്ഥാപനമാണ്. സാംസ്കാരിക പ്രക്രിയയ്ക്കു നേതൃത്വം നൽകുന്ന നിരവധി കാലാ-കായിക-സാംസ്കാരിക പ്രസ്ഥാനങ്ങൾ ഈ നാട്ടിൽ പ്രവർത്തിക്കുന്നു. അവയുടെ പട്ടിക അന്യത്ര ചേർക്കുന്നു. എന്നാൽ ഒരു കാലഘട്ടത്തിൽ ഭാരതീയ ഗ്രാമങ്ങളെ ഇരുട്ടിൽനിന്നും വെളിച്ചത്തിലേക്കു നയിച്ച ഗ്രന്ഥശാലാ പ്രവർത്തനത്തിന് ഇന്നും നമ്മുടെ മണ്ണിൽ വേരോട്ടം ലഭിച്ചിട്ടില്ല. ആകെയുള്ള നാലു വായനശാലകളിൽ ഒരണ്ണം പ്രവർത്തനരഹിതമാണ്. പുതുശ്ശേരിമലയിലെ മഹാത്മാ ലൈബ്രറിയ്ക്കും, ഒന്നാം വാർഡിലുള്ള പഞ്ചായത്ത് പബ്ലിക്ക് ലൈബ്രറിയ്ക്കും മാത്രമെ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളൂ.



ഈ കാലവും ലോകവും
മൂല്യശോഷണത്തിന്റെ,
അപചയത്തിന്റെ അഗാധ
ഗർത്തത്തിലേക്കു
മുങ്ങിക്കൊണ്ടിരിക്കുന്നു.
സംസ്കാരങ്ങൾ
അതിർത്തിവിട്ട് ഇടകലർന്ന്
പുതിയൊരു
മാനവസംസ്കാരത്തിനു
വഴിമരുന്നിടുന്നു. സംസ്കാരങ്ങൾ തമ്മിലുള്ള ആദാന പ്രദാന പ്രക്രിയ അതിദ്രുതം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.



ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷം ഹിന്ദുക്കളും, ക്രിസ്ത്യാനികളുമാണ്. മുസ്ലീംങ്ങളും നല്ലൊരു ശതമാനം ഉണ്ട്. എല്ലാ മതവിശ്വാസികളും ആചാരങ്ങളെയും വിശ്വാസങ്ങളെയും പരസ്പരം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. മിശ്രവിവാഹങ്ങൾ നടക്കുന്നു.

കായികരംഗം

കായികരംഗത്ത് നമ്മുടെ പഞ്ചായത്ത് വളരെ പിന്നിലാണ്. റാന്നി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കോസ്മോസ് ക്ലബ്ബു മാത്രമാണ് ശരിയായ രീതിയിൽ പ്രവർത്തിക്കുന്ന ഏക കായിക സംഘടന. കായിക മേഖലയിൽ ഒട്ടേറെ നേട്ടങ്ങൾ കൊയ്തെടുക്കുവാൻ സാദ്ധ്യതയുണ്ട്.

പ്രശ്നങ്ങൾ

1. 2,3,4,5,8 വാർഡുകളിൽ ഗ്രന്ഥശാലകളും വായനശാലകളും ഇല്ല.
2. ക്ലബ്ബുകളും മറ്റു കലാസമിതികളും കനത്ത സാമ്പത്തിക പ്രതിസന്ധിയെ നേരിടുന്നു.
3. പുസ്തകങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നു.
4. സർഗ്ഗാത്മക പ്രതിഭകൾക്കു വേണ്ട പ്രോസ്താഹനം ലഭിക്കുന്നില്ല.
5. സ്ക്കൂളുകളിൽ സജീവമായി പ്രവർത്തിക്കുന്ന ലൈബ്രറികളില്ല.
6. രണ്ടാംഘട്ട സാക്ഷരത പ്രവർത്തനം നിലച്ചു.
7. ജനവിദ്യാ കേന്ദ്രങ്ങൾ സജീവമായി പ്രവർത്തിക്കുന്നില്ല.

പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. പഞ്ചായത്ത് തലത്തിൽ സാംസ്കാരിക നിലയങ്ങൾ, കളിസ്ഥലം സ്ഥാപിക്കുക.
2. 2,3,4,5,8 വാർഡുകളിൽ വായനശാലകൾ സ്ഥാപിക്കുക.
3. പരിശീലനം സിദ്ധിച്ച ആൾക്കാരെ ലൈബ്രേറിയൻമാരായി നിയമിക്കുക.
4. ഓണാഘോഷം, കേരളോത്സവം എന്നിവ കൂടുതൽ സജീവമായി സംഘടിപ്പിക്കുക.
5. പഞ്ചായത്ത് തലത്തിൽ കലാ-കായിക സമിതി രൂപീകരിക്കുക.
7. കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുക.
8. ജനവിദ്യാ കേന്ദ്രങ്ങളെ ആധുനിക രീതിയിലുള്ള പ്രീ-പ്രൈമറി സ്കൂളുകളായി ഉയർത്തുക.
9. പ്രാചീന കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ പ്രത്യേക നടപടികൾ സ്വീകരിക്കുക.
10. അന്യം നിന്ന കലകളായ പടയണി, കോലം തുള്ളൽ, കൂടിയാട്ടം, കോൽക്കളി, എന്നീ പ്രാചീന കലകളെ പുനരുദ്ധരിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.
11. റാന്നിയിൽ ഒരു ഓപ്പൺ എയർ തീയറ്റർ സ്ഥാപിക്കുക.
12. സ്കൂളുകളിൽ ആവശ്യമായ കലാ-കായിക അദ്ധ്യാപകരെ നിയമിക്കുക.
13. റാന്നി ആസ്ഥാനമാക്കി പള്ളിയോടം നിർമ്മിക്കുക.
14. പഞ്ചായത്തിന്റെ ഒരു നിശ്ചിത ശതമാനം കലാ-കായിക പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുക.
15. പഞ്ചായത്ത് മെമ്പർ അദ്ധ്യക്ഷനായി വാർഡുതല സാസ്കാരിക വിഭാഗം രൂപീകരിക്കുക.
16. വിവിധ തലത്തിലുള്ള കലാകാരൻമാരെ സമന്വയിപ്പിച്ചുകൊണ്ട് സമിതി രൂപീകരിക്കുക.
17. ഓരോ വാർഡിലും സാംസ്കാരിക നിലയം സ്ഥാപിക്കുക.
18. ഗ്രാമസഭകളുടെ ആഭിമുഖ്യത്തിൽ ഓണാഘോഷം ക്രിസ്തുമസ് തുടങ്ങിയ ദേശീയ ഉൽസവങ്ങൾ സംഘടിപ്പിക്കുക.
19. ബാലസാഹിത്യത്തെ പ്രോത്സാഹിപ്പിക്കുകയും, ആശ്ലീല സാഹിത്യത്തിനെതിരെ കർ

വാർഡ് നംബർ	ക്ര. ന.	പേരും മേൽവിലാസങ്ങളും	മെംബർമാരുടെ എണ്ണം	കെട്ടിടത്തിന്റെ വിവരം	ധനസഹായത്തിന്റെ വിവരം	ഏതു സ്ഥാപനത്തോടു അഫിലിയേറ്റു ചെയ്തിരിക്കുന്നു	പ്രവർത്തനത്തിന്റെ ലഘുവിവരം
I	1.	റാന്നി പഞ്ചായത്ത് പബ്ലിക്ക് ലൈബ്രറി		സ്വന്തം	ഗ്രാമ പഞ്ചായത്ത്		
	2.	കോസ്മോസ് ക്ലബ്ബ്	25	വാടക	ഇല്ല	സ്പോർട്സ് കൗൺസിൽ കേരള ഫുട്ബോൾ അസോ. നെഹ്റു യുവ കേന്ദ്ര	
II	3.	പുരോഗമന കലാസാഹിത്യ സംഘം (യൂണിയൻ)		വാടക	ഇല്ല	സംസ്ഥാന പുരോഗമന കലാ സാഹിത്യ സംഘം	കലാസാഹിത്യ രംഗം
	4.	മഹിളാ സമാജം		വാടക			
	5.	സാഗർ ആർട്സ് & സ്പോർട്സ് ക്ലബ്ബ്		വാടക	ഇല്ല		
III	6.	പ്രതിഭ ആർട്സ് & സ്പോർട്സ് ക്ലബ്ബ്		സ്വന്തം			
	7.	പ്രിയദർശിനി മഹിളാ സമാജം	25	ഉണ്ട്	ഇല്ല		
V	8.	ശാസ്ത്ര സാഹിത്യ പരിഷത്ത് (ശാഖ)	25	വാടക	ഇല്ല	കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്	സാമൂഹ്യ ശാസ്ത്ര പരിഷത്ത്
	9.	ദേശീയ ശാസ്ത്ര വേദി		വാടക	ഇല്ല	കേരള ദേശീയ ശാസ്ത്രവേദി	സാമൂഹ്യ ശാസ്ത്ര പരിഷത്ത്
	10.	ചലഞ്ചേർസ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്	25	വാടക	ഇല്ല		കലാ കായിക രംഗത്ത്
	11.	മോസ്കോ ആർട്സ് & സ്പോർട്സ് ക്ലബ്ബ്	50	വാടക	ഇല്ല	ഇല്ല	കലാ കായിക രംഗത്ത്
	12.	വേദി അമച്വർ നാടക സംഘം	25	വാടക	ഇല്ല	ഇല്ല	കലാ രംഗത്ത്
	13.	തപസ്യ ആർട്സ് & സ്പോർട്സ് ക്ലബ്ബ്	30	വാടക	ഇല്ല	ഇല്ല	കലാ കായിക രംഗത്ത്
VI	14.	ചൈനൃ ആർട്സ് & സ്പോർട്സ് ക്ലബ്ബ്	60	വാടക	ഇല്ല	ഇല്ല	കലാ കായിക രംഗത്ത്
	15.	ചൈത്രം ആർട്സ് & സ്പോർട്സ് ക്ലബ്ബ്	75	വാടക	ഇല്ല	ഇല്ല	കലാ കായിക രംഗത്ത്
	16.	ഉദയ ആർട്സ് & സ്പോർട്സ് ക്ലബ്ബ്	70	വാടക	ഇല്ല	ഇല്ല	കലാ കായിക രംഗം
	17.	കലാ കൈരളി തീയറ്റേഴ്സ്	35	വാടക	ഇല്ല	ഇല്ല	പ്രൊഫഷണൽ നാടകവേദി
	18.	ഡോ. റ്റൈറ്റസ് മെമ്മോറിയൽ പബ്ലിക്ക് ലൈബ്രറി	150	വാടക	സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ	ഗ്രന്ഥശാലാ സംഘം	സാഹിത്യ രംഗം
VII	19.	മഹാത്മാ പബ്ലിക്ക് ലൈബ്രറി	200	സ്വന്തം	,,	ഗ്രന്ഥശാലാ സംഘം	സാഹിത്യ രംഗം
	20.	ദേശ സേവിനി മഹിളാ സമാജം	50	വാടക		ഇല്ല	വനിതാ ക്ഷേമം
	21.	സമഗ്ര മാതൃശിശു സംരക്ഷണ കേന്ദ്രം		സ്വന്തം		ആരോഗ്യവകുപ്പ്	മാതൃ ശിശു സംരക്ഷണം
	22.	അതുല്യ ആർട്സ് & സ്പോർട്സ് ക്ലബ്ബ്	75	വാടക		നെഹ്റു യുവ കേന്ദ്ര	സാമൂഹ്യ സാംസ്കാരിക പരിഷത്ത
	23.	ദൃശ്യ സാംസ്കാരിക വേദി	25	വാടക	ഇല്ല	ഇല്ല	കലാ കായിക രംഗത്ത്
	24.	ദേശീയ ശാസ്ത്ര വേദി	10	വാടക	ഇല്ല	കേരള ദേശീയ ശാസ്ത്രവേദി	ശാസ്ത്ര സാമൂഹ്യ പരിഷത്ത
	25.	ശാന്തിമഠം	25	വാടക		ധർമ്മ സംഘം ട്രസ്റ്റ്	പൊതു രംഗം
VII	25.	ഇല്ല					


ശന നടപടി സ്വീകരിക്കുകയും ചെയ്യുക.

20. സ്ത്രീ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുവാൻ പ്രത്യേക പദ്ധതികൾ നടപ്പിലാക്കുക.

21. പഞ്ചായത്ത് ലൈബ്രറിയ്ക്ക് ഫുൾടൈം ലൈബ്രേറിയനെ വച്ച് മുഴുവൻ സമയം പ്രവർത്തന സജ്ജമാക്കുക.

22. വാർഡുതല വികസന പ്രക്രിയകൾക്കു നേതൃത്വം നൽകുവാൻ സാംസ്കാരിക സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗപ്പെടുത്തുക.

അത്യാധുനികമായ ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ രംഗപ്രവേശം, വിദേശഗ്രാമങ്ങളും നമ്മളും തമ്മിലുള്ള അകലം തന്നെ കുറച്ചിരിക്കുന്നു. ഈ കാലവും ലോകവും മൂല്യശോഷണത്തിന്റെ, അപചയത്തിന്റെ അഗാധ ഗർത്തത്തിലേക്കു മുങ്ങിക്കൊണ്ടിരിക്കുന്നു. സംസ്കാരങ്ങൾ അതിർത്തിവിട്ട് ഇടകലർന്ന് പുതിയൊരു മാനവസംസ്കാരത്തിനു വഴിമരുന്നിടുന്നു. സംസ്കാരങ്ങൾ തമ്മിലുള്ള ആദാന പ്രദാന പ്രക്രിയ അതിദ്രുതം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.



വനിതാ ക്ഷേമം


വനിതാപ്രസ്ഥാനങ്ങൾ നാടെങ്ങും ശക്തിപ്പെടുകയും തുല്യനീതിക്കും, വേതനത്തിനും വേണ്ടിയുള്ള ചെറുതും വലുതുമായ പോരാട്ടങ്ങൾ രാജ്യമൊട്ടാകെ നടന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു. അവഗണയ്ക്കും അതിക്രമങ്ങൾക്കും എതിരെ എന്നപോലെ അധികാരത്തിനു വേണ്ടിയും സ്ത്രീ സമൂഹം ശക്തിയായി സമരം ചെയ്തു മുന്നേറിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായി തൊഴിൽ മേഖലയിലും അധികാരകേന്ദ്രങ്ങളിലും മുമ്പത്തേക്കാൾ കൂടുതൽ പ്രാതിനിദ്ധ്യം സ്ത്രീകൾക്കു ലഭിച്ചിരിക്കുന്നു.

സ്വതന്ത്ര ഭാരതത്തിലുണ്ടായിട്ടുള്ള ഈ പുരോഗതിക്കനുസൃതമായി റാന്നി ഗ്രാമപഞ്ചായത്തിലും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിൽ ഏഴു എൽ.പി.സ്ക്കൂൾ, നാലു യു.പി. സ്ക്കൂൾ, ഒരു ഹൈസ്ക്കൂൾ എന്നിവ ഉണ്ട്. ഇവയിൽ മിക്കവയും വളരെ പഴയ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ഈ സ്ക്കൂളുകളിൽ ആൺകുട്ടികളെപ്പോലെ പെൺകുട്ടികൾക്കും വിദ്യാഭ്യാസം ലഭിക്കുന്നുണ്ട്. ഗ്രാജുവേറ്റ്, പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവർ പത്ത് ശതമാനത്തിൽ താഴെയാണ്. വിവാഹം വരെ മിക്ക പെൺകുട്ടികളും എന്തെങ്കിലും തൊഴിൽ പഠിക്കാൻ താല്പര്യം കാണിക്കുന്നു. പക്ഷെ ആ തൊഴിൽ ഒരു ഉപജീവന മാർഗ്ഗമായി പ്രയോജനപ്പെടുത്താൻ ഭൂരിപക്ഷം പെൺകുട്ടികളും തയ്യാറാകുന്നില്ല. തൊഴിൽ ചെയ്യുവാൻ താല്പര്യം കാട്ടുന്ന പെൺകുട്ടികൾ രാജ്യത്തിന്റെ നാനാഭാഗത്തും ജോലി ചെയ്തു ജീവിക്കുന്നു.


കുടിപള്ളിക്കൂടത്തിലൂടെ പഴയ രീതിയിലുള്ള മലയാള മീഡിയത്തിലുള്ള പഴയ വിദ്യാഭ്യാസം ഇന്ന് നേഴ്സറികളിലെ ഇംഗ്ലീഷ് മീഡിയത്തിനു വഴിമാറി കൊടുത്തിരിക്കുന്നു. അദ്ധ്യാപന രംഗത്തും സർക്കാർ ആഫീസുകളിലും തൊഴിൽ ലഭിച്ചിട്ടുള്ളവരാണ് പഞ്ചായത്തിൽ തൊഴിൽ ലഭിച്ചിട്ടുള്ള സ്ത്രീകൾ.

വ്യവസായ സ്ഥാപനങ്ങളോ പൊതുമേഖലാ സ്ഥാപനങ്ങളോ പഞ്ചായത്തിലില്ല. അതിന്റെ ഫലമായി 90% സ്ത്രീകളും ഗൃഹ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു. ആയതിനാൽ വീട്ടാവശ്യത്തിനോ സ്വയം തൊഴിലായോ കുറെപ്പേർ പശു വളർത്തൽ, കോഴി വളർത്തൽ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നു. പച്ചക്കറി കൃഷി വളരെ കുറവാണ്. തയ്യൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ കുറെയുണ്ട്. ഒരു വനിതാ പ്രസ്സും രണ്ടു ടെയിലറിംഗ് സ്ക്കൂളുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

സാമൂഹ്യ രംഗത്ത് എന്നപോലെ സാമ്പത്തിക രംഗത്തും സ്ത്രീകൾ വളരെ പിന്നോക്കമാണ്. രാഷ്ട്രീയ,



കുടിപള്ളിക്കൂടത്തിലൂടെ പഴയ രീതിയിലുള്ള മലയാള മീഡിയത്തിലുള്ള പഴയ വിദ്യാഭ്യാസം ഇന്ന് നേഴ്സറികളിലെ ഇംഗ്ലീഷ് മീഡിയത്തിനു വഴിമാറി കൊടുത്തിരിക്കുന്നു. അദ്ധ്യാപന രംഗത്തും സർക്കാർ ആഫീസുകളിലും തൊഴിൽ ലഭിച്ചിട്ടുള്ളവരാണ് പഞ്ചായത്തിൽ തൊഴിൽ ലഭിച്ചിട്ടുള്ള സ്ത്രീകളം.



സാമൂഹ്യ, കലാ സാഹിത്യരംഗങ്ങളിലൊന്നും സ്ത്രീകൾ സജീവമായി പ്രവർത്തിക്കുന്നില്ല. എല്ലാ മതങ്ങളിലും പെട്ട ഭൂരിപക്ഷം സ്ത്രീകളും മതസംഘടനകളുടെ ചട്ടക്കൂട്ടിൽ ഒതുങ്ങി നിൽക്കുന്നു. രാഷ്ട്രീയ പാർട്ടികൾ നേതൃത്വം കൊടുക്കുന്ന വനിതാ സംഘടനകളും ഈ പഞ്ചായത്തിൽ വിരലിലെണ്ണാവുന്നതെയുള്ളു, അവയ്ക്കു പ്രവർത്തനരംഗത്ത് സജീവതയില്ല. മൂന്ന്, ഏഴു വാർഡുകളിൽ രണ്ടു മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

കാർഷിക മേഖലയിൽ സിത്രീകൾ പുരുഷന്മാരെക്കാൾ വളരെ കുറവാണ്. അതിനുള്ള കാരണം ഭൂമിയുടെ 95% റബ്ബർ കൃഷിയാണ്. സർക്കാരിന്റെ സ്ത്രീ സംവരണ നയം വന്നതോടുകൂടി സ്ത്രീകൾ സാമൂഹ്യരംഗത്ത് പ്രവർത്തിക്കുന്നതിനു താല്പര്യം കാട്ടുന്നുണ്ട്. പക്ഷേ ശരിയായ ബോധവൽക്കരണത്തിൽ കൂടി മാത്രമേ സ്ത്രീകളുടെ പൂർണ്ണമായ സഹകരണം നേടാനാവുകയുള്ളു. 1991-ലെ സെൻസസ് പ്രകാരം പുരുഷന്മാരെക്കാൾ 660 സ്ത്രീകൾ കൂടുതലാണ്. തൊഴിൽ വേതനത്തിൽ വലിയ അന്തരം കാണുന്നില്ല.

സാദ്ധ്യതകൾ

സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ബോധവൽക്കരണ പരിപാടികൾ ആവശ്യമാണ്. സ്ത്രീകളുടെ അവകാശങ്ങൾ സാമ്പത്തികരംഗത്ത് ഉണ്ടാക്കാവുന്ന മാറ്റങ്ങൾ സർക്കാർ സഹായങ്ങൾ ഇവയിലൊക്കെ ശരിയായ അറിവു നൽകാൻ മതസംഘടനകൾ, രാഷിട്രീയ സംഘടനകൾ, മഹിളാസമാജങ്ങൾ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവരുടെ നിസീമമായ സഹകരണം കൂടിയേ തീരു.

തൊഴിലില്ലായ്മ പരിഹരിക്കാൻ സ്വയം തൊഴിലിൽ സ്ത്രീകൾക്ക് പരിശീലനം നൽകണം.

റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ, ബേക്കറി ഐറ്റംസ്, ചിരട്ട കൊണ്ടുള്ള കരകൗശല ഉല്പന്നങ്ങൾ, പുഷ്പകൃഷി, പച്ചക്കറി കൃഷി കൂൺകൃഷി ഇവയിലൊക്കെ പരിശീലനവും സാമ്പത്തിക സഹായവും നൽകിയാൽ ഭൂരിപക്ഷം സ്തീകൾക്കും തൊഴിൽ നടത്തി സാമ്പത്തിക ഭദ്രത ഉണ്ടാക്കാൻ കഴിയും.

ബാലവാടികൾ, അംഗൻവാടികൾ എന്നിവ എല്ലാ വാർഡിലും ആരംഭിക്കണം. ഇന്നത്തെ സാഹചര്യത്തിൽ അംഗൻവാടികൾക്ക് ഭൂമി ദാനമായി ലഭിക്കുക ദുഷ്കരമാണ്. അംഗൻവാടികൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിനും ദേശവാസികളെ നിയമിക്കുകയും ചെയ്താൽ അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകും. പഞ്ചായത്തിൽ രണ്ടു അംഗൻവാടികൾ പ്രവർത്തിക്കുന്നു. ഏകദേശം 129 കുട്ടികൾ പഠിക്കുന്നുണ്ട്. പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം 126. പോഷകാഹാരം ലഭിക്കുന്ന അമ്മമാരുടെ എണ്ണം 18. പഞ്ചായത്തിൽ ഡി.ഡബ്ലിയു.ആർ.സി.എ. പ്രവർത്തിക്കുന്നുണ്ട്. എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങൾ ആരംഭിക്കുകയും പഞ്ചായത്ത് തലത്തിൽ ഒരു കേന്ദ്ര സമതി ഉണ്ടാക്കുകയും ചെയ്യണ്ടതാണ്. ബയോഗ്യാസ്, പുകയില്ലാത്ത അടുപ്പുകൾ എന്നിവയുടെ പ്രചാരം കുറെക്കൂടി വിപുലപ്പെടുത്തുക വേണം.

വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ

1. സാമ്പത്തിക ഞെരുക്കം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാനുള്ള സ്ഥായിയായ തടസ്സമാണ്.

2. സർക്കാർ സഹായ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമായ അറിവില്ലായ്മ സ്ത്രീകളെ വിഷമിപ്പിക്കുന്നു.

3. സ്ത്രീ സമൂഹത്തിന്റെ ഉന്നമനത്തിന് ആവശ്യമായ മഹിളാ സമാജങ്ങൾ എല്ലാ വാർഡിലും നിലവിലില്ല.

4. അംഗൻവാടികൾ ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കുന്നതിനുള്ള സാദ്ധ്യത വിരളമാണ്.

5. സാമാന്യ വിദ്യാഭ്യാസമുള്ള സ്ത്രീകൾ പോലും സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നതിനുള്ള നിശ്ചയദാർഡ്യം കാണിക്കുന്നില്ല.

6. വിദ്യാലയങ്ങളിലെ പാഠ്യേതര മേഖലകളിൽ

പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ് .

7. വീടുകളിൽ പച്ചക്കറി കൃഷി വളരെ കുറവാണ്.

8. ആരോഗ്യ കാര്യങ്ങളിൽ പലരിലും അജ്ഞത നിലനിൽക്കുന്നു.

9. മദ്യപാനം മൂലം സമൂഹത്തിനുണ്ടാകുന്ന അപചയം ഏറ്റവും കൂടുതൽ ബാധിക്കുന്നത് സ്ത്രീകളെയാണ്.

നിർദ്ദേശങ്ങൾ പരിഹാര മാർഗ്ഗങ്ങൾ

1. സ്വയം തൊഴിൽ ആരംഭിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം, പരിശീലനം, സാമ്പത്തിക സഹായം സർക്കാർ തലത്തിലും മറ്റു സാമൂഹ്യ സംഘടനകളും വഴി നടപ്പിലാക്കണം.

റബ്ബർ അധിഷ്ഠിത കുടിൽ വ്യവസായങ്ങൾ, ബേക്കറിസാധനങ്ങൾ, കറി പൗഡറുകൾ, പച്ചക്കറി കൃഷി, കൂൺകൃഷി, പുഷ്പകൃഷി, കോഴിവളർത്തൽ, റെഡിമെയ്ഡ് വ്യവസായം മുതലായവയ്ക്കുള്ള പരിശീലനവും സാമ്പത്തിക സഹായവും ആവശ്യമായ ലൈസൻസും നൽകേണ്ടതാണ്.

2. എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങൾ ആരംഭിക്കണം. സാമൂഹ്യ ക്ഷേമവകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, വ്യവസായ വകുപ്പ്, കൃഷി വകുപ്പ്, തുടങ്ങിയ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ സേവനം പ്രയോജനപ്പെടുത്തണം.

3. അംഗൻവാടികളും, ബാലവാടികളും എല്ലാ വാർഡിലും ആരംഭിക്കണം. അവ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കുകയും, അനുയോജ്യമായ വാടക അനുവദിക്കുകയും വേണം. തദ്ദേശവാസികളുടെ നിയമനം ഈ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് സഹായകമായിരിക്കും. അംഗൻവാടികൾക്ക് ആവശ്യമായ സ്ഥലത്തിനും, കെട്ടിടത്തിനു വേണ്ടി വരുന്ന തുക സർക്കാർ തലത്തിൽ അനുവദിക്കണം.

4. വിദ്യാലയങ്ങളിൽ ആരോഗ്യ ക്ലാസ്സുകൾ നടത്തുകയും മയക്കു മരുന്നും മറ്റ് അനാശ്യാസ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് എതിരായ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും വേണം.

5. പാഠ്യേതര വിഷയങ്ങളിൽ പെൺകുട്ടികൾക്ക് കൂടുതൽ പരിശീലനം പ്രൈമറി തലം മുതൽ ആരംഭിക്കണം. തൊഴിൽ പരിശീലനവും പ്രൈമറി തലം മുതൽ ആരംഭിക്കണം.

6. പൊതു സ്ഥലങ്ങളിൽ കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുകയും അവ വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണം.

7. വിധവാ പെൻഷൻ, അഗതി പെൻഷൻ, വിവാഹ സഹായ പെൻഷൻ ഇവ അർഹരായവർക്ക് കാലതാമസം കൂടാതെ ലഭ്യമാക്കണം.

8. കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക.

9. ബസ്സുകളിൽ സ്ത്രീകൾക്കുള്ള സംവരണനയം പൂർണ്ണമായി നടപ്പിലാക്കുക.

10. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക.

11. ക്ഷേമ നിധിയിൽ അംഗങ്ങളാകുക.

12. കുട്ടികളെ മലയാളം പഠിപ്പിക്കുന്നതിനുള്ള ക്രമീകരണം ചെയ്യുക.

13. സ്ത്രീധനത്തിനെതിരെ യുവജനങ്ങളെ ബോധ വൽക്കരണം നടത്തുക.

14. അശ്ലീല പോസ്റ്ററുകൾ തടയുക.

15. ഉല്പന്നങ്ങളുടെ വിപണി സാദ്ധ്യമാക്കുക.

16. എല്ലാ വാർഡുകളിലും അഗതി മന്ദിരം സ്ഥാപിക്കുക.

സഹകരണം

''സഹകരണം പരാജയപ്പെട്ടാൽ ഗ്രാമീണ ഭാരതത്തിന്റെ ഏറ്റവും നല്ല പ്രതീക്ഷ അസ്തമിക്കും.''

റോയൽ കമ്മീഷൻ

ഒന്നര നൂറ്റാണ്ട് പിന്നിട്ട ആഗോള സഹകരണപ്രസ്ഥാനം എഴുപതു കോടിയിലധികം അംഗങ്ങളോടും പത്തുലക്ഷത്തിലധികം സ്ഥാപനങ്ങളോടും കൂടി നൂറിലധികം രാജ്യങ്ങളിലായി വ്യാപിച്ചുകിടക്കുന്നു. 1904ലെ സഹകരണ നിയമത്തിന്റെ (ദി കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റീസ് ആക്ട് 1904) അടിസ്ഥാനത്തിൽ കാർഷിക പ്രവർത്തനം മുഖ്യ ജീവിതമാർഗ്ഗമായി സ്വീകരിച്ചിരുന്ന കോടിക്കണക്കിനു കർഷകരെ സ്വകാര്യ പണവ്യാപാരികളുടെ നിയന്ത്രണത്തിൽ നിന്നും ക്രമേണ സ്വതന്ത്രമാക്കുകയെന്നുള്ള ലക്ഷ്യത്തോടെ രൂപീകൃതമായ കാർഷികവായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് നമ്മുടെ രാജ്യത്ത് സഹകരണപ്രസ്ഥാനം തുടക്കം കുറിച്ചത്. കാർഷിക വായ്പാ മേഖലയിൽ പ്രവർത്തനം ആരംഭിച്ച സഹകരണ പ്രസ്ഥാനം കാർഷികേതര വായ്പാ പ്രവർത്തനങ്ങൾക്കു പുറമേ വിപണനം, സംസ്കരണം, വിതരണം, ചെറുകിടകുടിൽ വ്യവസായം, കരകൗശല കാർഷികാനുബന്ധ വ്യവസായങ്ങൾ, വിദ്യാഭ്യാസം, ടൂറിസം തുടങ്ങി സാധാരണ ജനതയുടെ ദൈനംദിന ജീവിതത്തിലെ എല്ലാ മേഖലകളേയും സ്പർശിക്കുന്ന ഒരു ബൃഹത് പ്രസ്ഥാനമായി വളർന്നു കഴിഞ്ഞിരിക്കുന്നു. നമ്മുടെ രാജ്യത്തെ സഹകരണ സ്ഥാപനങ്ങൾ പ്രത്യേകിച്ചും വായ്പാസംഘങ്ങൾ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്നത് നമ്മുടെ സംസ്ഥാനത്താണെന്നു പറയാം. പ്രാഥമിക വായ്പാ സംഘങ്ങളുടെ ശരാശരി അംഗസംഖ്യ ഓഹരിമൂലധനം, റിസർവ്വുകൾ, കൊടുക്കുന്ന വായ്പകൾ, സമാഹരിച്ച നിക്ഷേപം എന്നിവയിലെല്ലാം നമ്മുടെ സംസ്ഥാനം മുൻപന്തിയിലാണ്.

1912ലെ സഹകരണസംഘം ആക്ടിന്റെ അടിസ്ഥാനത്തിൽ 79 അംഗങ്ങളോടെയും 241 രൂപാ 50 പൈസ ഓഹരി മൂലധനത്തോടെയും 1919 ജനുവരി 28ന് റാന്നി കേന്ദ്രമാക്കി നായർ-വെള്ളാള പരസ്പര സഹായ സഹകരണസംഘം പ്രവർത്തനം ആരംഭിച്ചതോടുകൂടിയാണ് ഈ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനം തുടക്കം കുറിച്ചത്. കുറിയം വേലിൽ ഗോവിന്ദൻനായർ, മുട്ടുമണ്ണിൽ നാരായണൻ നായർ, വടക്കേത്ത് അയ്യപ്പൻ പിള്ള തുടങ്ങിയവരാണ് ഈ സംഘത്തിന്റെ ആദ്യകാല പ്രവർത്തകരിൽ പ്രമുഖർ. 1963ൽ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ആയി മാറിയ ഈ സ്ഥാപനം 1971ൽ ലിക്വിഡേഷൻ നടപടികൾക്ക് വിധേയമായി ഈ നിർണ്ണാ

1912ലെ സഹകരണസംഘം ആക്ടിന്റെ അടിസ്ഥാനത്തിൽ 79 അംഗങ്ങളോടെയും 241 രൂപാ 50 പൈസ ഓഹരി മൂലധനത്തോടെയും 1919 ജനുവരി 28ന് റാന്നി കേന്ദ്രമാക്കി നായർ-വെള്ളാള പരസ്പര സഹായ സഹകരണസംഘം പ്രവർത്തനം ആരംഭിച്ചതോടുകൂടിയാണ് ഈ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനം തുടക്കം കുറിച്ചത്.

യകഘട്ടത്തിൽ സ്ഥാപനത്തിന്റെ ഭരണസാരഥ്യം ഏറ്റെടുത്ത ശ്രീ പോത്തൻ കോവൂരിന്റെ നേതൃത്വത്തിലുള്ള ഭരണ സമിതിയുടെ പ്രവർത്തനഫലമായി കേരളത്തിലെ ഒന്നാംകിട സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലൊന്നായി ഇത് മാറിക്കഴിഞ്ഞു.

1925 ൽ ഈ പഞ്ചായത്തിലെ തന്നെ ഉതിമൂട് കേന്ദ്രമാക്കി മറ്റൊരു പരസ്പര സഹായ സഹകരണ സംഘവും പ്രവർത്തനം ആരംഭിച്ചു. ഡോ. എം.ജെ. ടൈറ്റസ് മട്ടക്കൽ, കെ.ജെ. കൊച്ചുകുഞ്ഞ് മുളമൂട്ടിൽ, എം.എ വർഗീസ് വെള്ളാറേത്ത് എന്നിവരായിരുന്നു. ഈ സംഘത്തിന്റെ ആദ്യകാല പ്രവർത്തകരിൽ പ്രമുഖർ. 1962ൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കായി മാറിയ ഈ സ്ഥാപനം ഇന്ന് ഈ ജില്ലയിലെ പ്രമുഖ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ ഒന്നാണ്.

വിവിധ മേഖലകളിലായി 8 സഹകരണ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരുന്നു.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ	-	2
ക്ഷീര വ്യവസായ സഹകരണ സംഘം	-	1
റബ്ബർ പ്രോഡ്യൂസേഴ്സ് സംഘങ്ങൾ	-	2
സ്ക്കൂൾ കോ-ഓപ്പറേറ്റീവ് സഹകരണസംഘം	-	1

പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സ്ഥാപനങ്ങളിലെല്ലാം കൂടി 22 പേർ പ്രത്യക്ഷമായി ജോലിയെടുത്തു വരുന്നു. താലൂക്ക്/ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ഈ പഞ്ചായത്ത് കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്നു.

വ്യവസായ സഹകരണസംഘങ്ങൾ	-	2
ലേബർ കോൺട്രാക്റ്റ് സഹകരണസംഘം	-	1
ഗവ: സർവന്റ്സ് സഹകരണസംഘം	-	1
കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് സഹകരണസംഘം	-	1
റബ്ബർ വിപണന സഹകരണസംഘം	-	1

ഇവയിലെല്ലാം കൂടി 17 പേർ പ്രത്യക്ഷമായി ജോലി ചെയ്തു വരുന്നു. കൂടാതെ ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന റാന്നി ബ്ലോക്ക് ഭവന നിർമ്മാണ സഹകരണസംഘം, കോഴഞ്ചേരി താലൂക്കു പ്രവർത്തന പരിധിയുള്ള പത്തനംതിട്ട സഹകരണ കാർഷികഗ്രാമ വികസന ബാങ്ക് എന്നിവയുടെ പ്രവർത്തന പരിധി ഈ പഞ്ചായത്ത് പ്രദേശം കൂടി ഉൾപ്പെട്ടതാണ്, പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പട്ടിക അന്യത്ര ചേർത്തിരിക്കുന്നു.

സഹകരണ സ്ഥാപനങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷീക വായ്പാ മേഖലയിൽ റാന്നി, ഉതിമൂട് സർവ്വീസ് സഹകരണ ബാങ്കുകൾ നല്ല രീതിയിലും ഈ പഞ്ചായത്ത് പ്രദേശം കൂടി പ്രവർത്തന പരിധിയുള്ള പത്തനംതിട്ട കാർഷീക ഗ്രാമ വികസന ബാങ്ക് നാമമാത്രമായും പ്രവർത്തിക്കുന്നു. കാർഷീകേതര വായ്പാ മേഖലയിൽ റാന്നി, ഉതുമൂട് സർവ്വീസ് സഹകരണ ബാങ്കുകളെ കൂടാതെ, റാന്നി താലൂക്കും പ്രവർത്തന പരിധിയായി പ്രവർത്തിക്കുന്ന ഗവ. സർവ്വീസ് സഹകരണ സംഘവും, മെച്ചപ്പെട്ട പ്രവർത്തനം നടത്തിവരുന്നു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക ക്ഷീര വ്യവസായ സഹകരണ സംഘം ഉതിമൂട് കേന്ദ്രമാക്കി സാമാന്യം തൃപ്തികരമായ രീതിയിൽ പ്രവർത്തിച്ചു വരുന്നു. പുതുശ്ശേരിമല ഉതിമൂട് പ്രദേശങ്ങൾ കേന്ദ്രമായുള്ള റബ്ബർ പ്രൊഡ്യൂസേഴ്സ് സംഘങ്ങൾ പ്രവർത്തിക്കുന്നില്ലെന്നു തന്നെ പറയാം. സ്ക്കൂൾ കോപ്പറേറ്റീവ് സംഘങ്ങൾ നാമമാത്രമായ പ്രവർത്തനം നടത്തിവരുന്നു. ഉതിമൂട് കേന്ദ്രമാക്കി രജിസ്റ്റർ ചെയ്യപ്പെട്ട ഗിരിജൻ സഹകരണ സംഘം പൂർണ്ണമായും പ്രവർത്തനരഹിതമാണ്. റാന്നി കേന്ദ്രമാക്കി താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന പ്രിൻറിംഗ് ആൻഡ് പബ്ലിഷിംഗ് സഹകരണ സംഘം ഏതാണ്ട് പ്രവർത്തനം നിലച്ച അവസ്ഥയിലാണ്. റാന്നി ബ്ലോക്ക് പ്രവർത്തന പരിധിയിലുള്ള റാന്നി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വനിതാ കോപ്പറേറ്റീവ് സഹകരണ സംഘത്തിന്റെ പ്രവർത്തനവും കാര്യക്ഷമമല്ല. ലേബർ കോൺട്രാക്ടേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി പ്രവർത്തിക്കുന്നില്ല. ഈ പഞ്ചായത്ത് ആസ്ഥാനം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന റബ്ബർ വിപണന സഹകരണ സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല. പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളുടെ മേഖല തിരിച്ചുള്ള അവലോകനം ചുവടെ കൊടുത്തിരിക്കുന്നു.

1. വായ്പാ മേഖല

വായ്പാ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളെ രണ്ടായി തിരിക്കാം. കാർഷീക വായ്പാ മേഖലയിൽ പ്രവർത്തിക്കുന്നവയും, കാർഷികേതര വായ്പാ മേഖലയിൽ പ്രവർത്തിക്കുന്നവയും.

1. കാർഷീക വായ്പാ മേഖല

(എ) ഹ്രസ്വകാല /മദ്ധ്യകാല വായ്പ

പഞ്ചായത്തിലെ രണ്ടു പ്രമുഖ സഹകരണ സ്ഥാപനങ്ങളായ റാന്നി, ഉതിമൂട് സർവ്വീസ് സഹകരണ ബാങ്കുകൾ ഹ്രസ്വകാല കാർഷീക വായ്പകൾ വിതരണം ചെയ്യുവാൻ ഉദ്ദേശിച്ച്, സ്ഥാപിക്കപ്പെട്ടിട്ടുള്ള പ്രാഥമീക കാർഷീക വായ്പാ സംഘങ്ങളാണ്. എന്നിരുന്നാലും പഞ്ചായത്തിലെ ഏതാണ്ട് രണ്ടായിരത്തിലധികം വരുന്ന കർഷക കുടുംബങ്ങൾക്ക് അർഹമായ വായ്പ ലഭിക്കുന്നുവെന്ന് പറയാൻ കഴിയുകയില്ല. തങ്ങളുടെ അടിസ്ഥാന ലക്ഷ്യമായ കാർഷീക വായ്പാ വിതരണം എന്ന ചുമതലകളിൽ നിന്നും ഈ സ്ഥാപനങ്ങൾ വ്യതിചലിക്കുന്നതാണ് പ്രധാന കാരണം.

റാന്നി സർവ്വീസ് സഹകരണ ബാങ്ക്

8.5 കോടി രൂപാ നിക്ഷേപമായി സമാഹരിച്ച റാന്നി സർവ്വീസ് സഹകരണ ബാങ്ക് പത്തനംതിട്ട ജില്ലയിലെ ഒന്നാംകിട സഹകരണ പ്രസ്ഥാനമാണ്. സംസ്ഥാനത്തെ തന്നെ മിച്ച ബാങ്കുകളിൽ ഒന്നാണിത്. പഞ്ചായത്തിലെ 1,2,3,4 വാർഡുകൾ പൂർണ്ണമായും 7,8 വാർഡുകൾ ഭാഗീകമായും ഉൾക്കൊള്ളുന്ന ഇതിന്റെ പ്രവർത്തന പരിധിയിൽ ആയിരത്തഞ്ഞൂറോളം കർഷക കുടുംബങ്ങൾ അധിവസിക്കുന്നു. 30.6.96 ലെ കണക്കനുസരിച്ച് ഹ്യസ്വകാല കാർഷീക വായ്പയായി 251500 രൂപയും കാർഷീക കാഷ് ക്രെഡിറ്റായി 394240 രൂപയും, മദ്ധ്യകാല കാർഷീക വായ്പയായി 378000 രൂപയും ഉൾപ്പെടെ ഹ്രസ്വകാല / മദ്ധ്യകാല വായ്പാ വിഭാഗത്തിൽ മൊത്തം 1023740 രൂപ വിതരണം ചെയ്തിട്ടുണ്ട്. 30.6.96 ലെ ആകെ നില്പ് വായ്പയുടെ 15 ശതമാനത്തിൽ താഴെ മാത്രമാണ് കാർഷീക വായ്പയായി വിതരണം ചെയ്യപ്പെട്ടിരിക്കുന്നത്. കാർഷീക വായ്പാ സംഘം എന്ന നിലയിൽ കാർഷീക വായ്പാ വിതരണത്തിൽ കുറെ കൂടി സജീവമായ പങ്ക് ഈ ബാങ്കിന് വഹിക്കുവാൻ കഴിയുമെന്നതിൽ സംശയമില്ല. വളം വിതരണം, കാർഷീക ഉത്പന്നങ്ങളുടെ സംഭരണം, വിതരണം എന്നീ കാര്യങ്ങളിൽ കാര്യമായി ശ്രദ്ധിക്കുന്നതേയില്ല. ഈ ബാങ്കിന്റെ വളർച്ചക്ക് ശ്രദ്ധേയമായ പങ്കു വഹിച്ച പ്രമുഖ സഹകരിയാണ് ചിറ്റേത്ത് ശ്രീ സി.എൻ. രാമകൃഷ്ണപിള്ള. ശ്രീ പി.റ്റി. ജോസഫ് ഈ ബാങ്കിന്റെ പ്രസിഡൻറായി ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

ഉതിമൂട് സർവ്വീസ് സഹകരണ ബാങ്ക്

റാന്നി പഞ്ചായത്തിന്റെ 5,6 വാർഡുകൾ പൂർണ്ണമായും 7,8 വാർഡുകൾ ഭാഗീകമായും പ്രവർത്തന പരിധിയുള്ള ഈ സ്ഥാപനത്തിന്റെ പരിധിയിൽ ആയിരത്തോളം കർഷക കുടുംബങ്ങളുണ്ട്. 30.6.96ലെ കണക്കനുസരിച്ച് ആകെ വിതരണം ചെയ്തുട്ടുള്ള 11147582 രൂപയിൽ 2493404 രൂപ ഹ്രസ്വകാല / മദ്ധ്യകാല കാർഷിക വായ്പയാണ്. ആതായത് 22 ശതനമാനത്തിലധികം. ഈ വായ്പ കൊടുക്കുന്നതിന് പ്രധാനമായും നബാർഡിന്റെ പുനർ വായ്പാ സഹായ പദ്ധതിയേയാണ് ആശ്രയിക്കുന്നത്. കർഷകർക്കാവശ്യമായ വളം, കീടനാശിനി മുതലായ വയുടെ വിതരണത്തിൽ കാര്യമായി ശ്രദ്ധിക്കുന്നുണ്ട്. ബാങ്ക് ആഫീസിനോടനുബന്ധിച്ച് ഉതിമൂട്ടിൽ ഉള്ള വളം ഡിപ്പോ കൂടാതെ പുതുശ്ശേരിമലയിലുള്ള സ്വന്തം കെട്ടിടത്തിലും വളം ഡിപ്പോ പ്രവർത്തിച്ചുവരുന്നു. ശ്രീ. പി.പി. രാജശേഖരൻപിള്ള ബാങ്കിന്റെ പ്രസിഡൻറായി ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

ദീർഘകാല വായ്പ

കോഴഞ്ചേരി, റാന്നി താലൂക്കുകൾ പ്രവർത്തന പരിധിയുള്ള പത്തനംതിട്ട പ്രാഥമീക സഹകരണ കാർഷീക ഗ്രാമവികസന ബാങ്കാണ് ഈ പഞ്ചായത്തിലെ കർഷകർക്കാവശ്യമായ ദീർഘകാല വായ്പ നല്കുവാൻ ബാദ്ധ്യസ്ഥമായ സ്ഥാപനം. 95-96 വർഷം ഈ പഞ്ചായത്തിൽ പദ്ധതി വായ്പാ വിഭാഗത്തിൽ ആകെ 50,000

രൂപയും (വായ്പയുടെ എണ്ണം 1) 94-95 വർഷം 3 വായ്പകളിലായി 19500 രൂപയും മാത്രമാണ് വിതരണം ചെയ്യപ്പെട്ടിരിക്കുന്നത്. 94-95 വർഷം സാധാരണ വായ്പാ വിഭാഗത്തിൽ 2 വായ്പകളിലായി 38000 രൂപ മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത്. ഫണ്ടിന്റെ കുറവും വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും സങ്കീർണ്ണതയും കാരണം കർഷകരുടെ ദീർഘകാല വായ്പാവശ്യം നിർവ്വഹിക്കുന്ന കാര്യത്തിൽ ഈ സ്ഥാപനത്തിന് ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയുന്നില്ല. നബാർഡിന്റെ പുനർ വായ്പാ പദ്ധതി പ്രകാരം ഉതിമൂട് സർവ്വീസ് സഹകരണ ബാങ്ക് ഈ പഞ്ചായത്ത് പ്രദേശത്ത് പദ്ധതി വായ്പാ വിഭാഗത്തിൽ 192353 രൂപ ദീർഘകാല വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

(2) കാർഷികേതര വായ്പാ മേഖല.

കാർഷികേതര വായ്പാ മേഖലയിൽ പ്രത്യേകിച്ചും ഹ്രസ്വകാല വായ്പ വിതരണം ചെയ്യുന്നതിൽ റാന്നി, ഉതിമൂട് സർവ്വീസ് സഹകരണ ബാങ്കുകൾ നിസ്തുലമായ പ്രവർത്തനം നടത്തിവരുന്നു. 30.6.96 ലെ കണക്കനുസരിച്ച് റാന്നി സർവ്വീസ് സഹകരണ ബാങ്ക് 6938614 രൂപയും ഉതിമൂട് സർവ്വീസ് സഹകരണ ബാങ്ക് 846125 രൂപയും വിവിധ വിഭാഗത്തിൽ പെടുത്തി കാർഷീകേതര വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഈ പഞ്ചായത്തു പ്രദേശം കൂടി പ്രവർത്തന പരിധിയിൽപ്പെടുന്ന പത്തനംതിട്ട സഹകരണ കാർഷീക ഗ്രാമവികസന ബാങ്ക് ഈ പ്രദേശത്ത് 95-96 വർഷം 6 വായ്പകളിലായി 132500 രൂപ കാർഷീകേതര വായ്പയായി വിതരണം ചെയ്തുട്ടുണ്ട്. കൂടാതെ ഗവ. ജീവനക്കാർക്കുവേണ്ടി സ്ഥാപിതമായിട്ടുള്ള ഗവ. സർവ്വീസ് സഹകരണ സംഘവും ഈ പഞ്ചായത്ത് പ്രദേശത്ത് ഹ്രസ്വകാല / മദ്ധ്യകാല കാർഷീകേതര വായ്പ പിതരണം ചെയ്തുവരുന്നു. റാന്നി കേന്ദ്രമാക്കി സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉദ്ദേശിച്ച് 1995ൽ രജിസ്റ്റർ ചെയ്യപ്പെട്ട കോ-ഓപ്പറേറ്റീവ് എംപ്ലോയിസ് സൊസൈറ്റിയും കാർഷീകേതര വായ്പാ മേഖലയിൽ പ്രവർത്തിക്കുന്നു.

വ്യവസായ മേഖല.

റാന്നി താലൂക്ക് പ്രവർത്തന പരിധിയുള്ള റാന്നി താലൂക്ക് പ്രിൻറിംഗ് ആൻഡ് പബ്ലിഷിംഗ് ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി 96 അംഗങ്ങളുമായി 1984ൽ ഈ പഞ്ചായത്തിന്റെ ആസ്ഥാനം കേന്ദ്രമാക്കി പ്രവർത്തനം ആരംഭിച്ചു. വർദ്ധിച്ച നഷ്ടവും, പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയും മൂലം ഇതിന്റെ പ്രവർത്തനം ഏതാണ്ട് നിലച്ച മട്ടാണ്.

റാന്നി ബ്ലോക്ക് പ്രദേശം പ്രവർത്തന പരിധിയുള്ള റാന്നി ബ്ലോക്ക് വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന വനിത കോ-ഓപ്പറേറ്റീവ് പ്രസ്സാണ് ഈ പഞ്ചായത്ത് പ്രദേശം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹകരണ രംഗത്തെ മറ്റൊരു വ്യവസായ സ്ഥാപനം. 1988ൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിന്റെ പ്രവർത്തനവും കാര്യക്ഷമമല്ല.

വിപണന മേഖല

താലൂക്കിന്റെ ഏതാണ്ട് മൂന്നിൽ രണ്ട് ഭാഗം പ്രവർത്തന പരിധിയുള്ള റാന്നി റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘം ഈ പഞ്ചായത്തിന്റെ ആസ്ഥാനം കേന്ദ്രമാക്കിയാണ് പ്രവർത്തിക്കുന്നത്. റബ്ബറിന്റെ വിപണനത്തിലും, റബ്ബർ കർഷകർക്കാവശ്യമായ സാധന സാമഗ്രികളുടെ വിതരണത്തിലും ഏർപ്പെട്ടിരിക്കുന്ന ഈ സ്ഥാപനത്തിന്റെ നിലനില്പു തന്നെ അപകടത്തിലാക്കുന്ന തരത്തിൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

ക്ഷീര വ്യവസായ മേഖല

ആറാം വാർഡിൽ ഉതിമൂട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ക്ഷീരോല്പാദക സഹകരണ സംഘമാണ് ഈ പഞ്ചായത്തു പ്രദേശത്തെ ഈ മേഖലയിലുള്ള ഏക സ്ഥാപനം. ഇത് സാമാന്യം തൃപ്തികരമായ തോതിൽ പ്രവർത്തിച്ചുവരുന്നു.

ഭവനവായ്പാ മേഖല

റാന്നി ബ്ലോക്ക് പ്രവർത്തന പരിധിയുള്ള റാന്നി ഹൗസിങ്ങ് സഹകരണ സംഘം ഈ പഞ്ചായത്ത് പ്രദേശത്ത് ഭവന നിർമ്മാണ വായ്പകൾ വിതരണം ചെയ്തുവരുന്നു. ഈ പഞ്ചായത്ത് പ്രദേശത്ത് 928000 രൂപാ വിതരണം ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തതയും നടപടി ക്രമങ്ങളുടെ സങ്കീർണ്ണതയും സുഗമമായ പ്രവർത്തനത്തിന് വിഘാതമാകുന്നുണ്ട്.

പട്ടിക ജാതി / പട്ടിക വർഗ്ഗ മേഖല

പട്ടിക വർഗ്ഗ വിഭാഗത്തിന്റെ ക്ഷേമം മുൻ നിർത്തി ഉതിമൂട് കേന്ദ്രമാക്കി രജിസ്റ്റർ ചെയ്യപ്പെട്ട ഗിരിജൻ സഹകരണ സംഘം ഇപ്പോൾ പൂർണ്ണമായും പ്രവർത്തന രഹിതമാണ്.

സേവന മേഖല

റാന്നി കേന്ദ്രമാക്കി റാന്നി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി 90ൽ രജിസ്റ്റർ ചെയ്യപ്പെട്ടുവെങ്കിലും ഇത് ഇപ്പോൾ പൂർണ്ണമായും പ്രവർത്തന രഹിതമാണ്.

സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ

പഞ്ചായത്ത് പ്രദേശത്ത് രണ്ട് സ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ സഹകരണ രംഗം കൂടുതൽ കാര്യക്ഷമമാക്കാനുള്ള നിർദ്ദേശങ്ങൾ.

1) നല്ല സാമ്പത്തീക അടിത്തറയുള്ള റാന്നി സർവ്വീസ് സഹകരണ ബാങ്ക് അതിന്റെ സാമ്പത്തീക അടിത്തറക്ക് കോട്ടം വരാത്ത വിധത്തിൽ കാർഷീക വായ്പകൾ നല്കുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കുകയും, ഗ്രാമീണ ദുർബ്ബല ജനവിഭാഗങ്ങൾക്കു കൂടുതൽ വായ്പകൾ കൊടുക്കുവാനുള്ള പദ്ധതികൾക്ക് രൂപം കൊടുക്കുകയും ചെയ്യേണ്ടതാണ്.

2) കാർഷീക കാർഷീകേതര വായ്പാരംഗത്ത് പ്രവർത്തിക്കുന്ന ഉതിമൂട് സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം നഷ്ടത്തിലാണ്. പ്രവർത്തന ചിലവിലെ വർദ്ധനവിന് ആനുപാതികമായി വരുമാനം വർദ്ധിപ്പാക്കാൻ കഴിയാതിരുന്നതാണ് നഷ്ടത്തിനു കാരണം. പ്രവർത്തന ചെലവ് പരമാവധി കുറയ്ക്കുകയും, വരുമാനം വർദ്ധിപ്പിക്കുകയും തക്ക വിധത്തിൽ നിലവിലുള്ള പ്രവർത്തനങ്ങളോടൊപ്പം പ്രവർത്തന മേഖല വിപുലീകരിക്കുകയും ചെയ്യേണ്ടതാണ്.

3. സഹകരണ സംഘങ്ങൾ ചിട്ടി നടത്തുന്നതിനുള്ള വ്യവസ്ഥ ലഘൂകരിച്ച് കൂടുതൽ ചിട്ടികൾ നടത്തുവാനുള്ള അവസരങ്ങൾ സൃഷ്ടിക്കേണ്ടതാണ്.

4. പഞ്ചായത്തിലെ എല്ലാ കുടംബങ്ങളിൽ നിന്നും പ്രാതിനിധ്യം ഉണ്ടാകത്തക്ക വിധത്തിൽ സർവ്വീസ് സഹകരണ ബാങ്കുകളിലെ അംഗത്വം വിപുലീകരിക്കേണ്ടതാണ്.

5. വളവും, കാർഷീക ഉപകരണങ്ങളും ആവശ്യാനുസരണം വിതരണം ചെയ്യുവാനും കാർഷീക ഉത്പന്നങ്ങൾ സംഭരിക്കുവാനും ഉള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്.

6. കാർഷീക വായ്പക്കുള്ള സബ്സിഡി യഥാകാലം കർഷകർക്ക് ലഭിക്കുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ സ്വീകരിക്കേണ്ടതാണ്.

7. കാർഷീക ഗ്രാമവികസന ബാങ്കിന്റെയും ഹൗസിംഗ് സഹകരണ സംഘത്തിന്റെയും വിഭവ ലഭ്യത വർദ്ധിപ്പിക്കുകയും നടപടി ക്രമങ്ങളിലെ സങ്കീർണ്ണത ലഘൂകരിക്കുകയും ചെയ്യേണ്ടതാണ്.

8. സ്ക്കൂൾ സഹകരണ സംഘങ്ങൾ വിദ്യാർത്ഥികൾക്കാവശ്യമായ സ്റ്റേഷനറി, യൂണിഫോം മുതലായവ വിതരണം ചെയ്യത്തക്ക വിധത്തിൽ പ്രവർത്തനം വിപുലപ്പെടുത്തേണ്ടതാണ്.

9. പട്ടികജാതി വിഭാഗക്കാരെ കൂടി ഉൾപ്പെടുത്തി ഗിരിജൻ സഹകരണ സംഘം പ്രവർത്തന ക്ഷമമാക്കണം.

10. ലേബർ കോൺട്രാക്ടേഴ്സ് സഹകരണ സംഘം പ്രവർത്തന ക്ഷമമാക്കണം.

11. പ്രിൻറിംഗ് ആൻഡ് പബ്ലിഷിംഗ് ഇൻഡ

സ്ട്രിയിൽ സഹകരണ സംഘത്തിന്റെയും വനിതാ കോ-ഓപ്പറേറ്റീവ് സംഘത്തിന്റെയും പ്രവർത്തനം കാര്യക്ഷമമാക്കണം.

12. റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ പ്രവർത്തനം വിപുലീകരണത്തിലൂടെയും വൈവിദ്ധ്യവല്ക്കരണത്തിലൂടെയും ലാഭകരമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

. പഞ്ചായത്ത് പ്രദേശത്ത് സഹകരണ മേഖലയിൽ നടപ്പാക്കേണ്ട ചില പദ്ധതികളെ സംബന്ധിച്ച നിർദ്ദേശങ്ങൾ.

1. ഉതിമൂട് സർവ്വീസ് സഹകരണ ബാങ്ക് വക പുതുശ്ശേരിമലയിലുള്ള ഡിപ്പോ ഒരു പൂർണ്ണ ബ്രാഞ്ചായി മാറ്റാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബാങ്ക് വക സ്ഥലവും കെട്ടിടവും ഉള്ളതുകൊണ്ട് ഇതിന് കാര്യമായ മൂലധനച്ചെലവ് ഉണ്ടാവില്ല. ഇത്തരത്തിൽ ഒരു ബ്രാഞ്ച് ആരംഭിക്കുന്നത് ഗതാഗത സൗകര്യം തീർത്തും അപര്യാപ്തമായ പഞ്ചായത്തിലെ രണ്ടു വലിയ വാർഡുകൾ ഉൾക്കൊള്ളുന്ന പുതുശ്ശേരിമല പ്രദേശത്തെ ജനങ്ങൾക്ക് ഒരു അനുഗ്രഹമായിരിക്കും.

2. ഒരു കോഴിവളർത്തൽ സഹകരണ സംഘം പഞ്ചായത്തു തലത്തിൽ രൂപീകരിച്ച്, കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഈ സംഘം മുഖേന പഞ്ചായത്തുകളിലെ വീടുകളിൽ ചെറിയ ചെറിയ യൂണിറ്റുകളായി കോഴികളെ വളർത്തുകയും, അതിനാവശ്യമായ മൃഗസംരക്ഷണ ഉദ്യോഗസ്ഥന്റെ സേവനവും സാമ്പത്തീക സഹായവും ലഭ്യമാക്കാവുന്നതുമാണ്.

3. പഞ്ചായത്തു പ്രദേശത്തെ പൂർണ്ണമായി ഉൾക്കൊള്ളത്തക്ക വിധത്തിൽ ക്ഷീര വ്യവസായ സഹകരണസംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. പാലിന്റെ വിപണനത്തിനും സംസ്കാരത്തിനും പുറമേ പശുക്കളെ വാങ്ങി വിതരണം ചെയ്യുന്ന കാര്യത്തിലും, തീറ്റ വിതരണം ചെയ്യുന്ന കാര്യത്തിലും മൃഗസംരക്ഷണ ഉദ്യോഗസ്ഥന്മാരുടെ സേവനം ലഭ്യമാക്കുന്നതിലും മറ്റും ഇത്തരം സംഘങ്ങൾ ശ്രമിക്കേണ്ടതാണ്.

4. കൺസ്യൂമർ മേഖലയിൽ ഈ പഞ്ചായത്ത് പ്രദേശം മുഴുവനും ഉൾക്കൊള്ളത്തക്ക വിധത്തിൽ ഒന്നോ ഒന്നിലധികമോ സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

5. പഞ്ചായത്തു പ്രദേശത്തെ പൂർണ്ണമായി ഉൾപ്പെടുത്തിക്കൊണ്ട് റെഡിമെയ്ഡ് ഗാർമൻറ്സ്, അച്ചാർ, ഉപ്പേരി മുതലായവയുടെ ഉത്പാദനം ലക്ഷ്യമാക്കി ഒരു വനിതാ വ്യവസായ സഹകരണ സംഘം സ്ഥാപിക്കാവുന്നതാണ്.

6. പഞ്ചായത്തിലെ മുഖ്യ കാർഷീകോത്പന്നമായ റബ്ബർ അടിസ്ഥാനമാക്കി വ്യവസായ സഹകരണ സംഘം തുടങ്ങാവുന്നതാണ്.

ഈ പഞ്ചായത്തിലെകാർഷീക രംഗത്തും തൊഴിൽ രംഗത്തും സമൂല മാറ്റം കൈവരിക്കുന്നതിനും തദ്വാരാ സാമ്പത്തിക രംഗത്ത് ഒരു വൻ മുന്നേറ്റം സാദ്ധ്യമാക്കുന്നതിനും ഉതകുന്നതി നിർദ്ദേശങ്ങൾ ഫലപ്രമായി നടപ്പാക്കണമെങ്കിൽ പ്രാദേശിക സാഹചര്യത്തിനനുസൃമായി പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിന് സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതികൾക്ക് സ്വാതന്ത്ര്യം ലഭിക്കത്തക്കവിധത്തിൽ നിയമ ഭേദഗതി ആവശ്യമാണന്നുള്ള കാര്യം പ്രത്യേകം എടുത്തു പറയേണ്ടതായിട്ടുണ്ട്.

പട്ടികകൾ പേജ് 65,66

പട്ടികജാതി / പട്ടിക വർഗ്ഗ ക്ഷേമം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ വരെ അടിച്ചമർത്തലിനും അയിത്തത്തിനും വിധേയരായി ഉഴവുമാടുകളെപോലെ പണിയെടുക്കുകയും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും ബഹുദൂരം പിന്നിൽ നിൽക്കുകയും ചെയ്ത പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഭരണഘടനയുടെ ആമുഖം തന്നെ വ്യക്തവും അതിശക്തവുമായി രൂപരേഖ തയ്യാറാക്കിയുട്ടുണ്ട്. ഭരണഘടനയുടെ അലംഘനീയങ്ങളായ ഇത്തരം നിർദ്ദേശങ്ങളും സാമൂഹ്യ സാംസ്കാരിക നായകൻമാരുടെയും പ്രാസ്ഥാനങ്ങളുടെയും പ്രവർത്തനങ്ങളും ഒരു പരിധിവരെ പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമത്തിന്റെ പടിവാതിൽ തുറക്കാൻ ഇടയായിട്ടുണ്ട്. മുൻ കാലങ്ങളിൽ നിന്ന് വ്യത്യസ്ഥമായി സാമൂഹ്യ ഉച്ചനീചത്വങ്ങളിൽ നിന്നും റാന്നി പഞ്ചായത്ത് ഇപ്പോൾ പൂർണ്ണമായും മോചനം നേടിയിട്ടുണ്ട്. പട്ടികജാതി -പട്ടികവർഗ്ഗ പീഡന വകുപ്പ് അനുസരിച്ച് റാന്നി പോലീസ് സ്റ്റേഷനിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഒരു കേസുപോലും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ല. ഇത് ഈ രംഗത്തുണ്ടായ മാറ്റത്തിന്റെ ഒരു സൂചനയായി കണക്കാക്കാം.

പൊതു ചടങ്ങുകളിലും വിവാഹാനന്തര ചടങ്ങുകളിലും ഈ വിഭാഗത്തിൽപ്പെട്ടവരെ ഇതരവിഭാഗക്കാർ സഹകരിപ്പിക്കുന്നു എന്നാണ് ഗ്രാമസഭാറിപ്പോർട്ടർട്ടുകളിൽ നിന്നും മനസ്സിലാക്കുന്നത്. ഉയർന്ന ജാതിയിൽപെട്ട ആളുകളിൽ നിന്നും പട്ടിക ജാതി വിഭാഗങ്ങൾ അപമാനിക്കപ്പെടുന്ന ഒരു സംഭവംപോലും നാളിതുവരെ എങ്ങും രേഖപ്പെടുത്തിയിട്ടില്ല. സാമൂഹ്യരംഗത്തുണ്ടായ വിപ്ലവകരമായ ഈ വ്യതിയാന പ്രക്രിയ അനുദിനം മുന്നേറിക്കൊണ്ടിരിക്കുന്നു. എന്നാൽ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗത്ത് ഈ വിഭാഗത്തിൽപ്പെട്ടവരുടെ നേതൃത്വം കാര്യമായിട്ടുണ്ടായിട്ടില്ല.

വിദ്യാഭ്യാസ സാമ്പത്തിക രംഗങ്ങളിൽ ഈ വിഭാഗം ബഹുദൂരം പിന്നിലാണ്. വിദ്യാഭ്യാസം നേടിയവരുടെ എണ്ണം അംഗുലീ പരിമിതമാണ്. സാമ്പത്തിക രംഗത്ത് നിരവധികാലം ചൂഷണത്തിന് വിധേയരായ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കുടികിടപ്പവകാശവും മിച്ചഭൂമിയും ലഭിച്ചതോടുകൂടി ഭൂമിയുടെ അവകാശികളായി മാറിയ ചരിത്ര സംഭവത്തെ ആദരവോടുകൂടി മാത്രമേ നോക്കികാണുവാൻ കഴിയൂ. ഇത് സാമ്പത്തിക പുരോഗതി കൈവരിക്കാനുള്ള പ്രയാണത്തിന്റെ തുടക്കമായി കാണാം. ലക്ഷംവീട് കോളനികളും നാല്സെന്റ് കോളനികളും ഈ രംഗത്തുണ്ടായ ശ്രദ്ധേയമായ പരിഷ്കാരങ്ങളാണ്.

സാമ്പത്തിക രംഗത്ത് നിരവധികാലം ചൂഷണത്തിന് വിധേയരായ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കുടികിടപ്പവകാശവും മിച്ചഭൂമിയും ലഭിച്ചതോടുകൂടി ഭൂമിയുടെ അവകാശികളായി മാറിയ ചരിത്ര സംഭവത്തെ ആദരവോടുകൂടി മാത്രമേ നോക്കികാണുവാൻ കഴിയൂ. ഇത് സാമ്പത്തിക പുരോഗതി കൈവരിക്കാനുള്ള പ്രയാണത്തിന്റെ തുടക്കമായി കാണാം.

റാന്നി ഗ്രാമ പഞ്ചായത്തിൽ 1991ലെ സെൻസസ് റിപ്പോർട്ട് അനുസരിച്ച് 1994 പട്ടികജാതിക്കാരും 54 പട്ടികവർഗ്ഗക്കാരുമുണ്ട്.ങ

പട്ടിക - 1

ക്രമ നമ്പർ	വാർഡൾ നമ്പർ	കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
1	1	ഇല്ല	-	-
2	2	ഇല്ല	-	-
3	3	ഇല്ല	-	-
4	4	ഇല്ല	-	-
5	5	പാറയ്ക്കൽ കോളനി	50	200
6	5	കൂട്ടുങ്കൽ കോളനി	45	175
7	5	കുളത്താനിൽ കോളനി	50	225
8	5	വിരുത്തിക്കാട്ടിൽ കോളനി	25	150
9	6	ഗിരിജൻ കോളനി	32	84
10	6	ഒറ്റക്കല്ലിൽ കോളനി	30	150
11	6	തോപ്പിൽ മുരുപ്പേൽ കോളനി	10	75
12	7	ഇല്ല		
13	8	കുറത്തിയോലിൽ ഹരിജൻ കോളനി	36	175

അവലംബം - ഗ്രാമസഭാ റിപ്പോർട്ട്

തൊഴിൽ

പട്ടികജാതി വർഗ്ഗ കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ മാറ്റേണ്ടി വന്നിട്ടുണ്ട്. കുറച്ചുപേർ സർക്കാർ വകുപ്പുകളിൽ തൊഴിൽ ചെയ്യുന്നു. കൂലി വേലയാണ് ഇപ്പോഴും പ്രധാന തൊഴിൽ വ്യവസായരംഗങ്ങളിലേക്ക് ഇക്കൂട്ടർ കടന്നു വന്നിട്ടേയില്ല.

പാർപ്പിടം

പാർപ്പിടപ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും മിക്ക ഹരിജൻ കോളനികളും ചെറ്റകുടിലുകളിൽ നിന്ന് മോചനം നേടിയിട്ടുണ്ട്. സർക്കാരും വിവിധ ഏജൻസികളും ഈ രംഗത്തു പ്രവർത്തിക്കുന്നു.

പട്ടിക - 2

പട്ടിജാതിക്കാരും അല്ലാത്തവരും താമസിക്കുന്ന കോളനികൾ

ക്രമ നമ്പർ	വാർഡൾ നമ്പർ	കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
1	1	ഇല്ല	-	-
2	2	ഇല്ല	-	-
3	3	ലക്ഷം വിട് കോളനി	15	55
4	3	മൂന്നു സെറ് കോളനി		
5	4	ലക്ഷംവീട് (പാലച്ചുവട്)	15	60
6	5	വാളിപ്ലാക്കൽ ലക്ഷംവീട് കോളനി	15	56
7	5	വലിയ കലുങ്ക്വീട് കോളനി	10	60
8	5	നാലുസെൻറ കോളനി	26	85
9	6	പള്ളിക്കാലാ	28	100
10	6	മിച്ചഭൂമി	8	35
11	7	ലക്ഷംവീട് കോളനി	16	75
12	8	നായാടി കോളനി	50	200

പ്രശ്നങ്ങൾ

1 കോളനികളിൽ ആരംഭിച്ച സാക്ഷരത പ്രവർത്തനം നിലച്ചിരിക്കുന്നു.

2. കാർഷിക മേഖലിയിൽ തൊഴിൽ കുറഞ്ഞു വരുന്നു.

3. ക്ഷേമ നിധിയുടെ പ്രയോജനം പൂർണ്ണമാ വുന്നില്ല.

4. എല്ലാവർക്കുo സ്വന്തമായി വീടില്ല.

5. കോളനികളിൽ പ്രാഥമിക സൗകര്യങ്ങൾ കുറ വാണ്.

6. സ്ഥല പരിമിധി പരിസരശുചീകരണം എന്നി വ പ്രധാന പ്രശ്നങ്ങളാണ്.

7. ആരോഗ്യസംരക്ഷണസംവിധാനംമെച്ചപ്പെട്ടതല്ല.

8. വീടുവയ്ക്കാൻ സ്ഥലമില്ല.

9. കോളനികളിൽ കുടിവെള്ളമില്ല.

10 ഭൂരിപക്ഷം വീടുകളിലും വൈദ്യുതിയില്ല.

11. പല കുടുംബങ്ങളിലും കടക്കെണിയിൽ പ്പെട്ടു നട്ടം തിരിയുന്നു.

12. നിർദ്ധന കുടുംബങ്ങളുടെ എണ്ണം വർദ്ധി ക്കുന്നു.

13. ഐ.ആർ.ഡി.പി. പദ്ധതികൾ പൂർണ്ണമായും വിജയിപ്പിക്കാൻ കഴിയുന്നില്ല.

14. പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറി വില്ല

15. തൊഴിൽ സംരംഭത്തിനായി നൽകുന്ന വായ്പകൾ ലക്ഷ്യം നേടുന്നില്ല.

16. തുടർ വിദ്യാഭ്യാസത്തിനായി പദ്ധതികളില്ല.

17. ഭൂരിപക്ഷം കോളനികളിലും ഗതാഗത സൗകര്യങ്ങൾ ഇല്ല.

നിർദ്ദേശങ്ങൾ

1. തൊഴിൽ മേഖല അഭിവൃദ്ധിപ്പെടുത്തുക.

2. പായ്നെയ്ത്ത്, കൊട്ട, പരമ്പ് എന്നിവയുടെ വ്യാവസായിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

3. ഹരിജൻ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

4. കോളനികളിൽ ജനപങ്കാളിത്തത്തോടുകൂടി മിനി ജലസേചന പദ്ധതി നടപ്പിലാക്കുക

5. ഹോളോ ബ്രിക്സ് യൂണിറ്റുകൾ ആരംഭിക്കുവാൻ ധനസഹായം നൽകുക.

6. വായ്പകളുടേയും, ഘനസഹായത്തിന്റെയും വ്യവസ്ഥകൾ ലഭ്യമാക്കുക.

7. കർഷകതൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കുകയും കൃത്യമായി നർകുകയും ചെയ്യുക.

8. വ്യവസായ പരിശീലനം നൽകുക.

9. വ്യവസായ വായ്പകൾ നൽകുകയും ദുരുപയോഗം തടയാൻ പ്രത്യേക സമിതിയെ നിയമിക്കുകയും ചെയ്യുക.

9. വീടു നിർമ്മാണത്തിനുള്ള ധനസഹായം വർദ്ധിപ്പിക്കുക.

10. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിമായി അനുവദിക്കുന്ന തുക അവർക്കായി ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.

11. പഞ്ചായത്തുതലത്തിൽ പട്ടികജാതി ക്ഷേമ കാര്യ സമിതി രൂപീകരിക്കുക.

12. എല്ലാ പദ്ധതികളുടേയും ഗുണദോഷ വശങ്ങളെ നിശ്ചയിക്കുവാനുള്ള അധികാരം പഞ്ചായത്ത് കമ്മറ്റിക്കു നൽകണം.

13. ലക്ഷംവീട് കോളനികളിലെ ഇരട്ടവീടുകൾ വിഭജിച്ച് ഒറ്റവീടുകളാക്കുക.

14. ഭൂരഹിത, ഭവനരഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കുക.

15. കോളനികളിലെ വീടുകൾ പുതുക്കിപ്പണിയുന്നതിനും മെയിൻറൻസ് നടത്തുന്നതുനും പദ്ധതി തയ്യാറാക്കുക.

16. കോളനികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

17. പ്രീ. മെട്രിക്ക് ഹോസ്റ്റൽ സ്ഥാപിക്കുക.

18. കോളനികളിൽ റ്റി.വി. സെറ് സ്ഥാപിക്കുക.

19. തുടർ വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കുക.

20. പൊതു സ്മശാനം നിർമ്മിക്കുക.

21. കുടുംബ ബാദ്ധ്യത ഏറ്റെടുത്ത് പഠനം മുടക്കേണ്ടി വന്നവരെ കണ്ടെത്തി ആവശ്യമായ ബദൽ സംവിധാനം ഏർപ്പെടുത്തുക.

22. കൂട്ടുങ്കൽ പൊട്ടൻ കുളത്തുങ്കൽ പടി റോഡ് നിർമ്മിക്കുക.

23. റാന്നി പഞ്ചായത്തിലെ 6-ാം വാർഡിലുള്ള പി.ഐ.പി. സ്ഥലം ഏറ്റെടുത്ത് പൊതുശ്മശാനം ഉണ്ടാക്കുക.

24. പേഴുംമൂട്ടിൽ പടി - പാറയ്ക്കൽ കോളനി വാളിപ്ലാക്കൽ റോഡ് പൂർത്തിയാക്കുക.

25. വലിയകലുങ്ക് - കൂട്ടുങ്കൽ കുളത്താനിൽ പാറയ്ക്കൽ - ചീങ്കയിൽ റോഡ് നിർമ്മിക്കുക.

26. വാളിപ്ലാക്കൽ പടി - നാലുസെൻറ് റോഡ് നിർമ്മിക്കാൻ കല്ലു പാകുക.

27. പൊട്ടങ്കൽ പടി - നാലുസെറ് കോളനി റോഡിൽ സ്ലാബ് നിർമ്മിക്കുക.

28. വിരുത്തിക്കാട് പട്ടികജാതി കോളനി റോഡ് ഗതാഗതയോഗ്യമാക്കുക.

29. മിച്ചഭൂമി കണ്ടുപിടിച്ച് ഭൂരഹിതരായ പട്ടികജാതിക്കാർക്ക് നൽകുക.

30. ചീങ്കയിൽ പടി മാന്താനം റോഡ് പൂർത്തിയാക്കുക.

31. നിർദ്ധനരായ പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുക.

32. ഉതിമൂട് ഗിരിജൻ കോളനിയിലേക്ക് റോഡി നിർമ്മിക്കുക.

33. ഒറ്റക്കൽ കോളനിയിലേക്കുള്ള റോഡ് കോൺ ക്രീറ്റ് ചെയ്യുക.

34. ഒറ്റക്കൽ - പൊയ്കമൺ കോളനി വഴിയിലെ സ്റ്റെപ്പുകളുടെ പുനരുദ്ധാരണം നടത്തുക.

35. ഡിപ്പോപ്പടി കുമ്പളാം പൊയ്ക സാക്ഷരതാ റോഡ് (ഗിരിജൻ കോളനിയിലേക്കുള്ള) ഗതാ ഗത യോഗ്യമാക്കുകയും വൈദ്യുതീകരി ക്കുകയും ചെയ്യുക.


36. ഡിപ്പോപ്പടി മിച്ചഭൂമി റോഡ് നിർമ്മിക്കുക.

37. വലിയ കലുങ്ക് പള്ളിക്കാല റോഡ് നിർമ്മി ക്കുക.

38. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂമിയിലെ മണ്ണൊലിപ്പ് തടയാൻ പദ്ധതി കൊ ണ്ടുവരിക.

39. പട്ടയം ഇല്ലാത്തവർക്ക് പട്ടയം നൽകുക.

40. സുബല യൂണിറ്റുകൾ മഹിളാസമാജങ്ങൾ, അംഗൻവാടികൾ, പ്രീപ്രൈമറി സ്ക്കൂൾ എന്നിവ ആരംഭിക്കുക.



റാന്നി ഗ്രാമപഞ്ചായത്ത് ജീവനക്കാർ

1. ഏ.കെ. പീതാംബരൻ - സെക്രട്ടറി
2. സാമുവേൽ എസ്സ്. തോമസ് - യു.ഡി. ക്ലാർക്ക്
3. കെ.എസ്സ് ശശീധരൻ നായർ ''
4. എൻ.ജി. മറിയാമ്മ - എൽ.ഡി. ക്ലാർക്ക്
5. കെ. മോഹൻദാസ് ''
6. റ്റി.എം. അച്ചുക്കുട്ടി പ്യൂൺ
7. സി. രാജമ്മ ''
8. പി.വി. സാംബശിവൻ - പി.റ്റി. ലൈബ്രേറിയൻ
9. സി.എ. കുഞ്ഞമ്മ - പി.റ്റി.എസ്

സ്ഥാപനങ്ങൾ

1 ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്
2. താലൂക്ക് ഓഫീസ്
3. ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസ്
4. പട്ടികജാതി വികസന ഓഫീസ്
5. പട്ടിക വർഗ്ഗ വികസന ഓഫീസ്
6. എംപ്ലോയ്മെൻറ് എക്സ്ചേഞ്ച്
7. പോലീസ് സ്റ്റേഷൻ
8. എക്സൈസ് സർക്കിൾ ഓഫീസ്
9. വില്ലേജ് ആഫീസ്
10. കെ.എസ്.ഇ.ബി. ഓഫീസ്
11. എ.ഇ.ഓ. ഓഫീസ്
12. പോസ്റ്റ് ഓഫീസ്
13 മൃഗാശുപത്രി
14 ഹോമിയോ ഡിസ്പൻസറി
15 താലൂക്കാശുപത്രി
16 ഹൈസ്ക്കൂൾ
17 ക്ഷീരവികസന ഓഫീസ്
18 സബ്ട്രഷറി
19 വാട്ടർ അതോറിറ്റി ഓഫീസ്
20 ഐ.സി.ഡി.എസ്
21 ഊർജ്ജിത കന്നുകാലി വികസന ആഫിസ്
22 താലൂക്ക് സപ്ലൈ ഓഫീസ്
23 സബ് രജിസിട്രാർ ഓഫീസ്
24 അസ്സിസ്റ്റൻറ് രജിസ്ട്രാർ / സഹ. സംഘം
25 ഗവ. സർവ്വൻറ്സ് സഹ. സംഘം
26 ജില്ലാ സഹകരണ ബാങ്ക്
27 പി.ഡബ്ലിയു.ഡി. ജില്ലാ ആഫിസ്
28 ടെലഫോൺ എക്സ്ചേഞ്ച്
29 പി.ഡബ്ലിയു.ഡി. റോഡ് ഡിവിഷൻ ആഫിസ്
30 കൃഷി അസിസ്റ്റൻറ് ഡയറക്ടർ ഓഫീസ്
31 ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി
32 സിവിൽ കോടതി
33 66 കെ.വി. സബ് സ്റ്റേഷൻ
34 മൈനർ ഇറിഗേഷൻ ഓഫീസ്
35 അളവു തൂക്ക ആഫീസ്
36 പി.ഡബ്ലിയു.ഡി. ഗസ്റ്റ് ഹൗസ്
37 ഭൂമി പതിവ് ആഫീസ്
38 പഞ്ചായത്താഫീസ്
39 ഫോറസ്റ്റ് റയിഞ്ച് ആഫീസ്
40 ലേബർ ആഫീസ്
41 എക്സൈസ് ആഫീസ്

വിഭവ സമാഹരണം

നമ്മുടെ ഗ്രാമം ഇന്നു നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി കാർഷിക വ്യവസായ മേഖലകളിലെ മുരടിപ്പാണ് എന്നു പറയാം. വൻ വ്യവസായങ്ങൾ ഇല്ല. ചെറുകിട വ്യവ സായങ്ങൾ താരതമ്യേന കുറവാണ്. വിഭവസമാഹരണരംഗം നൂതനമായ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് സജീവ മാക്കേണ്ടതുണ്ട്.

കാർഷിക രംഗം ഗുരുതരമായ പ്രതിസന്ധിയിലൂടെ കടന്നു പോകുന്നു. കൃഷി നിലങ്ങൾ താമസ പറമ്പുകളായി മാറുന്നു. കാർഷികമേഖലയിൽ പണിയെടുത്തു വന്നിരുന്ന വർ മറ്റു രംഗങ്ങളിൽ പ്രവർത്തിച്ച് ജീവിത മാർഗ്ഗം കണ്ടെ ത്തുന്നു. കർഷകൻ കർഷക തൊഴിലാളികളായി മാറുന്നു. മണ്ണിന്റെ ഫലഫൂയിഷ്ടത നഷ്ടപ്പെടുന്നു. ജൈവ വള ത്തിന്റെ ഉപയോഗം തീരെ കുറഞ്ഞിരിക്കുന്നു.

കാർഷിക-വ്യവസായ മേഖലയിലുണ്ടായ ഈ മാന്ദ്യം വിഭവസമാഹരണത്തിനുള്ള വഴി തടഞ്ഞു നിർത്തുന്നു. സർ ക്കാരിന്റെ വിവിധ തരത്തിലുള്ള ഗ്രാൻറുകൾ യഥാസമയം പഞ്ചായത്തുകൾക്ക് ലഭിക്കുന്നില്ല. ജനസംഖ്യാനുപാതത്തിൽ ഗ്രാൻറുകൾ വിതരണം ചെയ്യുന്നത് മാത്രമായിരിക്കും നീതി പൂർവ്വം എന്നഭിപ്രായപ്പെടേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന്റെ വരുമാനം മൂല്യാധിഷ്ഠിതമായി വർദ്ധിക്കുന്നില്ല എന്നത് പട്ടിക ഒന്നിൽ നിന്നും മനസ്സി ലാക്കാം.

പട്ടിക 2

വാർഡ്	ലൈസൻസുകളുടെഎണ്ണം	ലൈസൻസ് ഫീസ്
1	38	740.00
2	82	1200.00
3	19	625.00
4	4	60.00
5	1	10.00
6	27	606.00
7	6	90.00
8	ഇല്ല	ഇല്ല
	ആകെ	3331.00

നമ്മുടെ പഞ്ചായത്തിലെ ഗ്രാമസഭാ റിപ്പോർ ട്ടുകളിലെല്ലാം തന്നെ മനുഷ്യ വിഭവത്തിന്റെ സംഭാവന പ്രഖ്യാപിച്ചിട്ടുണ്ട്. ജാതിമത ചിന്തകൾക്കതീതമായി മനുഷ്യാദ്ധ്വാനം വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുവാൻ കഴിയും.

പട്ടിക 1 വരുമാനത്തിന്റെ വ്യതിയാനം

	ഇനവിവരങ്ങൾ	1991-92	1995-96	വ്യത്യാസം
1	കെട്ടിടനികുതി	185376.85	164983.90	-20392.95
2	വിനോദ നികുതി	9550.95	10346.00	+795.05
3	തൊഴിൽ നികുതി	131691.00	159785.00	+28194.00
4	ഉപാധിരഹിതഫണ്ട്	17,0000.00	275000.00	+105000.00
5	എസ്.സി.പി.	50,000.00	100000.00	+50000.00
6	ജെ.ആർ.വൈ.	ഇല്ല	92485.00	+92485.00
7	ഗ്രാൻറുകൾ സംഭാവനകൾ	32367.00	124107.00	+91740.00
8	മറ്റു വരവുകൾ	464040.72	468826.25	+4785.53
9	ആകെ	1043026.52	1395533.15	+352506.63

നമ്മുടെ പഞ്ചായത്തിൽ കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ ഗുരുതരമായ അലംഭാവം കണക്കുകളിൽ നിന്നും ദൃശ്യമാകുന്നു. പ്രധാനപ്പെട്ട കച്ചവട കേന്ദ്രങ്ങളിൽ പോലും 3,4, കച്ചവടസ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് ഫീസ് കൃത്യമായും അടയ്ക്കുന്നത്. ഇത്തരം നികുതി പിരിവിൽ ഗുരുതരമായ വീഴ്ച സംഭവിക്കുന്നത് വിഭവസമാഹരണത്തേ കാര്യമായി ബാധിക്കുന്നു.

ഉദാഹരണമായി 1995-96 വർഷത്തെ ലൈസൻസ് ഫീസ് പട്ടിക രണ്ടിൽ കൊടുത്തിരിക്കുന്നു.

കെട്ടിട നികുതി

ഇപ്പോൾ കെട്ടിട നികുതി ചുമത്തുന്നത് തറയുടെ വിസ്തീർണ്ണമോ നിർമ്മാണ ചെലവോ അടിസ്ഥാനമാക്കിയാണ്. ഇതിൽ നിർമ്മാണ ചെലവ് കണക്കാക്കിയാണ് പ്രധാനമായും കെട്ടിട നികുതി ചുമത്തുന്നത്. കെട്ടിട നികുതിയോടനുബന്ധിച്ച്, വിതരണനികുതിയും, ലൈബ്രറി നികുതിയുംപിരിച്ചെടുക്കുന്നുണ്ട്. ലൈബ്രറി നികുതി ഗ്രന്ഥശാലാ സംഘത്തിന് ഒടുക്കേണ്ടതുമാണ്. പഞ്ചായത്തിനും ജനങ്ങൾക്കും ഗുണകരമായി വിധത്തിൽ കെട്ടിട നികുതി അസസ്സ്മെൻറ് സമ്പ്രദായം പ്രയോജനപ്പെടുത്തേണ്ടതാണ്.

തൊഴിൽ നികുതി

റാന്നി താലൂക്കിന്റെ ആസ്ഥാനമാണ് റാന്നി പഞ്ചായത്ത്. ഒട്ടു മിക്കവാറും സർക്കാർ സ്ഥാപനങ്ങൾ റാന്നി പഞ്ചായത്തിലാണ്. സ്ഥാപനങ്ങളിലെയും ആഫീസുകളിലെയും ബാങ്കുകളിലെയും ജീവനക്കാരുടെ ശമ്പളം കണക്കാക്കി സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിലുള്ള തൊഴിൽ നികുതി ചുമത്തുന്നു. കൂടാതെ ബിസിനസ്സ് സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ ഈടാക്കുന്നു.

കുടിശ്ശിക കൂടാതെ കൃത്യമായും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനുള്ള സംവിധാനം പുനഃപരിശോധിക്കേണ്ടതാണ്.

വിനോദ നികുതി

റാന്നി പഞ്ചായത്തിൽ ഒരു സിനിമാ തീയേറ്റർ മാത്രമാണുള്ളത് അതിൽ നിന്നും പ്രതിവർഷം

10346 വിനോദ നികുതിയായി ലഭിച്ചുകൊണ്ടിരുന്നു.

ഷോപ്പിംഗ് കോംപ്ലക്സ്

റാന്നി പഞ്ചായത്തിൽ സംസ്ഥാന ഗ്രാമവികസന ബോർഡിന്റെ ധന സഹായത്തോടു കൂടി നിർമ്മിച്ച ഒരു കോംപ്ലക്സ് നിലവിലുണ്ട്. ഷോപ്പിംഗ് കോപ്ലക്സിൽ നിന്നും പ്രതിവർഷം 140364 രൂപാ ആദായമായി ലഭിക്കുമ്പോൾ 649904 രൂപ റൂറൽ ഡവലപ്പ്മെന്റ് ബോർഡിൽ അടയ്ക്കേണ്ടതായി വരുന്നു. പ്രതിവർഷം 509540 രൂപ അധിക ബാദ്ധ്യത പഞ്ചായത്തിന് ഇതു മൂലം ഉണ്ടാകുന്നു.

മറ്റ്ധനാഗമ മാർഗ്ഗങ്ങൾ/നിർദ്ദേശങ്ങൾ

1 വരുമാനത്തിന്റെ ഒരു ചെറിയ അംശം മാത്രമേ നികുതിയായി ചുമത്താവൂ. അങ്ങനെയാവുമ്പോൾ നികുതിദായകന് അത് ആശ്വാസമാകും.

2 വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി ഈടാക്കണം.

3 ബജറ്റ് ഗ്രാമം ഉണ്ടാക്കണം.

4 നികുതി പിരിക്കാൻ പ്രതിനിധികളും വാർഡ് വികസന സമിതിയും തയ്യാറാവണം.

5 കണക്കുകൾ കൃത്യമായി സൂക്ഷിക്കാനും അത് ജനങ്ങളെ ബോദ്ധ്യപ്പെടുത്താനും പഞ്ചായത്തിൽ സംവിധാനം ഉണ്ടാണം.

6 കെട്ടിട നികുതി നിശ്ചയിക്കാൻ ജനകീയ അസ്സസ്സ് കമ്മറ്റി നിലവിൽ വരണം.

7 ഓരോ വാർഡിലും നികുതി പിരിക്കുന്ന സ്ഥലവും സമയവും മുൻകൂട്ടി അറിയിക്കുക.

8 പഞ്ചായത്ത് വക പുറംപോക്ക് അളന്ന് തിട്ടപ്പെടുത്തി പാട്ട വ്യവസ്ഥയിൽ നൽകണം.

9 മണൽ തൊഴിലാളി സഹകരണസംഘങ്ങൾ ഉണ്ടാക്കി മണൽ വാരുന്നതിന്റെ കുത്തക അവകാശം അവരെ ഏല്പിച്ചാൽ പഞ്ചായത്തിന്റെ വരുമാനം കൂട്ടാം.

10. 5000 രൂപാ ചിലവഴിച്ചു കൊണ്ടുള്ള മെയിൻറൻസ് വർക്കുകൾ ഒരു പാഴ്ചിലവായതിനാൽ അത് നിർത്തലാക്കുക.

11 പഞ്ചായത്തിലെ മണ്ണുറോഡുകൾ സംരക്ഷിക്കേണ്ടതിന്റെ ചുമതല വാർഡു വികസന സമിതിയെ ഏല്പിക്കുക.

12 ഉതിമൂട് ,മന്ദിരം, പുതുശ്ശേരിമല എന്നിവിടങ്ങളിൽ മൽസ്യ മാർക്കറ്റും ഗ്രാമചന്തയും ഉണ്ടാക്കാൻ സാദ്ധ്യതയുണ്ട്. ഇതുവഴി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം.

13 കച്ചവട ലൈസൻസ് ഫീസ് പിരിച്ചെടുക്കുന്നതിൽ കൃത്യമായ നടപടികൾ ഉണ്ടാവുന്നില്ല. ശരാശരി 30% കടകളിൽ നിന്നും മാത്രമാണ് ഫീസ് ലഭിക്കുന്നത്. ഇതിനാൽ വാർഡുതോറും കച്ചവടക്കാരുടെ പട്ടിക തയ്യാറാക്കി ഫീസ് പിരിച്ചെടുക്കണം.

14. ദേശീയ സമ്പാദ്യ പദ്ധതിയിലെ ഇന്ദിരാ വികാസ് പദ്ധതിയുടെ 25% വരെ അതാതു പഞ്ചായത്തിനു നൽകാൻ ഇപ്പോൾ തന്നെ വ്യവസ്ഥയുണ്ട്. ആയതിനാൽ കൂടുതൽ മഹിളാപ്രധാൻ ഏജൻറുമാരെ നിയമിച്ച് പരമാവധി സമ്പാദ്യ നിക്ഷേപം വർദ്ധിപ്പിക്കാൻ ശ്രമിച്ചാൽ അതും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ ഇടയാക്കാം.

15 നമ്മുടെ പഞ്ചായത്തിൽ രണ്ട് സഹകരണ ബാങ്കുകളും ദേശസാൽകൃത ബാങ്കുകളുടെ 6 ശാഖയുമുണ്ട്. നമ്മുടെ പഞ്ചായത്തിൽ നിന്നും സ്വരൂപിക്കുന്ന നിക്ഷേപങ്ങളുടെ 80% പഞ്ചായത്തിൽ തന്നെ വിനിയോഗിക്കണമെന്ന് വ്യവസ്ഥയുണ്ട്. പഞ്ചായത്തുകൾക്കും വായ്പ എടുക്കുവാനുള്ള സാദ്ധ്യത പുതിയ പഞ്ചായത്ത് രാജ് ആക്ടിലുണ്ട്. അതനുസരിച്ച് പ്രത്യുൽപാദന പരമായ പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിന് പണം വായ്പയായി ബാങ്കുകളിൽ നിന്നും സ്വീകരിക്കാം. ഗ്രാമസഭകളോ പഞ്ചായത്തോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കാൻ ബാങ്കുകൾ ബാദ്ധ്യസ്ഥരാകുന്ന നിയമ നിർമ്മാണം നടത്തേണ്ടിയിരിക്കുന്നു.

16 ഭൂനികുതി പിരിക്കുന്നതിനുള്ള അവകാശം പഞ്ചായത്തിന് നൽകണം.

17 ടാക്സികൾക്കും, ഓട്ടോറിക്ഷകൾക്കും പാർ

ക്കിംഗ് ഏറിയ നിശ്ചയിച്ചു നൽകി അവരിൽ നിന്നും ഫീസ് ഈടാക്കാവുന്നതാണ്.

18 നമ്മുടെ പഞ്ചായത്തിലെ ഗ്രാമസഭാ റിപ്പോർട്ടുകളിലെല്ലാം തന്നെ മനുഷ്യ വിഭവത്തിന്റെ സംഭാവന പ്രഖ്യാപിച്ചിട്ടുണ്ട്. ജാതിമത ചിന്തകൾക്കതീതമായി മനുഷ്യാദ്ധ്വാനം വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുവാൻ കഴിയും.

19 ഓരോ വാർഡിലേയും സന്നദ്ധ പ്രവർത്തനങ്ങളുടെ ഏകീകരണത്തിനു നേതൃത്വം നൽകാൻ സമിതികൾ രൂപീകരിക്കണം. ഇങ്ങനെ രൂപീകൃതമാവുന്ന സമിതികളുടെ നേതൃത്വത്തിൽ പഞ്ചായത്തിന്റെ എല്ലാവിധ പ്രവർത്തനങ്ങൾക്കും സന്നദ്ധ സേവനം ഉറപ്പാക്കാൻ കഴിയും. റോഡ് നന്നാക്കുന്നതിനും റോഡുകൾ സംരക്ഷിക്കുന്നതിനും തോടുകൾ വെട്ടുന്നതിനും, കുളം കുഴിക്കുന്നതിനും, പരിസര മാലിന്യം ഇല്ലാതാക്കുന്നതിനും എല്ലാം ഇത്തരം സന്നദ്ധ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തി വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിയും.

20 പഞ്ചായത്തു തലത്തിൽ സന്നദ്ധസംഘടനകൾ രൂപീകരിച്ച് വികസന പ്രവർത്തനങ്ങളുടെ നേതൃത്വം അവരെ ഏൽപ്പിക്കാവുന്നതാണ്. അങ്ങനെ വന്നാൽ ഇടനിലക്കാരായ കോൺട്രാക്ടർമാരുടെ ചൂഷണം ഒഴിവാക്കാം.

പട്ടിക 4


പഞ്ചായത്തിലെ ചിലവുകൾ

ഇനം	തുക
ഭരണം	385,303.80
പൊതുമരാമത്ത്	580,689.75
വിദ്യാഭ്യാസം	8,200.00
ഓടകൾ, പൊതുജനാരോഗ്യം	14345.05
തെരുവിളക്കുകൾ കത്തിക്കുന്നത്	90,749.35
മറ്റുള്ളവ	1729843.95
ആകെ.	2809131.80

പട്ടിക - 3. ഗൾഫ് ജോലിക്കാർ - വാർഡ് തിരിച്ച കണക്ക്

വാർഡ്	1	2	3	4	5	6	7	8
എണ്ണം	25	200	30	75	70	60	15	10

അവലംബം - ഗ്രാമസഭാ റിപ്പോർട്ടുകൾ.



പഠന പര്യടനം

പഠനപര്യടന സംഘം പഞ്ചായത്തിലെ ഒന്നാം വാർഡിലുള്ള മുണ്ടപ്പുഴയിൽ നിന്നും യാത്രതിരിച്ച് 2,4,3,5,7,8 വാർഡുകളിലൂടെ സഞ്ചരിച്ച് 6-ാം വാർഡിൽ പര്യവസാനിച്ചു. ജനപ്രകൃതി, ജലപ്രകൃതി എന്നിവയെക്കുറിച്ച് വിശദമായി പഠിച്ചു.

ലില്ലിക്കുട്ടി ശാമുവേൽ, മറിയാമ്മ ജോസഫ്, ജോയി പാണ്ടിപ്പുറം, കെ.എസ്. സജുകുമാർ, എ.വി. ജോൺ, ആനന്ദൻ പൊടിയൻ, മോഹനൻപിള്ള, ജോതിഷ് ജേക്കബ്, സി.കെ. നാണു, റ്റി.പി ജോസഫ്, മുത്തുബീവി മരുതുവേലിക്കുഴിയിൽ, മറിയാമ്മ ജോസഫ് തോപ്പിൽ, കമലമ്മ ഉതിമൂട്, കെ.എസ് രാഘവൻ, വി.എൻ. രാമചന്ദ്രൻ, വിശ്വനാഥ പണിക്കർ എന്നിവർ പങ്കെടുത്തു,

വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

രാമകൃഷ്ണൻ കേളൻമുറിയിൽ
പി.സി. ഏബ്രഹാം
ഉതുപ്പാൻ ചേന്തിയിൽ
സണ്ണി കുന്നിരിക്കൽ
രാഘവൻനായർ ആലപ്പാട്ട്
മാത്യൂസ് മാതാംപറമ്പിൽ
ശ്യാമള ആർ നായർ
ദാമോദരൻ പി.സി.
ജോജി നെല്ലുവേലിൽ
പാപ്പൻ മേപ്രത്ത്
ബോബി മോടിയിൽ
സുമാർകുട്ടി വലിയകാലായിൽ
ഷാജി ഏബ്രഹാം പുതുപ്പറമ്പിൽ
പി.ജി. തോമസ്
ലില്ലിക്കുട്ടി ഏലിയാസ്
കെ. രാഘവ പണിക്കർ
ചന്ദ്രമതിയമ്മ വി.കെ
സി.കെ. വാസു
സാബുക്കുട്ടി ജോയി
പി.എസ്. ജോൺ
എം.റ്റി. തോമസ്
ഇ.കെ. വെളുത്തകുഞ്ഞ്
കെ.എ. യോഹന്നാൻ
എം. ബാലൻ

എം.എ വർഗ്ഗീസ്
തോമസ് കഞ്ഞിക്കുഴി
ഷേർളി സജീവ്
അമ്മാൾ ചെറിയാൻ
സജിമോൻ വി.എൻ.
സുഭദ്രാമ്മ രാഘവൻ
ഫിലിപ്പ് പി.
ഏബ്രഹാം ജോയി
എം.എ. മാത്യു
പി.ആർ. രാമകൃഷ്ണൻ നായർ
കെ.എസ്. ഗംഗാധരൻ
പി.കെ. പരീത്
സി.റ്റി. വർഗ്ഗീസ്
മഞ്ജു ഇസ്മായേൽ
വിശ്വനാഥൻ നായർ വാളിപ്ലാക്കൽ
എൻ.കെ. വിശ്വനാഥ പണിക്കർ
സി.എസ്. ജോസഫ്
സി.എസ്. മുഹമ്മദ് മുസ്തഫ
വി.റ്റി. തോമസ്
കെ.സി. ഉമ്മച്ചൻ
ബൈജു പാലയ്ക്കൽ
എം.പി. രവീന്ദ്രൻ
കെ.കെ. നാരായണൻ
അനിൽ കുമാർ എൽ.റ്റി.

പി.കെ. തമ്പിക്കുട്ടി
കെ.കെ. രാമകൃഷ്ണപിള്ള
പി.കെ. ശ്രീധരൻ നായർ
ബാലകൃഷ്ണൻ നായർ
പി. എൻ. ശിവരാമൻ നായർ
കെ.പി. സുകുമാരൻ നായർ
ഏലിയാമ്മ കൈപ്പള്ളി
രാമകൃഷ്ണൻ നായർ പുതുശ്ശേരിൽ
രാജു സി.എൻ
എൽ.കെ. ദിവാകരൻ
വിശ്വനാഥ പണിക്കർ
സി.റ്റി. ജേക്കബ്
പി. ബോസ്
കെ.ആർ. തങ്കപ്പൻ
സി.റ്റി. കുര്യൻ
റെജി പൊയ്കമണ്
ഗോപാലകൃഷ്ണ കുറുപ്പ്
സുധാകരൻ പി.കെ
എം.പി. ഗോപാലൻ നായർ
എ.പി. തോമസ്
കെ.കെ. മധു
കെ.പി. തോമസ്
അന്നമ്മ കോവൂർ
ജയശ്രീ പി.കെ.
കനകമ്മ മുട്ടുമണ്ണിൽ
സി.എൻ. രാജൻ
റ്റി.റ്റി. ബേബി
ജയ ഫിറോ നിവാസ്
ജയപ്രകാശ് എം.എ
അജുരാജ് കെ.എൻ.
കെ.എസ് രാഘവൻ
പി.കെ. കരുണാകരൻ
റ്റി.റ്റി. ജോസഫ്
എ.എസ്. പവിത്രൻ
രാജൻ നാരായണൻ
കെ.സി. ഷംസുദീൻ
പി.വി. വിജയൻ
സത്യനാഥൻ
കുഞ്ഞുരാമൻ
അബ്ദുൾ റഹ്മാൻ കെ.എം
വി.കെ. സുകുമാരൻ നായർ
സി.എൻ. ഗോപിനാഥൻ നായർ
സി.കെ. യോഗിദാസ്
പി.ഡി. പ്രസന്ന
എം.ജി. ഭാസ്കരൻ നായർ
പി.ആർ. രാമചന്ദ്രൻ
തങ്കമ്മ പുതുശ്ശേരിൽ
ശോശാമ്മ തോമസ്
വി.കെ. അനിൽ കുമാർ
ഗോപാലകൃഷ്ണൻ നായർ വിലങ്ങിൽ
അപ്പുകുട്ടൻ

എം.കെ. കുര്യൻ മറ്റപ്പള്ളിൽ
റോയി ജേക്കബ് കുന്നിരിക്കൽ
കെ.റ്റി. സ്റ്റീഫൻ
സി. ഉപേന്ദ്രൻ
പി.സി. ഗോപാലകൃഷ്ണൻ നായർ
ഷൈജു എം. കൃഷ്ണൻ
എൻ.ആർ. ശ്രീധരൻ
തോമസ് പി. ഉമ്മൻ
സുരേന്ദ്രൻ എൻ.എസ്
എ.കെ. മാത്തുക്കുട്ടി
വി.കെ. രാഘവൻ
തോമസ് പി. മാത്യു
റോയി തോപ്പിൽ
എം.കെ. അച്ചൻകുഞ്ഞ്
സി.കെ. സരസമ്മ
റ്റി.ആർ. ആനന്ദൻ
ജോൺസൺ തോമസ് മേലേതോപ്പിൽ
കമലാസനൻ ഡി.
വി.ജെ. മാത്യു
കെ.സി. മാമ്മൻ
യോഹന്നാൻ തോമസ്
ജയകുമാർ വി.വി.
ആരോമൽ പുതുശ്ശേരിമല.
പ്രൊഫ. കെ.സി. കുറിയാക്കോസ്
റവ.സി. ജോസഫ് പുത്തൻപുരക്കൽ
പി.ആർ. പ്രസാദ്
എം.പി. രാജശേഖരൻ
കെ.കെ. ഗോപാലൻ കുന്നുംപുറത്ത്
എൻ.സി. ജയമോൾ നെടുന്താനത്ത്
വി.കെ. സുരേഷ് വാളിക്കൽ
അഡ്വ. എം.പി. ബാലകൃഷ്ണപിള്ള
എ.ഓ. ചാക്കോ ഇടശ്ശേരിൽ
കെ.പി. ഫിലിപ്പോസ്
വി.കെ. സുരേഷ് കുമാർ വടക്കേതിൽ
തോമസ് മാമ്മൻ പുത്തൻപുരക്കൽ
റ്റി. കുര്യൻ ഇടശ്ശേരിൽ
രാഘവൻ നായർ പുളിക്കൽ
എം.എൻ. ഗോപാലകൃഷ്ണ പണിക്കർ മല്ലപ്പള്ളിൽ
കൃഷ്ണൻ നായർ പഴയിൽ
ഏബ്രഹാം പഴയാറ്റ്
സി.ജി. വേണു ചരിവുകാലായിൽ
ഗംഗാധരൻ നായർ പഴയിൽ
റ്റി.എൻ. ശിവൻകുട്ടി
ഏബ്രഹാം മേലാട്ട്
ഉഷാകുമാരി മുഴച്ചിക്കൽ
റ്റി.എൻ. രാജൻ തൊട്ടലിൽ
സാബു ജയിംസ് കുന്നിരിക്കൽ
ഹരിഹരൻ കിണറ്റിനാൽ
തോമസ്കുട്ടി വെട്ടിമൂട്ടിൽ
ശ്രീധരൻ നായർ അമ്പായിക്കൽ
മുരളീധരൻ പിള്ള ഏവൂർ
പ്രദീപ് കുളങ്ങര

എഡിറ്റോറിയൽ



വികലവും ഫലരഹിതവുമായ ബ്യൂറോക്രസിയുടെ സൃഷ്ടിയായിരുന്ന, സാമ്പത്തിക ആസൂത്രണത്തെ കടിഞ്ഞാണിട്ടു നിർത്തികൊണ്ട് ജനങ്ങൾ അവരുടെ ആവശ്യങ്ങളെ പദ്ധതികളാക്കി മാറ്റുന്ന ഒരു പുതുപുത്തൻ സാമ്പത്തിക ക്രമം ജനകീയ ആസൂത്രണ പരിപാടിയോടുകൂടി നടപ്പിലാക്കുകയാണ്. അധികാര വികേന്ദ്രീകരണത്തിന്റെ ഈ ചരിത്ര മുഹൂർത്തത്തെ ജനങ്ങൾ ഹർഷാരവത്തോടെ സ്വാഗതം ചെയ്യുന്ന കാഴ്ച ആഹ്ലാദ ജനകമാണ്.


ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം, സാക്ഷരതാ പ്രവർത്തനം എന്നിവയ്ക്ക് മാതൃകയായ നമ്മുടെ കൊച്ചു സംസ്ഥാനം ഈ നവീന സാമ്പത്തിക ആസൂത്രണത്തിന് ചൂണ്ടു പലകയായി മാറാൻ പോകുന്നു. വികസന രംഗത്തെ ഇടനിലക്കാരെ മുഴുവൻ മാറ്റി നിറുത്തിക്കൊണ്ട് ജന പങ്കാളിത്തത്തോടുകൂടി സർക്കാർ വിഹിതത്തിന്റെ ഇരട്ടി പണികൾ ചെയ്യുവാൻ നമുക്ക് കഴിയും എന്ന് ഇതിനോടകം എല്ല പഞ്ചായത്തുകളും തെളിയിച്ചു കഴിഞ്ഞു. പരിമിതമായ വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുക എന്നതാണ് ഈ പരിപാടിയുടെ ശ്രദ്ധേയമായ സവിശേഷത. വിഭവ സമാഹരണത്തിന് പുതിയൊരു ആശയം തന്നെ രൂപപ്പെട്ടിരിക്കുന്നു.

രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങൾക്ക് തത്കാലം അവധി പ്രഖ്യാപിച്ചുകൊണ്ട് എല്ലാ വിഭാഗം ആളുകളും തങ്ങളുടെ ഗ്രാമത്തിന്റെ വികസന പ്രക്രിയയിൽ മുമ്പെങ്ങും കാണാത്ത തരത്തിലുള്ള ഐക്യത്തോടും വാശിയോടും കൂടി പ്രവർത്തിക്കുന്നു. ഇത് പുതിയൊരു വികസന സംസ്കാരത്തിനു തന്നെ വഴിമരുന്നിടും എന്നു വിശ്വസിക്കാം. ഗ്രാമങ്ങളുടെ നൊമ്പരങ്ങളും, വീർപ്പുട്ടലുകളും അനുഭവിച്ചറിഞ്ഞിട്ടില്ലാത്ത, വായിച്ചു മാത്രം മനസ്സിലാക്കിയിട്ടുള്ള വെള്ളക്കോളർ ഉദ്യോഗസ്ഥൻമാർ ആടിച്ചേൽപ്പിക്കുന്ന പദ്ധതികളെ, തൊണ്ട പൊട്ടിയാലും വിഴുങ്ങുകയല്ലാതെ ജനങ്ങൾക്ക് മറ്റു മാർഗ്ഗങ്ങൾ ഇല്ലായിരുന്നു.

എന്നാൽ ഇനിയും തങ്ങളുടെ ഭൂപ്രദേശത്തിന്റെയും, ജനപ്രകൃതിയുടേയും സ്വഭാവത്തിനുതകുന്ന പദ്ധതികൾക്ക് രൂപം നൽകാൻ ജനങ്ങൾക്ക് അവസരം നൽകപ്പെട്ടിരിക്കുന്നു. അങ്ങനെ നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിജിയുടെ ഗ്രാമസ്വരാജ് സ്വപ്നവും 'Of the people by people for the people' എന്ന ജനാധിപത്യത്തിന്റെ അടിസ്ഥാന ആശയവും 9-ാം ജനകീയ പദ്ധതിയിലൂടെ കേരളത്തിൽ സാക്ഷാത്കരിക്കപ്പെടുന്നു. ഇതൊരു വൻ വിജയമായി ഭവിക്കട്ടെ.


10-1-96

തമ്പി എം.എസ്
എഡിറ്റർ



പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങൾ സൂചിപ്പിക്കുന്ന ഗ്രാഫ്

(ഭൂപ്രകൃതി - അനുബന്ധം)



1. റാന്നി
2. ആനപ്പാറമല
3. പാലച്ചുവട്
4. ചേർത്തലമുരുപ്പ്
5. നാരകത്തോലിമല
6. ഉതിമൂട്

ഉപസംഹാരം


ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി അഞ്ച് സെപ്തംബർ 30-ാം തീയതി 11 മണിക്ക് റാന്നി ഗ്രാമപഞ്ചായത്ത് കമ്മറ്റി അധികാരമേറ്റു. കഴിഞ്ഞ 14 മാസത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ അഭൂതപൂർവ്വമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു എന്നവകാശപ്പെടാൻ കഴിയില്ലെങ്കിലും പരിമിതമായ പരിധിക്കുള്ളിൽ നിന്നുകൊണ്ട് വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ പഞ്ചായത്തു കമ്മറ്റികൾക്ക് കഴിഞ്ഞിട്ടുണ്ട്. കക്ഷി രാഷ്ട്രീയ ഭേദമെന്യേ പഞ്ചായത്തു മെമ്പർമാർ വികസന കാര്യത്തിൽ സജീവമായി ഒത്തൊരുമയോടെ പ്രവർത്തിക്കുന്നു.

മലയോര പ്രദേശങ്ങളും കനത്ത കുടിവെള്ളക്ഷാമവും ഗതാഗത അസൗകര്യവും മൂലം വികസനം വഴിമുട്ടി നിൽക്കുന്ന റാന്നി ഗ്രാമ പഞ്ചായത്ത് ജനകീയ ആസൂത്രണ പരിപാടിയെ വമ്പിച്ച ഹർഷാരവത്തോടെ എതിരേറ്റത് ഗ്രാമ പഞ്ചായത്തിലുള്ള മുഴുവൻ രാഷ്ട്രീയ കക്ഷി നേതാക്കളും സാമൂഹ്യ പ്രവർത്തകരും ഇതര സംഘടനകളും ഈ പരിപാടിയുടെ വിജയത്തിനായി അഹോരാത്രം ആത്മാർത്ഥമായി പണിയെടുത്തുകൊണ്ടിരിക്കുന്നു.

റാന്നിയുടെ സാമ്പത്തിക സാമൂഹിക പുരോഗതിയെ 34 വർഷം പുറകോട്ടടിച്ച റാന്നി പാലത്തിന്റെ തകർച്ചയെ അതിദ്രുതം അതിജീവിച്ചുകൊണ്ട് 76-ാം ദിവസം താല്ക്കാലിക പാലം ഉയർത്തിയ വികസന പ്രക്രിയ 9-ാം പദ്ധതിയുടെ ചവിട്ടുപടിയായി ഞാൻ കണക്കാക്കുന്നു. വികസന പ്രക്രിയക്ക് എല്ലാ തരത്തിലും മകുടോദാഹരണമായി മാറിയ ഈ പാലം പണിക്ക് നേതൃത്വം നല്കിയ ഇൻഡ്യൻ കരസേനയേയും അതിനാവശ്യമായ അനുമതികൾ നല്കിയ കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളെയും റാന്നി എം.എൽ.എ. ശ്രീ രാജു. ഏബ്രഹാമിനേയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു.

ജനകീയ ആസൂത്രണ പരിപാടിക്ക് തുടക്കം കുറിച്ചുകൊണ്ട് റാന്നി പഞ്ചായത്തിലെ എട്ടു വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേർന്നു. ഗ്രാമസഭകളിൽ ശരാശരി 200 ആളുകൾ പങ്കെടുക്കുകയും സജീവ ചർച്ച നടത്തുകയും ചെയ്തു. വിലപ്പെട്ട നിരവധി നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

പി.ജെ.റ്റി. ഹാളിൽ നടന്ന ഒന്നും രണ്ടുംഘട്ട ജില്ലാതല പരിശീലനങ്ങളിലും പഞ്ചായത്ത് കമ്മ്യൂണിറ്റിഹാളിൽ നടന്ന മൂന്നാംഘട്ട ജില്ലാതല പരിശീലനത്തിലും ഈ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് പങ്കെടുത്ത പഞ്ചായത്തുതല കൺവീനർ. ശ്രീ. പി. ശിവരാമപിള്ള സർവ്വ ശ്രീ. കെ.എസ്. സജുകുമാർ, ഒ.സി. വർഗീസ്, എ.പി.ജോൺ, വി.എച്ച്.കബീർ എന്നി



കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾ പൂർണ്ണമായും വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. എങ്കിലും ഭാവി പരിപാടികൾ വളരെയധികം പ്രതീക്ഷ നൽകുന്നു. തീരുമാനം എടുക്കാനും നടപ്പാക്കുന്നതിൽ പങ്കുവഹിക്കാനും സാധാരണക്കാരന് അവസരം നൽകുന്ന ഈ ജനകീയ ആസൂത്രണ പരിപാടി വൻ വിജയമായി ഭവിക്കട്ടെ. എന്നാശംസിച്ചുകൊള്ളുന്നു.



വരുടെ പ്രവർത്തനങ്ങൾക്ക് ഈയവസരത്തിൽ നന്ദി പ്രകാശിപ്പിക്കുന്നു.

നമ്മുടെ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് സംസ്ഥാനതലക്യാമ്പിൽ ശ്രീ. വി.എൻ. രാമചന്ദ്രൻ പങ്കെടുത്ത കാര്യവും അദ്ദേഹത്തിന്റെയും പ്രൊഫ. വർഗീസ് പടിയറയുടെയും നേതൃത്വത്തെയും, വിലപ്പെട്ടനിർദ്ദേശങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു. ജനകീയ ആസൂത്രണ പരിപാടികളിൽ അത്യന്തം സഹകരിച്ച് ക്ലാസ്സുകൾ നടത്തിയും ഉപദേശങ്ങൾ നല്കിയും സഹായിച്ച സ്റ്റേറ്റ് കീ റിസോഴ്സ് പേഴ്സൺ ശ്രീ. പി.കെ. സോമൻപിള്ളയുടെ സേവനം പ്രത്യേകം സ്മരിക്കേണ്ടതാണ്. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനു സഹകരിച്ച സർവ്വ ശ്രീ. പ്രൊഫ.ഏബ്രഹാം വയലാ, പ്രൊഫ. പി.പി. രാജശേഖരൻപിള്ള, പ്രൊഫ. വി.ആർ. വിശ്വനാഥൻ നായർ, സി.കെ. നാണു, റ്റി.പി. ജോസഫ്, പി.റ്റി. ജോസഫ് എന്നിവരോടും ചരിത്രാഖ്യാനം നടത്തിയ വി.കെ. രാജഗോപലനോടും നന്ദി പ്രകാശിപ്പിക്കുന്നു. ഉദ്യോഗസ്ഥന്മാർ വിദഗ്ദ്ധന്മാർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പഠന പര്യടന സംഘം ഈ പഞ്ചായത്തിൽ നടന്ന് വിഭവ ഭൂപട സർവ്വേ നടത്തുകയും ജനപ്രകൃതി, ജലപ്രകൃതി, ഭൂപ്രകൃതി എന്നിവയെപറ്റി വിശദമായ പഠനം നടത്തുകയും ചെയ്തു.

പഞ്ചായത്തു തലത്തിൽ 1996 നവംബർ 1-ാം തീയതി കാർഷിക വികസന സമിതി നിലവിൽ വന്നു. കാർഷിക തീവ്യ വികസന മാസമാചരിച്ചു.

ജപ്പാനീസ് പനിയുടെ ഭീഷണിയെ നേരിടുന്നതിനു വേണ്ടി പഞ്ചായത്തു കമ്മറ്റിയുടെയും, റാന്നി ഗവ. ഹോമിയോ ആശുപത്രി, പി.എച്ച്.സി. ജീവനക്കാരുടേയും, പൊതുപ്രവർത്തകരുടേയും സംയുക്ത സഹകരണത്തോടുകൂടി ഓടകൾ വൃത്തിയാക്കൽ പ്രതിരോധ മരുന്നു നൽകൽ, ബോധവൽക്കരണ ക്യാമ്പുകൾ, പരസ്യങ്ങൾ എന്നിവ നടത്തുകയുമുണ്ടായി. ഗാന്ധിജയന്തി ദിനത്തിൽ ആരംഭിച്ച പ്രവർത്തനങ്ങൾ ഒരാഴ്ചയോളം നീണ്ടു നിന്നു.

നേത്ര ചികിത്സാ ക്യാമ്പുകൾ വിവിധ ഏജൻസികൾ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ നടത്തി ജില്ലാ അന്ധതാ നിവാരണ സമിതി സൗജന്യ നിരക്കിൽ മരുന്ന്, കണ്ണട എന്നിവ നല്കുകയും ആവശ്യം വേണ്ടവർക്ക് ഓപ്പറേഷൻ നടത്തുകയും ചെയ്തു. ഈ രംഗത്ത് ലയൺസ് ക്ലബ്ബിന്റെ വിലപ്പെട്ട സേവനങ്ങളും ഉണ്ടായിട്ടുണ്ട്.

കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾ പൂർണ്ണമായും വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. എങ്കിലും ഭാവി പരിപാടികൾ വളരെയധികം പ്രതീക്ഷ നൽകുന്നു. തീരുമാനം എടുക്കാനും നടപ്പാക്കുന്നതിൽ പങ്കുവഹിക്കാനും സാധാരണക്കാരന് അവസരം നൽകുന്ന ഈ ജനകീയ ആസൂത്രണ പരിപാടി വൻ വിജയമായി ഭവിക്കട്ടെ എന്നാശംസിച്ചുകൊണ്ട് സഹകരിച്ച എല്ലാവരോടും ഒരിക്കൽ കൂടി നന്ദി പ്രാകാശിപ്പിച്ചുകൊണ്ട് നിർത്തട്ടെ.

സസ്നേഹം,

ലില്ലിക്കുട്ടി ശാമുവേൽ

പ്രസിഡൻറ്, റാന്നി ഗ്രാമപഞ്ചായത്ത്